# അറിവോരം



ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY

Vol. I | Issue 2 | Bimonthly | April 2021 | Thiruvananthapuram | Page 20 | Price ₹10



» 02 സാർത്ഥകമായ പതിനാലാം കേരള നിയമസഭ

» 08 നിയമസഭ : ജനാധിപത്യത്തിന്റെ കലാശാല

» 10 'സെൻട്രൽ ഹാളിൽ' അതിഥിയായി സ്പീക്കർ


സ്പീക്കറുടെ പേജ്



## 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ...'

**പി. ശ്രീരാമകൃഷ്ണൻ**, നിയമസഭാ സ്പീക്കർ

***'സ്വാതന്ത്ര്യത്തിനു കാവലിരിപ്പൂ കവിത!***
***പെരുവയലാൽ അടിമത്തം കാണാ-***
***ക്കണ്ണികൾ നീർത്തിവിരിക്കും***
***പകലറുതിക്കിതു രക്ഷാകവചം***
***പാരിനിതല്ലോ വേദം!'***

-- വിഷ്ണുനാരായണൻ നമ്പൂതിരി

മേലുദ്ധരിച്ച വരികൾ തന്നെ പലതും പറയുന്നുണ്ടാകും. കേരളത്തിലെ ഒരു കാലഘട്ടത്തെ അടയാളപ്പെടുത്തിയ കവിയാണ് വിഷ്ണുനാരായണൻ നമ്പൂതിരി. അദ്ദേഹത്തിന് മുന്നേ അക്കിത്തം അച്യുതൻ നമ്പൂതിരിയും സുഗതകുമാരിയും നമ്മെ വിട്ട് യാത്രയായി. ധന്യതയാർന്ന് മൂന്ന് പേർ ഒന്നിനു പുറകെ ഒന്നായി വിട പറഞ്ഞു. അവരെ എഴുതാൻ അവരുടെ വരികളോളം എനിക്ക് കെല്പില്ല. അവരുടെ വാക്കുകളിലുണ്ട് അവരുടെ വഴി. പ്ലേറ്റോ, കവികളെ തന്റെ റിപ്പബ്ലിക്കിന് പുറത്താക്കിയപ്പോൾ, കവിത തന്നെ സ്വാതന്ത്ര്യത്തിന് കാവലാക്കിയ ആളാണ് വിഷ്ണുനാരായണൻ നമ്പൂതിരി. സുഗതകുമാരി ടീച്ചറാകട്ടെ, തന്നേക്കാളധികം മറ്റുള്ളവരെക്കുറിച്ച് പാടിക്കൊണ്ടിരുന്നു. പാവം മാനവഹൃദയങ്ങൾക്ക് വേണ്ടി, താനറിയാത്തൊരിടത്തുള്ള സമാനഹൃദയനു വേണ്ടി പാടുന്നതു കൊണ്ട് നിഷ്ഫലമാകാതിരുന്ന ജന്മത്തിൽ നിർവൃതി കൊണ്ടു. അക്കിത്തമാകട്ടെ മറ്റുള്ളവർക്കായി കണ്ണീർക്കണം പൊഴിക്കുമ്പോൾ ആത്മാവിലുദിക്കുന്ന സൗരമണ്ഡലത്തിന്റെ ദീപ്തിയിൽ സ്വയം നിറഞ്ഞു. 'ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായ് ചെലവാക്കവേ ഹൃദയത്തിലുലാവുന്നു നിത്യ നിർമ്മല പൗർണ്ണമി' അദ്ദേഹത്തിന്റെ കവിതകളെ അപാരസ്നേഹം കൊണ്ട് ആർദ്രമാക്കി. 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ' എന്ന ആശാന്റെ വരികൾക്ക് പ്രത്യക്ഷോദാഹരണങ്ങളാണ് മൂവരും. സഭാ ടി.വി.യുടെ സെൻട്രൽ ഹാളിൽ സുഗതകുമാരി ടീച്ചറുടെ അഭിമുഖം ഉൾപ്പെടുത്താനായതിൽ സന്തോഷമുണ്ട്. അതിൽ സുഗതകുമാരി ടീച്ചർ പറയുന്നുണ്ട്, തനിക്ക് ജീവിതത്തിൽ ഏറ്റവും സന്തോഷം നല്കിയ ഒന്ന് സൈലന്റ് വാലിയാണ് എന്ന്. കേരളത്തിൽ അത്ര മേൽ ശക്തമായ പരിസ്ഥിതിസംരക്ഷണസമരം അതിനുമുമ്പുണ്ടായിട്ടില്ല എന്നുതന്നെ പറയാം. വിഷ്ണുനാരായണൻ നമ്പൂതിരി മാഷും സുഗതകുമാരി ടീച്ചറുമടക്കമുള്ള കവികൾ തങ്ങളുടെ കവിതകളുടെ ശക്തി മുഴവൻ പ്രവൃത്തിയിൽ ആവാഹിച്ചവയായിരുന്നു ആ സമരദിനങ്ങൾ.

മൂവരും പാരമ്പര്യത്തിലൂന്നി നിന്നവരാണ്. പലപ്പോഴും പല അഭിപ്രായ പ്രകടനങ്ങളും സുഗതകുമാരി ടീച്ചറെ പോലെയുള്ളവരിൽ നിന്ന് പ്രതീക്ഷിച്ചതായിരുന്നില്ല. അതിൽ വിഷമം തോന്നിയിട്ടുണ്ടെങ്കിൽ പോലും അവരുടെയെല്ലാം എഴുത്തിനേയും പ്രവർത്തനങ്ങളേയും ആദരവോടുകൂടിയല്ലാതെ ഓർക്കാനാവില്ല. വനിതാകമ്മീഷൻ അധ്യക്ഷയായും അഭയയുടെയും അത്താണിയുടെയും അമരക്കാരിയായും സൈലന്റ്‌വാലി സമരം അടക്കമുള്ള സമരങ്ങളുടെ ഊർജ്ജസ്രോതസ്സായുമൊക്കെ വാക്കും വഴിയും ഒന്നാക്കിയ കവയിത്രിയാണ് സുഗതകുമാരി ടീച്ചർ. ഒരു പക്ഷെ, സോഷ്യൽ മീഡിയ ആക്ടിവിസമായും വാചാടോപം നിറഞ്ഞ പ്രസംഗങ്ങളായുമൊതുങ്ങുന്ന പൊതുപ്രവർത്തനത്തിന്റെ ഒരു കാലത്ത്, സുഗതകുമാരി ടീച്ചർ നമുക്ക് മുന്നിലെ വിളക്കുമാടമാണ്- വാക്കിൽ നിന്ന് ജീവിതം വഴിതെറ്റി പോകാതിരിക്കാൻ മലയാളിയെ സഹായിക്കുന്ന വിളക്കുമാടം.

'എന്റെയല്ലെന്റെയല്ലീ കൊമ്പനാനകൾ' എന്ന് പാരമ്പര്യത്തിന്റെ അധികാരഗർവ്വുകളെ നിഷേധിച്ച് ഉള്ളിലെ അഗ്നിയെ വാക്കുകളിൽ പകർന്നുവച്ച കവിയാണ് അക്കിത്തം. ഇ.എം.എസുമായി വളരെ അടുത്ത ബന്ധം പുലർത്തുകയും കമ്മ്യൂണിസ്റ്റാശയങ്ങളെ സ്വീകരിക്കുകയും ചെയ്ത അദ്ദേഹം പക്ഷെ, സായുധവിപ്ലവത്തിന് എതിരായിരുന്നു. തന്റെ ഉള്ളിലെ ഗാന്ധിയൻ, വിപ്ലവവഴികളിൽ തെറ്റിനിന്നു. പക്ഷെ ആത്യന്തികമായി അദ്ദേഹം സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയാണ് നിലകൊണ്ടത്. വേദങ്ങളേയും കവിതയേയും തുല്യമായി കണ്ട് വിഷ്ണുനമ്പൂതിരിയും സാമൂഹികവിഷയങ്ങളിൽ ഗൗരവമായി നിലപാടുകളെടുക്കുകയും സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുകയും ചെയ്ത വ്യക്തിയാണ്. ഇംഗ്ലീഷ് സാഹിത്യത്തിലും ഭാഷയിലും അത്രയും പ്രാവീണ്യമുള്ള ഇംഗ്ലീഷ് അധ്യാപകനായിരുന്നിട്ടും മലയാളഭാഷയോട് അദ്ദേഹം കാണിച്ച സ്നേഹവും മമതയും കണ്ട് പഠിക്കേണ്ടവരാണ് നാം മലയാളികൾ. ഇവർക്കെല്ലാം തന്നെ കവിത, തങ്ങളുടെ സാമൂഹിക ഇടപെടലുകൾക്ക് പൂരകങ്ങളായിരുന്നു. കേവല വാഗ്ധോരണികളിലോ സൗന്ദര്യവർണ്ണനകളിലോ ചുരുങ്ങിപോകാതെ തങ്ങളുടെ നിലപാടുകൾ ഏറ്റവും സത്യസന്ധമായി പ്രഖ്യാപിക്കലായിരുന്നു അവരുടെ കവിതകൾ. പ്രകൃതിക്കും തമസ്കരിക്കപ്പെടുന്ന ജീവിതങ്ങൾക്കും വേണ്ടി വേദനിക്കുകയും എഴുതുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്തവർ. പുതിയ തലമുറയ്ക്ക്, കേവലം പറച്ചിലുകൾ കൊണ്ടല്ല, പ്രവൃത്തി കൊണ്ടാണ് വ്യവസ്ഥയെ വെല്ലുവിളിക്കേണ്ടത് എന്ന് ജീവിതം കൊണ്ട് കാണിച്ചുതന്നവർ. ആദർശങ്ങളും വാക്കും പ്രായോഗികമാക്കുമ്പോൾ മാത്രമാണ് സമൂഹത്തിൽ വിപ്ലവങ്ങൾ സൃഷ്ടിക്കാനാകുക. അട്ടപ്പാടിയിലെ ഒരു മൊട്ടക്കുന്നിനെ സുഗതകുമാരി കൃഷ്ണവനമാക്കിയത് കേവല കാല്പനികത കൊണ്ടായിരുന്നില്ല. സമാനഹൃദയരെ ചേർത്തുപിടിച്ച് നടത്തിയ കഠിന പ്രയത്നം കൊണ്ടുതന്നെയാണ്. വിഷാദം നിറഞ്ഞ കവിതകൾ എഴുതുമ്പോഴും വായനക്കാരിൽ അവ സ്നേഹമായി മാറുന്ന മാസ്മരികത സുഗതകുമാരിക്കവിതകൾക്കുണ്ട്. കാല്പനികതയിൽ നിന്ന് യാഥാർത്ഥ്യത്തെ മെനയുന്ന, പാരമ്പര്യത്തിൽ നിന്ന് പുതുയുഗങ്ങൾ ഉയർപ്പിക്കുന്ന അത്ഭുതമാണ് മൂവരുടേയും കവിതകൾ പകർന്നുതരുന്നത്. അത്, ഏറ്റവും അടിസ്ഥാനപരമായി മൂവരും മാനവിക മൂല്യങ്ങൾക്ക് നല്കിയ പ്രാധാന്യം കൊണ്ടാണ്. മലയാളത്തിന്റെ വാക്കും വഴിയുമായ മൂന്ന് കവികൾ, ഒരു കാലഘട്ടം തീർത്തവർ, കവികളെന്നാൽ ഭൂമിയിലുറച്ച് നിന്ന്, തങ്ങളുടെ കാലത്തോട് വാക്കുകൊണ്ടും പ്രവൃത്തി കൊണ്ടും സംവദിക്കുകയും കലഹിക്കുകയും ചെയ്തവർ, അവർ വരച്ചിട്ട വഴികൾ കൂടുതൽ വിസ്തൃതമാക്കാൻ കവികളും കലാകാരൻമാരും അടക്കമുള്ള പുതുതലമുറയ്ക്കാകണം.

*'ഒപ്പം നടന്ന സുഹൃത്തേ, നമുക്കൊന്നു*
*നിൽക്കുക, ധന്യമുഹൂർത്തമിതോർക്കുക*
*നാം മറക്കാതെയിരിക്കുക, തപ്തമാ*
*യാമങ്ങൾ, തീവ്രയത്നത്തിന്റെ ധന്യത*
*അശ്രുവിൽ മുക്കിനാം കാക്കുക, ദീർഘമാ*
*വർഷങ്ങൾ, കാടിനു കാവലായി നിന്നവ*
*കാട്ടിനു നാവു കൊടുത്തവർ നാം ഒത്തു*
*പാടുക! നാടിൻ തുയിലുണർത്താൻ'-*

അതെ, സുഗതകുമാരി ടീച്ചറെ പോലെ പൊതുസമൂഹത്തിനായി പ്രവർത്തിക്കുന്നതിന്റെ ധന്യതയോടെ, കൂടുതൽ കൂടുതൽ പ്രവർത്തോന്മുഖരാകാനുള്ള ഊർജ്ജം ആ ഓർമ്മകളിൽ നിന്നു തന്നെ കണ്ടെടുക്കുന്നു.

### മൊഴിമുഴക്കം



'ശക്തരായവർക്ക് കിട്ടുന്ന തുല്യ അവസരം ഏറ്റവും ദുർബലർക്കും കിട്ടണം എന്നതാണ് എന്റെ ജനാധിപത്യ സങ്കല്പം. അത് അഹിംസയിലൂടെയേ സാധ്യമാകൂ.'

**മഹാത്മാ ഗാന്ധി**

# സാർത്ഥകമായ
# പതിനാലാം കേരള നിയമസഭ

**കേരള നിയമസഭയുടെ ദേശീയ വിദ്യാർത്ഥി പാർലമെന്റ് മറ്റ് സംസ്ഥാന നിയമസഭകളിലും ആവർത്തിക്കാൻ സഭാദ്ധ്യക്ഷൻമാരുടെ ദേശീയ സമ്മേളനത്തിൽ തീരുമാനമായത് കേരള നിയമസഭയുടെ ജനാധിപത്യ വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും ജനാധിപത്യ പ്രക്രിയയിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്ന രീതികൾക്കുമുള്ള അംഗീകാരം കൂടിയായിരുന്നു.**



നിയമനിർമ്മാണ രംഗത്തും അനുബന്ധ പ്രവർത്തന മേഖലകളിലും മറ്റ് നിയമസഭകൾക്ക് അനുകരണീയ മാതൃകയാണ് കേരളനിയമസഭ. ഒട്ടേറെ പുരോഗമനാത്മകമായ പരീക്ഷണങ്ങൾക്ക് പതിനാലാം കേരള നിയമസഭ വേദിയായി. ജനാധിപത്യം സർവതലസ്പർശിയാകുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ പതിനാലാം കേരള നിയമസഭയുടെ കാലയളവിലുണ്ടായി. മാറുന്ന സാങ്കേതികവിദ്യക്ക് അനുസൃതമായി നിയമനിർമ്മാണ പ്രക്രിയയിലും ദൈനംദിന ഭരണക്രമങ്ങളിലും മാറ്റത്തിന് തുടക്കം കുറിക്കാനും പതിനാലാം കേരള നിയമസഭയ്ക്ക് കഴിഞ്ഞു.

പതിനാലാം കേരള നിയമസഭ, ഇരുപത്തിരണ്ട് സമ്മേളനങ്ങളിലായി 232 ദിനങ്ങളാണ് സമ്മേളിച്ചത്. കേരളപ്പിറവിയുടെ അറുപതാം വാർഷികം, ഒന്നാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ അറുപതാം വാർഷികം, രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 150 ാം ജന്മവാർഷികം എന്നിവയോടനുബന്ധിച്ച് ചേർന്ന മൂന്ന് പ്രത്യേക സമ്മേളനങ്ങൾ ഉൾപ്പെടെയാണിത്. പതിനാലാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 140 അംഗങ്ങളിൽ കെ.എം.മാണി, തോമസ് ചാണ്ടി, കെ.വി.വിജയൻ പിള്ള, പി.ബി.അബ്ദുൾ റസാഖ്, കെ.കെ.രാമചന്ദ്രൻ നായർ, സി.എഫ്.തോമസ്, കെ.വി.വിജയദാസ് എന്നീ ഏഴുപേർ അകാലത്തിൽ വിട്ടുപിരിഞ്ഞു. ഇവരുൾപ്പെടെ എഴുപത്തിനാല് പ്രമുഖ വ്യക്തിത്വങ്ങളുടെ ദേഹവിയോഗത്തിൽ സഭ ദുഃഖം രേഖപ്പെടുത്തുകയും ഉപചാരമർപ്പിക്കുകയും ചെയ്തു. ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനാൽ അഞ്ചുപേർ നിയമസഭാംഗത്വം രാജിവച്ചു. ഒഴിവുവന്ന സീറ്റുകളിൽ ഉപതെരഞ്ഞെടുപ്പിലൂടെ എട്ട് പേർ സഭാംഗങ്ങളായി. പതിനഞ്ചാം കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതിനു പിന്നാലെ പി.ജെ.ജോസഫ്, മോൻസ് ജോസഫ്, പി.സി.ജോർജ്ജ് എന്നീ അംഗങ്ങൾ നിയമസഭാംഗത്വം രാജി വച്ചു. അതോടെ സഭയുടെ കാലാവധി അവസാനിക്കുമ്പോൾ ഏഴ് സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു.

മുൻ ഗവർണർ പി. സദാശിവം നാലു പ്രാവശ്യവും ഇപ്പോഴത്തെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ രണ്ടു പ്രാവശ്യവും പതിനാലാം കേരള നിയമസഭയെ അഭിസംബോധന ചെയ്തുകൊണ്ട് നയപ്രഖ്യാപന പ്രസംഗങ്ങൾ നടത്തി.

പതിനാലാം കേരള നിയമസഭയിൽ, അംഗങ്ങളിൽ നിന്നും 113446 ചോദ്യ നോട്ടീസുകൾ ലഭിക്കുകയുണ്ടായി. 72482 ചോദ്യങ്ങളും (6328 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 66154 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും) ഏഴ് അടിയന്തര ചോദ്യങ്ങളും അനുവദിക്കുകയും നക്ഷത്രചിഹ്നമിട്ട 645 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയും ചെയ്തു. പത്താം സമ്മേളന കാലത്ത് നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്മേൽ സമർപ്പിക്കപ്പെട്ട പുതുക്കിയ മറുപടിയിൻമേൽ ഉപചോദ്യങ്ങൾ അനുവദിക്കുകയും ചെയ്തു. 364 ശ്രദ്ധക്ഷണിക്കലുകളും 2072 സബ്മിഷനുകളും അവതരിപ്പിക്കുകയും 5233 ഔദ്യോഗിക രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനായി ലഭിച്ച നോട്ടീസുകളിൽ സഭാതലത്തിൽത്തന്നെ അഞ്ച് ഭേദഗതികൾ വരുത്തി.

പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി 130 റിപ്പോർട്ടുകളും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 79 റിപ്പോർട്ടുകളും എസ്റ്റിമേറ്റ്സ് കമ്മിറ്റി 35 റിപ്പോർട്ടുകളും സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി 20 റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ചു. ഇതോടെ ഏറ്റവും കൂടുതൽ റിപ്പോർട്ടുകൾ സമർപ്പിച്ച സമിതികൾ എന്ന ഖ്യാതി ഇവയ്ക്കായി. സബ്ജക്ട് കമ്മിറ്റികൾ പതിവ് റിപ്പോർട്ടുകൾക്ക് പുറമേ 17 സ്പെഷ്യൽ റിപ്പോർട്ടുകളും ബില്ലുകളിൻമേലുള്ള 76 റിപ്പോർട്ടുകളും സമർപ്പിച്ചു.

പതിനാലാം കേരള നിയമസഭയുടെ കാലത്ത് രണ്ട് സെലക്ട് കമ്മിറ്റികൾ രൂപീകരിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സർഫാസി ആക്ട് പ്രകാരം സംസ്ഥാനത്തുളവായ അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതി, സഭയിൽ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു. 213 ഔദ്യോഗിക ബില്ലുകളും 62 അനൗദ്യോഗിക ബില്ലുകളുമുൾപ്പെടെ 275 ബില്ലുകൾ പ്രസിദ്ധീകരിക്കുകയും 87 ഗവൺമെന്റ് ബില്ലുകളും 22 ധനവിനിയോഗ ബില്ലുകളുമുൾപ്പെടെ 109 നിയമങ്ങൾ പാസ്സാക്കുകയും ചെയ്തു. ഗവർണ്ണർ തിരിച്ചയച്ച 2014 ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. 2018 ലെ കേരള (പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ)) ബില്ലിന് ഗവർണ്ണർ അനുമതി നിഷേധിച്ചതും നിയമനിർമ്മാണ ചരിത്രത്തിലെ പ്രധാന സംഭവമാണ്.

മൂന്ന് അനൗദ്യോഗിക പ്രമേയങ്ങളും രണ്ട് സ്റ്റാറ്റ്യൂട്ടറി പ്രമേയങ്ങളും 20 ഗവൺമെന്റ് പ്രമേയങ്ങളും പതിനാലാം കേരള നിയമസഭ പാസ്സാക്കി. സർക്കാരിൽ അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം സഭ വോട്ടിനിട്ട് തള്ളുകയും സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്ന പ്രമേയം ഭൂരിപക്ഷമില്ലാത്തതിനാൽ സഭാതലത്തിൽ പരാജയപ്പെട്ടതിനും പതിനാലാം കേരള നിയമസഭ സാക്ഷിയായി.

ചട്ടം 58 പ്രകാരം ഒരു ചർച്ചയും ചട്ടം 130 പ്രകാരം ഏഴ് വിഷയങ്ങളിന്മേലുള്ള ചർച്ചകളും നടത്തുകയുണ്ടായി. ചട്ടം 275 അനുസരിച്ചുള്ള ഏഴ് സബ്സ്റ്റാന്റീവ് മോഷനുകൾ പാസ്സാക്കി. ചട്ടം 50 അനുസരിച്ചുള്ള ആറ് പ്രമേയങ്ങൾ സഭ ചർച്ച ചെയ്ത് വോട്ടിനിട്ട് തള്ളി. ചട്ടം 205 ബി പ്രകാരം പതിമൂന്നാം കേ രള നിയമസഭയിലെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 16 ാമത് റിപ്പോർട്ട് സംബന്ധിച്ച് ചർച്ച നടത്തുകയും ചട്ടം 300 പ്രകാരം ഇരുപത്തിനാല് പ്രസ്താവനകൾ നടത്തുകയുമുണ്ടായി. ആറ് ബജറ്റുകൾ അവതരിപ്പിച്ചതും 2018 ലും 2020 ലും സാമ്പത്തിക വർഷാരംഭത്തിന് മുമ്പുതന്നെ സമ്പൂർണ്ണ ബജറ്റ് പാസ്സാക്കിയതും ഈ നിയമസഭയുടെ പ്രത്യേകതയാണ്. സഭാകാലയളവിൽ 65724 സന്ദർശകർ നിയമസഭാ നടപടികൾ വീക്ഷിക്കാനെത്തി. പന്ത്രണ്ടാം സമ്മേളനം മുതൽ, സഭാ സമ്മേളനം ആരംഭിക്കുന്ന സമയം രാവിലെ 9 മണിയാക്കി മാറ്റി. സ്ത്രീകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പരിഗണനാ പട്ടികയിൽ ട്രാൻസ്ജൻഡറിനെക്കൂടി ഉൾപ്പെടുത്തി സമിതിയുടെ പേരിൽ മാറ്റം വരുത്തി ചട്ടഭേദഗതികൾ വരുത്തിയതും ഈ സഭാ കാലത്താണ്.

പതിനാലാം കേരള നിയമസഭ ഭാവിയിൽ ഓർമ്മിക്കപ്പെടുന്നത് ഇ-നിയമസഭ പദ്ധതിയുടെ പേരിൽ കൂടിയാകും. നിയമസഭാ നടപടിക്രമങ്ങളുടെ ഭാഗമായി ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ പേപ്പർ ഉപയോഗിച്ചിരുന്നിടത്തു നിന്നും പൂർണമായും കടലാസ് രഹിത നിയമസഭ എന്ന ലക്ഷ്യത്തിലേക്ക് ഈ പദ്ധതി കേരള നിയമസഭയെ കൈപിടിച്ചുയർത്തുകയാണ്. ഇതിന്റെ ഒന്നാം ഘട്ടം പതിനെട്ടാം സമ്മേളനത്തിൽ ആരംഭിക്കുകയും ഇരുപത്തിരണ്ടാം സമ്മേളനത്തിൽ സമഗ്രമായി നടപ്പിലാക്കുകയും ചെയ്തു. ഇതിനായി 52 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ബൃഹത് പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ഇത് പൂർണ്ണ സജ്ജമാകുന്നതോടെ ഇ-നിയമസഭയുടെ ഭാഗമായുള്ള കോൺസ്റ്റിറ്റ്യുവൻസി മാനേജ്മെന്റ് മൊബൈൽ ആപ്പിലൂടെ ജനങ്ങൾക്ക് അവരുടെ ജനപ്രതിനിധിയോട് നേരിട്ട് സംവദിക്കാൻ കഴിയും. ഇ-നിയമസഭ പദ്ധതി പൂർണമാകുന്നതോടെ നിയമസഭാ കമ്മിറ്റികളുടെയും നിയമസഭയുടെയും ഇടപെടലുകൾ കൂടുതൽ സുതാര്യവും വേഗത്തിലുമാകും. ഇതോടൊപ്പം ചേർത്തു വായിക്കാവുന്ന ഒന്നാണ് നിയമസഭയുടെ ഡൈനാമിക് വെബ്സൈറ്റ്. കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈനായി സമിതിയോഗം ചേർന്നും പതിനാലാം കേരള നിയമസഭ മാതൃകയായി. ഇതനുസരിച്ച് ചട്ടങ്ങളിൽ ഭേദഗതിയും വരുത്തി.

പതിനാലാം കേരള നിയമസഭ പിന്തുടർന്ന ഹരിത നിയമാവലിയുടെ കൂടി ഭാഗമാണ് ഇ-നിയമസഭാ പദ്ധതി. നിയമസഭാ സമുച്ചയം കൂടുതൽ ഹരിതാഭമായ ഒരു കാലഘട്ടമാണിത്. കൃഷി വകുപ്പുമായി ചേർന്ന് നിയമസഭയിൽ കാർഷിക പ്രവർത്തനങ്ങൾ, നിയമസഭാ ജീവനക്കാരുടെ കൃഷിക്കൂട്ടായ്മ ഹരിതക്ലബ്ബിന്റെ പ്രവർത്തനം വിപുലപ്പെടുത്തൽ, ഫലപ്രദമായ മാലിന്യ സംസ്കരണം, മഴവെള്ള സംഭരണികൾ, ജീവനക്കാരുടെ ക്യാന്റീനിൽ കൊണ്ടുവന്ന പരിഷ്കാരങ്ങൾ എന്നിവ ഹരിത നിയമസഭാ നയത്തിന്റെ ഭാഗമായിരുന്നു. മുളവനം, നക്ഷത്രവനം, കദളീവനം, തുളസീവനം തുടങ്ങിയ പേരുകളിൽ വൃക്ഷലതാദികളുടെ പരിചരണം കൂടുതൽ കാര്യക്ഷമമായ ഒരു കാലഘട്ടം കൂടിയാണിത്.

ആധുനിക കാലം ആവശ്യപ്പെടുന്ന സംവേദന രീതിയിലേക്ക് നിയമസഭ മാറുന്നതിന്റെ ഉദാഹരണങ്ങളാണ് സഭാ ടി.വി.യും അതിന്റെ ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമും. ജനാധിപത്യത്തിന്റെ വൈവിധ്യമാർന്ന ഭാവവും ഉള്ളടക്കവും പൊതുസമൂഹത്തിനും വിദ്യാർത്ഥികൾക്കും അനുഭവവേദ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലോക്സഭാ ടി.വി.യുടെ മാതൃകയിൽ കേരള നിയമസഭയിൽ ഒരു ടി.വി. ചാനൽ തുടങ്ങിയത്. സഭാ ടി.വി.യുടെ പ്രസക്തിയുടെ തെളിവാണ് ഇതിന് ലഭിക്കുന്ന സ്വീകാര്യത.

നിരവധി നവീകരണ പ്രവർത്തനങ്ങളാണ് പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ നിയമസഭയിൽ നടന്നത്. അതിൽ ഏറ്റവും പ്രധാനം നിയമസഭയിലെ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ച് അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തിയതായിരുന്നു. എം.എൽ.എ.മാരുടെ വാസസ്ഥലത്തും കാലാനുസൃതമായ നവീകരണപ്രവർത്തനങ്ങൾ പൂർത്തിയാക്കാനായി. നിയമസഭാ മ്യൂസിയത്തിന്റെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങളും പതിനാലാം കേരള നിയമസഭയുടെ കാലത്തെ നേട്ടമാണ്.

(ശേഷം പേജ്... 03)

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

(...തുടർച്ച പേജ് 02)



പതിനാലാം കേരള നിയമസഭയുടെ മറ്റൊരു കാൽവയ്പായിരുന്നു 'നിയമസഭാ നടപടിക്രമങ്ങളും കീഴ്‌വഴക്കങ്ങളും' ക്രോഡീകരിച്ചു കൊണ്ട് ശക്‌ധർ ആന്റ് കൗൾ മാതൃകയിലുള്ള ഒരു റഫറൻസ് ഗ്രന്ഥം പുറത്തിറക്കാൻ കഴിഞ്ഞത്. അതിന്റെ രണ്ടാം വാല്യവും പ്രസിദ്ധീകരണത്തിന് തയ്യാറായിക്കഴിഞ്ഞു. സാമാജികരുടെയും നിയമസഭയുടെയും പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ 'അറിവോരം' എന്ന പേരിലുള്ള വെബ്/അച്ചടി ന്യൂസ്‌ലെറ്റർ ആരംഭിക്കാനായതും പതിനാലാം കേരള നിയമസഭയുടെ സുപ്രധാന നേട്ടമാണ്. നിയമസഭ പാസാക്കിയ നിയമങ്ങൾ സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങൾ സംബന്ധിച്ച പ്രഭാവപഠനം നടത്തി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. നിയമസഭയിൽ 50 വർഷം പൂർത്തീകരിച്ച കെ.എം. മാണി, ഉമ്മൻചാണ്ടി എന്നിവരുടെ നിയമസഭാ പ്രവർത്തനങ്ങൾ സംബന്ധിച്ചതുൾപ്പെടെ എട്ടോളം ഗ്രന്ഥങ്ങളാണ് പ്രസിദ്ധീകരണത്തിന് തയ്യാറായി വരുന്നത്.

ജനാധിപത്യം കൂടുതൽ ക്രിയാത്മകമാക്കുന്നതിനുള്ള നടപടികൾ സ്പീക്കറുടെ നേതൃത്വത്തിൽ പതിനാലാം കേരള നിയമസഭ കൈക്കൊണ്ടു. 'ജനാധിപത്യത്തിന്റെ ഉത്സവം' എന്ന പേരിൽ കേരള നിയമസഭാ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി രണ്ട് ദേശീയ സെമിനാറുകളാണ് ഇക്കാലയളവിൽ നടന്നത്. 'സ്വതന്ത്ര ഇന്ത്യയിൽ പട്ടികജാതി പട്ടികവർഗങ്ങളുടെ ശാക്തീകരണം നേരിടുന്ന വെല്ലുവിളി' എന്ന ആദ്യ സെമിനാർ ഇന്ത്യയിൽ അങ്ങോളമിങ്ങോളമുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ജനപ്രതിനിധികളുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായിരുന്നു. രണ്ടാം സെമിനാറായ ദേശീയ വിദ്യാർത്ഥി പാർലമെന്റ് നിയമസഭയ്ക്കും തലസ്ഥാന നഗരത്തിനും പ്രത്യേക അനുഭവം പകർന്നു നൽകുന്നതായിരുന്നു. രണ്ടായിരത്തി അഞ്ഞൂറോളം വിദ്യാർത്ഥികളാണ് ജനാധിപത്യത്തിന്റെ ഭാവി ശോഭനമാണ് എന്ന് വിളംബരം ചെയ്തുകൊണ്ട് വിവിധ സംസ്ഥാനങ്ങളിൽ നിന്നായി (...തുടർച്ച പേജ് 19) കേരള നിയമസഭയിൽ എത്തിച്ചേർന്നത്. വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിൽ നടന്ന പരിപാടികൾ നിയമസഭയെ ജനങ്ങളുമായി കൂടുതൽ അടുപ്പിച്ചു.

നിയമനിർമ്മാണ പ്രക്രിയയിൽ പൊതുജനങ്ങൾക്കുകൂടി പങ്കാളിത്തം ഉറപ്പുവരുത്താൻ ബില്ലുകളിൻമേൽ ഭേദഗതി നിർദ്ദേശിക്കുവാനായി വെബ് പോർട്ടൽ ആരംഭിച്ചത് ജനാധിപത്യ പ്രക്രിയയുടെ വിപ്ലവാത്മ ചുവടുവയ്പായിരുന്നു.സബ്ജക്ട് കമ്മിറ്റികൾക്ക് പ്രത്യേകം ചുമതലകൾ നൽകി ചട്ട നിർമ്മാണം ത്വരിതപ്പെടുത്തി. സഭയുടെ ഔദ്യോഗിക നടപടികൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുകയും സഭാ നടപടികളും ചരിത്രവും ആർക്കൈവ് ചെയ്ത് നിയമസഭയുടെ വെബ്സൈറ്റിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിച്ചു. സംസ്ഥാന സാക്ഷരതാമിഷനുമായിച്ചേർന്ന് സംസ്ഥാനത്തൊട്ടാകെ 1000 ഭരണഘടനാ ക്ലാസ്സുകളും ഭരണഘടനാ സാക്ഷരതാമാർച്ചും സംഘടിപ്പിച്ചു. നിയമസഭയിലെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് എന്ന സ്ഥാപനത്തെ നവീകരിച്ച് അക്കാദമികവും പുതുമയാർന്നതുമായ പരിപാടികളിലൂടെ പുനഃസംഘടിപ്പിക്കാൻ കഴിഞ്ഞു. കൂടാതെ നിയമസഭാ മാധ്യമ അവാർഡ് തുക പരിഷ്കരിച്ചതും പതിനാലാം കേരള നിയമസഭയുടെ കാലത്താണ്.

പതിനാലാം കേരള നിയമസഭയുടെ നൂതനാശയങ്ങൾക്ക് ദേശീയ തലത്തിലും അംഗീകാരം ലഭിക്കുകയുണ്ടായി. മികച്ച സ്പീക്കറായി കേരള നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടത് ഓരോ മലയാളിക്കും പതിനാലാം കേരള നിയമസഭയ്ക്കും അഭിമാനമായി. കേരള നിയമസഭയുടെ ദേശീയ വിദ്യാർത്ഥി പാർലമെന്റ് മറ്റ് സംസ്ഥാന നിയമസഭകളിലും ആവർത്തിക്കാൻ സഭാദ്ധ്യക്ഷൻമാരുടെ ദേശീയ സമ്മേളനത്തിൽ തീരുമാനമായത് കേരള നിയമസഭയുടെ ജനാധിപത്യ വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും ജനാധിപത്യ പ്രക്രിയയിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്ന രീതികൾക്കുമുള്ള അംഗീകാരം കൂടിയായിരുന്നു.

## ജനാധിപത്യത്തിന്റെ കാവലാളായി
# നിയമസഭാ സമിതികൾ



**റ്റി.മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

തുടർച്ച...

## ക്ഷേമ സമിതികൾ

**പൊതു സമൂഹത്തിൽ കഷ്ടപ്പാടും അവഗണനയും അനുഭവിക്കുന്ന വിവിധ വിഭാഗം ജനങ്ങളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനും അവരുടെ വ്യക്തിപരമായും പൊതുവായും ഉള്ള പരാതികളും അവർക്കെതിരെയുള്ള അക്രമം സംബന്ധിച്ച പരാതികളും പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ക്ഷേമസമിതികൾ. കേരള നിയമസഭയിൽ വ്യത്യസ്തങ്ങളായ ആറ് ക്ഷേമസമിതികളാണ് പ്രവർത്തിച്ചുവരുന്നത്. അവ ഓരോന്നിന്റേയും പ്രവർത്തനം സംബന്ധിച്ച് വിശദമായി പരിശോധിക്കാം.**

### 1. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനു വേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും ഭീമമായ തുക ചെലവഴിക്കുകയും ചെയ്തെങ്കിലും അവരുടെ സാമൂഹ്യമോ സാമ്പത്തികമോ ആയ നിലയിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. ആ വിഭാഗങ്ങൾക്ക് സർവീസിൽ പ്രവേശിക്കുന്നതിനും അർഹമായ സർവീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും പ്രത്യേക പരിഗണന നൽകി വന്നിരുന്നെങ്കിലും ആ രംഗത്തും അവർ പിന്നാക്കം തന്നെ ആയിരുന്നു. ഈ അവസ്ഥയ്ക്ക് പരിഹാരം കാണുക എന്ന ഉദ്ദേശ്യത്തോടെയാണ് 1972 നവംബർ ഒന്നാംതീയതി കേരള നിയമസഭ പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിക്ക് രൂപം നൽകിയത്.

ഈ സമിതിയിൽ ആകെ പതിനൊന്ന് അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും അതിൽ 7 പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരായിരിക്കണമെന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. സാധാരണയായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരംഗത്തെയാണ് സമിതിയുടെ അദ്ധ്യക്ഷനായി സ്പീക്കർ നിയമിക്കുന്നത്.

ഭരണഘടനയുടെ അനുച്ഛേദം 335-ന്റെ വെളിച്ചത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലും സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളിലും അർദ്ധസർക്കാർ സ്ഥാപനങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർവീസിലും ഉദ്യോഗങ്ങളിലും അർഹമായ പ്രാതിനിധ്യം ലഭിക്കുവാൻ സർക്കാർ എടുത്ത നടപടികളെപ്പറ്റി പരിശോധിക്കുക, ക്ഷേമ പ്രവർത്തനങ്ങളുടേയും മറ്റ് ഉദ്ധാരണ പരിപാടികളുടേയും ഭരണഘടനാ പരിരക്ഷകളുടെയും പുരോഗതിയും നടപ്പാക്കലും പരിശോധിക്കുക, പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ അവസ്ഥയിൽ അഭിവൃദ്ധി വരുത്തുന്നതിനു വേണ്ടിയുള്ള ഗവണ്മെന്റ് നയങ്ങളുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, കമ്മിറ്റിക്ക് യുക്തമെന്നു തോന്നുന്നതോ സ്പീക്കർ പ്രത്യേകം റഫർ ചെയ്യുന്നതോ ആയ മറ്റ് കാര്യങ്ങൾ പരിശോധിക്കുക എന്നിവ സമിതിയുടെ പ്രധാന കർത്തവ്യങ്ങളിൽപ്പെടുന്നു.

1973 നവംബർ 13-ാം തീയതി നിയമസഭാ സ്പീക്കർ പുറപ്പെടുവിച്ച നിർദ്ദേശം (നം. 6) അനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്ന വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന പരാതികളിൽ സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളെക്കുറിച്ചുള്ള പരാതികൾക്ക് പരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ പരിഗണിക്കുവാനും ഈ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

എന്നാൽ മേല്പറഞ്ഞ നിർദ്ദേശത്തിലെ സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ സ്റ്റാറ്റ്യൂട്ടറി അഥവാ അർദ്ധ സർക്കാർ നികായങ്ങൾ എന്നിവയുടെ കീഴിലുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാരുടെ പരാതികൾ ബോധിപ്പിച്ചുകൊണ്ടുള്ള നിവേദനങ്ങൾ, അവ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള സംവരണ ഉത്തരവ് നടപ്പാക്കാതിരിക്കലിനെയോ നടപ്പാക്കലിലെ അപാകതയെ സംബന്ധിച്ചോ അല്ലാത്ത പക്ഷം സമിതി പരിഗണിക്കുവാൻ പാടില്ല എന്ന ഭാഗം 2001 സെപ്റ്റംബർ 25-ാം തീയതിയിലെ സ്പീക്കറുടെ നിർദ്ദേശത്തിലൂടെ നീക്കം ചെയ്യുകയുണ്ടായി. അതിന്റെ ഭാഗമായി നിലവിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ജീവനക്കാരുടെ പരാതികളും ഈ സമിതി പരിഗണിച്ചു വരുന്നു.

### 2. സ്ത്രീകളുടെയും ട്രാൻസ്ജന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി

സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും നേർക്കുള്ള ആക്രമണത്തെയും ക്രൂരതയെയും പറ്റി പഠിക്കുന്നതിനും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ട് രൂപം നൽകിയ ഒരു സമിതിയാണിത്. 1992 ജൂലായ് 25 മുതൽ നിലവിൽവന്ന ഈ സമിതിയുടെ പരിശോധനാ പരിധിയിൽ 1999 മുതൽ ഭിന്നശേഷിക്കാരുടെ ക്ഷേമകാര്യം കൂടി ഉൾപ്പെടുത്തുകയുണ്ടായി. തുടർന്ന് 2018 ജൂൺ 26 മുതൽ നിയമസഭാ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികളുടെ അടിസ്ഥാനത്തിൽ സമിതിയുടെ പരിഗണനാ വിഷയങ്ങളിൽ ട്രാൻസ്ജന്ററുകളുടെ ക്ഷേമം കൂടി ഉൾപ്പെടുത്തുകയും സമിതിയുടെ പേര്

ഈ രൂപത്തിൽ ഭേദഗതി ചെയ്യപ്പെടുകയും ചെയ്തു.

സംസ്ഥാനത്തെ സ്ത്രീകളോടും ട്രാൻസ്ജൻഡറുകളോടും കുട്ടികളോടുമുള്ള അതിക്രമം, സ്ത്രീധന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നടക്കുന്ന പീഡനം, ചൂഷണം, ആത്മഹത്യ, കൊലപാതകം, കുട്ടികളോടുള്ള മനുഷ്യത്വപരമല്ലാത്തപ്രവൃത്തികൾ, ഭിന്നശേഷിക്കാരിലും മനോവൈകല്യമുള്ളവരിലും അടിച്ചേൽപ്പിക്കുന്ന നിഷ്ഠൂര കൃത്യങ്ങൾ, അക്രമങ്ങൾ, പീഡനങ്ങൾ, ചൂഷണങ്ങൾ എന്നിവ സംബന്ധിച്ച പരാതികൾ പരിശോധിക്കുക എന്നതാണ് ഈ സമിതിയുടെ മുഖ്യകർത്തവ്യം.

കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥമന്ദിരം, അഗതി മന്ദിരം, ക്ഷേമാലയം, ആശുപത്രി, ശരണാലയം, വിദ്യാഭ്യാസ സ്ഥാപനം, ജയിൽ, പോലീസ് ലോക്കപ്പുകൾ, ഏതെങ്കിലും പണിശാല, റസ്ക്യൂ ഹോം, അബല മന്ദിരം, മാതൃ-ശിശു ക്ഷേമ മന്ദിരം തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ പരിശോധിക്കുക, മദ്യം, മയക്കമരുന്ന് മറ്റ് ലഹരിവസ്തുക്കൾ എന്നിവയിൽ സ്ത്രീകൾക്കും കുട്ടികൾക്കും ട്രാൻസ്ജൻഡറുകൾക്കും ഉണ്ടാകുന്ന ആസക്തിയെക്കുറിച്ച് പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ്ജൻഡറുകളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സർക്കാർ വകുപ്പുകളുടെ പ്രവർത്തനം പരിശോധിച്ച് അവ ശക്തിപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നതും ഈ സമിതിയുടെ കർത്തവ്യത്തിൽപ്പെടുന്നു.

അതോടൊപ്പം അവിവാഹിതരുടെയും ഉപേക്ഷിക്കപ്പെട്ട അമ്മമാരുടെയും വൃദ്ധകളും അഗതികളും ആയ സ്ത്രീകളുടെയും പുനരധിവാസത്തിനും മന്ദബുദ്ധികളും ബലഹീനരും ഭിന്നശേഷിയുള്ളവരുമായ ആളുകളെ സ്വയംപര്യാപ്തരാക്കി മാറ്റുന്നതിനും, ശിക്ഷാകാലാവധി കഴിഞ്ഞ് പുറത്തുവരുന്ന ബാല കുറ്റവാളികളുടെയും സ്ത്രീ തടവുകാരുടെയും ട്രാൻസ്ജൻഡറുകളായ തടവുകാരുടെയും പുനരധിവാസത്തിനും ഇത്തരക്കാരുടെ മൊത്തത്തിലുള്ള ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ആ സമൂഹത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും വേണ്ടിയുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും കമ്മിറ്റിക്ക് ഉചിതമെന്ന് തോന്നാവുന്നതോ അഥവാ സഭയോ സ്പീക്കറോ കമ്മിറ്റിക്ക് പ്രത്യേകം റഫർ ചെയ്യുന്ന അപ്രകാരമുള്ള മറ്റ് സംഗതികളെയും കുറിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതും കമ്മിറ്റിയുടെ കർത്തവ്യത്തിൽപ്പെടുത്തിയിരിക്കുന്നു.

### 3. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി

നിയമസഭയുടെയും വിവിധ സമിതികളുടെയും പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നതിനാവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി പന്ത്രണ്ടാം കേരള നിയമസഭയിൽ ഒരു അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ആ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പുതിയതായി നാല് ക്ഷേമസമിതികൾ കൂടി കേരള നിയമസഭയിൽ രൂപീകൃതമായി. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി, മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി എന്നിവയാണ് ആ നാല് ക്ഷേമസമിതികൾ.

സംസ്ഥാനത്തിനകത്തുള്ള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും വിവിധ പ്രശ്നങ്ങൾ പഠിക്കുകയും അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക, സംസ്ഥാന സർക്കാരിന്റെ മത്സ്യബന്ധന വകുപ്പ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷൻ തുടങ്ങിയവയുടെ പ്രവർത്തനവും പ്രവൃത്തികളും പരിശോധിക്കുക, മത്സ്യബന്ധന വകുപ്പിനെയും മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമത്തെയും സംബന്ധിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതികളുടെയും പരിപാടികളുടെയും നടപ്പാക്കൽ അവലോകനം ചെയ്യുക, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വകുപ്പുകളുടെയും ക്ഷേമനിധി ബോർഡുകളുടെയും കണക്കുകളും വാർഷിക റിപ്പോർട്ടുകളും പരിശോധിക്കുക എന്നിവ സമിതിയുടെ പ്രധാന കർത്തവ്യത്തിൽപ്പെടുന്നു.

അതോടൊപ്പം മത്സ്യബന്ധനത്തെയോ അനുബന്ധ വിഷയങ്ങളെയോ സംബന്ധിച്ച് വ്യക്തികളിൽനിന്നോ സംഘടനകളിൽനിന്നോ ലഭിക്കുന്ന പരാതികൾ പരിശോധിക്കുക, സഭയോ സ്പീക്കറോ സമിതിക്ക് പ്രത്യേകമായി റഫർ ചെയ്യുന്ന വിഷയങ്ങളും കമ്മിറ്റിക്ക് യുക്തമെന്ന് തോന്നുന്ന മറ്റ് സംഗതികളും പരിശോധിക്കുക എന്നതും സമിതിയുടെ കർത്തവ്യത്തിൽപ്പെടുന്നു.

### 4. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

ഇന്ത്യയിലും വിദേശത്തുമുള്ള പ്രവാസി കേരളീയരുടെ ദേശീയവും അന്തർ ദേശീയവുമായ തൊഴിൽ വിപണിയെ സംബന്ധിക്കുന്ന വിവിധ പ്രശ്നങ്ങൾ, തൊഴിലുടമയും നിയുക്ത ഉദ്യോഗാർത്ഥികളും തമ്മിലുള്ള തർക്കം, വിവിധ സമ്പ്രദായങ്ങളേയും യാത്രാ റെഗുലേഷനുകളേയും സംബന്ധിക്കുന്ന ജോലികൾ, ദേശീയവും അന്തർദേശീയവുമായ വിമാന യാത്രകൾക്കായി ടിക്കറ്റ് ബുക്ക് ചെയ്യുന്നത് സംബന്ധിച്ച ജോലികൾ എന്നിവ സംബന്ധിച്ച പരാതികൾ പരിശോധിക്കുക എന്നതാണ് ഈ സമിതിയുടെ മുഖ്യമായ കർത്തവ്യം.

അതോടൊപ്പം തൊഴിലിൽ നിയോഗിക്കപ്പെട്ട് വിദേശ രാജ്യങ്ങളിലേക്ക് യാത്ര ചെയ്യുന്നതോ സ്വദേശത്തുള്ള സ്ഥലത്ത് അവധിക്ക് ശേഷം അവരുടെ ജോലി സ്ഥലങ്ങളിലേക്ക് തിരികെ പോകുന്നതോ ആയ വ്യക്തികൾക്ക് എതിരെയുള്ള അക്രമം, ചൂഷണം, അനുചിത പ്രയോഗങ്ങൾ എന്നിവ സംബന്ധിച്ച പരാതികൾ, വിദേശത്ത് വച്ച് മരിച്ച പ്രവാസിയുടെ മൃതദേഹം സ്വന്തം നാട്ടിലേക്ക് കൊണ്ടുവരുന്നത് സംബന്ധിച്ച പ്രശ്നങ്ങൾ, വിദേശത്തുനിന്ന് മടങ്ങിവരുന്നവരുടെ പുനരധിവാസ പ്രശ്നങ്ങൾ, വിദേശത്ത് തൊഴിലിനുവേണ്ടി ആൾക്കാരെ റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ ഏജൻസികളുടെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച പരാതികളും സമിതി പരിഗണിക്കുന്നതാണ്. അതോടൊപ്പം സമിതിക്ക് യുക്തമെന്ന് തോന്നുന്നതും സഭയോ സ്പീക്കറോ പ്രത്യേകമായി സമിതിക്ക് റഫർ ചെയ്യുന്നതുമായ പരാതികളും സമിതി പരിഗണിച്ച് യുക്തമായ ശിപാർശകൾ ഗവണ്മെന്റിന് നൽകുന്നതാണ്.

### 5. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ, സംസ്ഥാനത്തെ യുവജനങ്ങളേയും യുവജനക്ഷേമത്തെയും സംബന്ധിക്കുന്ന ഏതെങ്കിലും പ്രശ്നങ്ങൾ, നിയമസഭയിൽ നടക്കുന്ന ചർച്ചയുടെ ഭാഗമായി ഉയർന്നുവരുന്ന വിഷയങ്ങൾ, വിവിധ സംഘടനകൾ, വ്യക്തികൾ എന്നിവയിൽനിന്നും പ്രത്യേകമായി സമിതിക്ക് ലഭിക്കുന്ന പരാതികൾ എന്നിവ പരിശോധിച്ച് യുക്തമായ ശിപാർശകൾ സർക്കാരിൽ നൽകുക എന്നതാണ് ഈ സമിതിയുടെ മുഖ്യമായ കർത്തവ്യം.

യുവജനക്ഷേമത്തിനായി സർക്കാർ അനുവദിക്കുന്ന തുക ഏത് ആവശ്യത്തിനാണോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് അത് ആ ആവശ്യത്തിനു തന്നെയാണോ വിനിയോഗിച്ചത് എന്ന് ഉറപ്പുവരുത്തുക, യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്ന തുകയുടെ ദുരുപയോഗം തടയുക എന്നതും സമിതിയുടെ ചുമതലയിൽ വരുന്ന കാര്യങ്ങളാണ്. അതോടൊപ്പം സമിതിക്ക് യുക്തമെന്ന് തോന്നാവുന്നതോ സഭയോ സ്പീക്കറോ പ്രത്യേകമായി സമിതിക്ക് റഫർ ചെയ്യുന്നതോ ആയ വിഷയങ്ങളും സമിതി പരിശോധിക്കേണ്ടതാണ്.

### 6. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി

സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്കുവേണ്ടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ, സർക്കാരിന്റെയും സ്വകാര്യ സംഘടനകളുടെയും ആഭിമുഖ്യത്തിൽ നടത്തുന്ന വാർദ്ധക്യകാല മന്ദിരങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവ പരിശോധിക്കുകയും അവയെ സംബന്ധിക്കുന്ന പരാതികൾ പരിഗണിച്ച് യുക്തമായ ശിപാർശകൾ സർക്കാരിന് നൽകുകയും ചെയ്യുക എന്നതാണ് ഈ സമിതിയുടെ പ്രധാന കർത്തവ്യം.

മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ അനുവദിക്കുന്ന തുക പ്രസ്തുത ആവശ്യത്തിനു തന്നെയാണോ ഉപയോഗപ്പെടുത്തുന്നത് എന്ന് ഉറപ്പുവരുത്തുക, വീഴ്ച ഉണ്ടായിട്ടുള്ള പക്ഷം അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, സംസ്ഥാനത്തെ മുതിർന്ന പൗരന്മാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് സമിതിക്ക് യുക്തമെന്ന് തോന്നാവുന്നതോ സഭയോ സ്പീക്കറോ സമിതിക്ക് പ്രത്യേകമായി റഫർ ചെയ്യുന്നതോ ആയ മറ്റ് സംഗതികൾ പരിശോധിക്കുക എന്നിവയും ഈ സമിതിയുടെ ചുമതലയിൽപ്പെട്ട കാര്യമാണ്.

(തുടരും...)



നിയമസഭാ പ്രസംഗങ്ങളിലൂടെ...

# 'സ്ത്രീധനം നിയമംമൂലം നിരോധിക്കുന്നത് പെൺമക്കളോട് ചെയ്യുന്ന നീതി'

1958 ലെ സ്ത്രീധന നിരോധന ബിൽ സഭയിൽ അവതരിപ്പിച്ചപ്പോൾ ബില്ലിനെ അനുകൂലിച്ചുകൊണ്ട് വിദ്യാഭ്യാസ മന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി നടത്തിയ പ്രസംഗം

'സർ, ഈ ബില്ലിനെപ്പറ്റി സ്വല്പം പറയണമെന്നുഞ്ഞാനാഗ്രഹിക്കുകയാണ്. സാമ്പത്തികമായ ഇത്തരം കാര്യങ്ങൾ ഒരു രാജ്യത്തെ ജനസമുദായത്തിൽ എല്ലാ വിഭാഗങ്ങളേയും ഒന്നുപോലെ ബാധിക്കുന്നതായി തീരണം എന്നുള്ളതു തെറ്റായ ഒരു തത്വമല്ല എന്ന് എനിക്കു തോന്നുന്നു. സ്ത്രീധനസമ്പ്രദായം വളരെ പുരാതനകാലം മുതൽക്കേ നമ്മുടെ രാജ്യത്തു നിലനിന്നുവരുന്നതാണ്. മക്കത്തായ സമുദായങ്ങളിലാണ് ഇത് അധികവും നിലനിന്നുപോരുന്നത്. ക്രിസ്ത്യൻ സമുദായത്തിലും ഒട്ടൊക്കെ ഇസ്ലാം സമുദായത്തിലും സ്ത്രീധന സമ്പ്രദായമുണ്ട്. വേറെ ചില സമുദായങ്ങളിലും ഇതുണ്ടാകാം. പെൺമക്കൾക്ക് അച്ഛന്റെ കുടുംബസ്വത്തിൽ ആൺമക്കളെപ്പോലെ തുല്യവീതം കൊടുക്കണമെന്നുള്ള തത്വം അംഗീകരിക്കാത്ത കുറെ സമുദായങ്ങളുണ്ട്. അതിലൊന്നാണ് ക്രിസ്ത്യൻ സമുദായം. ഇന്നത്തെ നിയമമനുസരിച്ച് ഒരു മകനുള്ള വീതത്തിന്റെ മൂന്നിലൊന്നു മാത്രമേ ഒരു മകൾക്ക് കൊടുക്കുവാൻ പാടുള്ളൂ എന്നാണ് ക്രിസ്ത്യൻ അവകാശനിയമത്തിലെ വ്യവസ്ഥ. ആ വ്യവസ്ഥയുടെ തണലിലാണ് സ്ത്രീധന സമ്പ്രദായം ക്രിസ്ത്യൻ സമുദായത്തിൽ നിലനിൽക്കുന്നത്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവരുടെ പുരോഗതിക്കു തടസ്സം ഉണ്ടായിട്ടുണ്ട്. പെൺമക്കളുടെ സാമ്പത്തിക സ്ഥിതി ഉയർത്തുന്നതിനുവേണ്ടിയാണ് ഈ സ്ത്രീധനസമ്പ്രദായം വച്ചിരിക്കുന്നതെന്നു പറഞ്ഞാൽ ആ വീക്ഷണഗതി തെറ്റായിരിക്കും. നേരെമറിച്ച് അതിനെതിരായിട്ടുള്ള ഒരഭിപ്രായഗതി ഇന്നുണ്ട്. അതായത് പെൺമക്കളെ ആൺമക്കളെപ്പോലെ സ്വയംപര്യാപ്തതയുള്ള വ്യക്തികളായിട്ടു നിലനിർത്തണം എന്നുള്ള ഒരു പുതിയ തത്വം, ഒരു അഭിപ്രായഗതി ഇന്നു നിലവിലുണ്ട്. ആ അഭിപ്രായം നടപ്പിൽ വരണമെന്നുണ്ടെങ്കിൽസ്ത്രീധനസമ്പ്രദായം നിരോധിക്കേണ്ടിവരും. അതല്ലാ മറ്റേ അഭിപ്രായമാണ് വേണ്ടതെങ്കിൽ ഈ ബില്ലിന്റെ ആവശ്യം വരികയില്ല. പ്രസവിക്കാനും, കുഞ്ഞുങ്ങളെ നോക്കുവാനും ഭർത്താവിനെ നോക്കുവാനും മാത്രമായി സ്ത്രീകളെ പരിഗണിക്കുന്ന കാലത്തോളം ഈ നിയമത്തിന്റെ ആവശ്യമില്ല. അതല്ല എല്ലാ തുറകളിലും പുരുഷന്മാരെപ്പോലെ സ്ത്രീക്കും തുല്യാവകാശം കൊടുക്കണമെന്നും അവർക്കും പുരുഷന്മാരെപ്പോലെ വ്യക്തിത്വവും, പൗരത്വവും ഉണ്ടാകണമെന്നും ആഗ്രഹിക്കുകയാണെങ്കിൽ ഈ മാതിരി നിയമനിർമ്മാണം ആവശ്യമായി വരുന്നതാണ്. ഇന്ന് സ്ത്രീധനസമ്പ്രദായംകൊണ്ട് പാവപ്പെട്ട കുടുംബത്തിലെ അച്ഛനമ്മമാർക്ക് വളരെയധികം ബുദ്ധിമുട്ട് സഹിക്കേണ്ടിവരുന്നുണ്ട്. പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കുന്നതിനുവേണ്ടി, കുടുംബസ്വത്തിൽ കിട്ടാൻ അവകാശമുള്ളതായ വീതത്തിൽ കവിഞ്ഞ ഒരു സംഖ്യ സ്ത്രീധനമായി കൊടുക്കേണ്ടിവരുന്നുണ്ട്. കുടുംബസ്വത്തില്ലാത്ത ഒരു പാവപ്പെട്ട കുടുംബത്തിൽപോലും ഒരു സ്ത്രീയെ വിവാഹം ചെയ്തുകൊടുക്കുന്നതിന് നാലഞ്ചു പവന്റെ ആഭരണവും കുറെ വസ്ത്രവും കൊടുക്കേണ്ടിവരും. അങ്ങനെ ഒട്ടാകെ കണക്കാക്കുമ്പോൾ ഒരു പാവപ്പെട്ട കുടുബത്തിൽ



നിന്നും ഒരു സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കുന്നതിന് ചുരുങ്ങിയത് 500 രൂപ എങ്കിലും കൊടുക്കേണ്ടിവരും. ഈ 500 രൂപ കൊടുക്കേണ്ടിവരുന്നതുകൊണ്ട് പല പാവങ്ങളും വളരെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്നുണ്ട്. എന്നാൽ വലിയൊരു കുടുംബത്തിലെ പെൺകുട്ടിക്ക് അവളുടെ കുടുംബസ്വത്തിൽ കിട്ടുവാൻ അവകാശമുള്ളതായ തുകയിൽ താണ ഒരു സംഖ്യയേ സ്ത്രീധനമായി കൊടുക്കേണ്ടിവരികയുള്ളൂ. ചുരുക്കം ചില കുടുംബത്തിലെ സ്ത്രീകളെ വിവാഹം കഴിക്കുമ്പോൾ ആ കുടുബത്തിൽ ഒട്ടാകെയുള്ള സ്വത്തിന്റെ തുല്യവീതം കണക്കാക്കി കിട്ടുന്ന സംഖ്യയായിരിക്കും സ്ത്രീധനമായി കൊടുക്കുന്നത്.

ഞാൻ പറഞ്ഞതിന്റെ ചുരുക്കം സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്നത് ഒരതിർത്തി വരെയുള്ള കുടുംബത്തിന് ഭാരവും, അതിനപ്പുറത്തുള്ള സമ്പന്ന കുടുംബങ്ങൾക്ക് ഭാരമല്ലെന്നുമാണ്. പാവപ്പെട്ട കുടുംബങ്ങൾക്ക് അത് വലിയൊരു ഭാരമാണ്. ആ നിലയ്ക്ക് സ്ത്രീധന സമ്പ്രദായത്തെ ഒരു നിയമംമൂലം നിരോധിക്കുന്നത് പെൺമക്കളോടു ചെയ്യുന്ന ഒരു നീതിയാണ് എന്നുള്ള വസ്തുത നാമാലോചിക്കണം. പ്രത്യേകിച്ചും മറ്റു ചില സമുദായങ്ങളിലെ സ്ത്രീകൾക്ക് അവരുടെ കുടുംബത്തിൽ തുല്യാവകാശം കൊടുക്കണം എന്നുള്ള ഒരു നിലയിരിക്കെ ആ ഒരു നില എല്ലാ സമുദായങ്ങളിലേയും സ്ത്രീകൾക്കും ബാധകമാക്കുന്നതല്ലേ നീതി എന്നുള്ള കാര്യം നാം ആലോചിക്കേണ്ടതാണ്.

ഈ രാജ്യത്തെ സ്ത്രീ പ്രജകൾക്ക് ഈ രാജ്യത്ത് പൗരത്വവും വ്യക്തിത്വവും കൊടുക്കണമെന്നുള്ള അടിസ്ഥാന തത്വമാണ് ഈ ബില്ലിൽ പ്രധാനമായിട്ടു നിൽക്കുന്നതെന്നുള്ളതാണ് ഒന്നാമത്തെ കാര്യം. ആളോഹരിഭാഗം അംഗീകരിച്ചാൽ അതുകൊണ്ടും കുറച്ച് ബുദ്ധിമുട്ടുവരും. സമ്പന്നമായ കുടുംബത്തിന് ആളോഹരി ഭാഗം വച്ചാൽ വലിയ ബുദ്ധിമുട്ടുണ്ടാകയില്ല. എങ്ങനെയായാലും സ്ത്രീകൾക്കും പുരുഷന്മാരെപ്പോലെ കുടുംബസ്വത്തിൽ തുല്യാവകാശം കൊടുക്കുവാനുള്ള ഒരു വ്യവസ്ഥ ഉണ്ടാക്കുകയായിരിക്കും ഉത്തമം. പുരുഷന് കൂടുതൽ സ്വത്തു കൊടുക്കുക സ്ത്രീക്കു പുരുഷനിൽ കുറച്ച് സ്വത്തുകൊടുക്കുക ഇങ്ങനെയുള്ള ഒരു സമ്പ്രദായം നിലനിന്നുവന്നതിൽ നിന്നാണ് സ്ത്രീധന സമ്പ്രദായം വന്നിട്ടുള്ളത്. പിതാവിന്റെ സ്വത്തിൽ ആൺമക്കളെപ്പോലെ പെൺമക്കൾക്കും തുല്യാവകാശം ഉണ്ടായിരിക്കണം എന്ന പുതിയ ആശയഗതിക്ക് അനുസൃതമായിട്ടുള്ളതാണ് ഈ ബിൽ. പ്രസിദ്ധ നോവലെഴുത്തുകാരിയായ വെർജിനിയ വൂൾഫ് ഇപ്രകാരം പറയുകയുണ്ടായി 'Give a room and a few pounds to the woman and you make her an economic unit.' സ്ത്രീക്കു കുടുംബസ്വത്തിൽ ആൺമക്കളെപ്പോലെ തുല്യമായ അവകാശം കൊടുക്കുകയല്ലാതെ വിവാഹസമയത്ത് കുറെ പണവും കുറെ വസ്ത്രവും ആഭരണവുമായി സ്ത്രീധനം കൊടുക്കുന്നത് ശരിയല്ലെന്നാണ് അപ്പറഞ്ഞതിന്റെ സാരം. ഈ ബിൽ കമ്മ്യൂണിസ്റ്റുകാർ കൊണ്ടുവന്ന ഒരു ബില്ലാണെന്ന് ഇവിടെ പറയുകയുണ്ടായി. ഇത് നെഹ്റുവിന്റെ നേതൃത്വത്തിലുള്ള പാർലമെന്റിൽ കൊണ്ടുവന്ന ഒരു ബില്ലാണ്. ആ ബില്ലിന്റെ ഒരു പകർപ്പുമാത്രമാണ് ഈ ബിൽ. അങ്ങനെയുള്ള ഒരു ബിൽ ഇവിടെ കൊണ്ടു വന്നതിന് കമ്മ്യൂണിസ്റ്റുകാരുടെ ബില്ലാണെന്ന് ഇവിടെ പറഞ്ഞത് വളരെ കഷ്ടമാണ്.

എങ്ങനെയായാലും പാർലമെന്റിൽ ചർച്ച ചെയ്ത ഒരു ബില്ലിന്റെ പകർപ്പാണ് ഈ ബിൽ. നെഹ്റു നേതാവായുള്ള പാർലമെന്റിലാണല്ലോ ചർച്ച നടന്നത്.

പുരുഷന്റെ കീഴിൽ സ്ത്രീ അസ്വതന്ത്രയായി പ്രവർത്തിക്കുന്ന ഒരു വ്യക്തിയായിരുന്നു കൊള്ളട്ടെ എന്നു നാം കണക്കാക്കുകയാണെങ്കിൽ സ്ത്രീധനം നിലനിർത്താം. അതല്ല സ്ത്രീക്കും, പൗരത്വവും വ്യക്തിത്വവും എല്ലാ തുറകളിലും പുരുഷൻമാരോടൊപ്പം തുല്യ പങ്കാളിത്വവും കൊടുക്കണമെന്നുള്ള നിലയാണ് നാം ആഗ്രഹിക്കുന്നതെങ്കിൽ ഈ സ്ത്രീധനസമ്പ്രദായം പോകുകതന്നെവേണം.

പിന്നെ സ്ത്രീധനം കിട്ടിയതുകൊണ്ട് മറ്റൊരു കുടുംബത്തിൽപോയി ആ സ്ത്രീ സുഖമായി ജീവിച്ചുകൊള്ളുമെന്നു കരുതുവാൻ പാടില്ല. ചിലപ്പോൾ സ്ത്രീധനമായി കൊണ്ടുപോകുന്ന സംഖ്യ അവളുടെ ഭർത്താവു കുടിച്ച് നശിപ്പിച്ചുകളഞ്ഞുവെന്ന് വരും. ചിലപ്പോൾ ആ സംഖ്യകൊണ്ടു നന്നായി എന്നും വരും. സ്ത്രീധനം കൊടുക്കുന്ന സമ്പ്രദായം ഈ തെക്കൻ പ്രദേശങ്ങളിലാണ് കൂടുതലുള്ളത്. വടക്കൻ പ്രദേശങ്ങളിൽ തെക്കൻ പ്രദേശങ്ങളിലുള്ളത്രയുമില്ല. ഇതു കൊണ്ടുള്ള ബുദ്ധിമുട്ട് അനുഭവിക്കുന്നത് കൂടുതലും തെക്കൻ പ്രദേശത്തുള്ള ആളുകളാണ്. ഈ പ്രാദേശിക ദുർഭാരം അവസാനിപ്പിക്കുകയാണ് വേണ്ടത്. ഈ ബിൽ സർക്കുലേറ്റു ചെയ്യണമെന്നുള്ള അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. പെട്ടെന്ന് ഈ ബിൽ സെലക്റ്റ് കമ്മറ്റിക്കയച്ച് റിപ്പോർട്ടു വരുത്തി നിയമമാക്കണമെന്ന് എനിക്കാഗ്രഹമില്ല. ഈ മാതിരിയുള്ള നിയമങ്ങൾ അങ്ങനെ ഉടനെ നിയമമാക്കുന്നത് തെറ്റാണ്. എന്നാൽ ഈ ബിൽ ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിക്ക് യോജിച്ചതല്ലെന്നും സാമുദായികാചാരങ്ങൾക്ക് വിരുദ്ധമാണെന്നും പറഞ്ഞാൽ അതു ശരിയായിരിക്കുകയില്ല.'

**ഒന്നാം കേരള നിയമസഭയിലെ വിദ്യാഭ്യാസവും സഹകരണവും വകുപ്പ് മന്ത്രിയായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി കൊച്ചി നിയമസഭയിലും അംഗമായിരുന്നു. ഏറെ സാമൂഹ്യപരിഷ്കാരങ്ങൾക്ക് തുടക്കമിട്ട ഒന്നാം കേരള നിയമസഭയിൽ കേരള വിദ്യാഭ്യാസ ബിൽ അവതരിപ്പിച്ചത് പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയാണ്. നാലാം കേരള നിയമസഭയിലും അംഗമായിരുന്ന അദ്ദേഹം കൊച്ചി സർവ്വകലാശാലയുടെ ആദ്യ വൈസ് ചാൻസലറും എഴുത്തുകാരനും കൂടിയായിരുന്നു.**



അറിവോരം ന്യൂസ്‌ലെറ്ററിന്റെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളും ജീവനക്കാരും സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരോടൊപ്പം

## ഇതരസഭാ വാർത്തകൾ

### നാഗാ പ്രശ്നം പരിഹരിക്കുന്നതിന് ഒറ്റക്കെട്ടായി പ്രവർത്തിക്കും- നാഗാലാന്റ് നിയമസഭാ പ്രമേയം

ദശാബ്ദങ്ങൾ നീണ്ട നാഗാപ്രശ്നം പരിഹരിക്കുന്നതിന് ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്ന് ഐകകണ്ഠ്യേന പ്രമേയം പാസാക്കി നാഗാലാന്റ് നിയമസഭ. അറുപതംഗ നിയമസഭയിൽ മുഖ്യമന്ത്രി നെയ്ഫ്യൂ റിയോ അവതരിപ്പിച്ച പ്രമേയം പ്രതിപക്ഷ നേതാവ് റ്റി. ആർ.സെലിയാംഗ് പിന്തുണച്ചു. ഒരു ദിവസം നീണ്ടു നിന്ന ചർച്ചയ്ക്കൊടുവിലാണ് പ്രമേയം അവതരിപ്പിച്ചത്. നാഗാ രാഷ്ട്രീയ ഗ്രൂപ്പുകളും കേന്ദ്രവുമായി നടന്നുവരുന്ന അനുരഞ്ജന ചർച്ചകൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള എല്ലാ സഹായവും പ്രമേയം ഉറപ്പുനൽകി. 2015-ൽ നാഷണൽ സോഷ്യലിസ്റ്റ് കൗൺസിൽ ഓഫ് നാഗാലാന്റ് (ഐ.എം) മായും 2017-ൽ ഏഴ് ഗ്രൂപ്പുകളടങ്ങുന്ന നാഗാ നാഷണൽ പൊളിറ്റിക്കൽ ഗ്രൂപ്പുമായും കേന്ദ്രസർക്കാർ കരാറിലേർപ്പെട്ടെങ്കിലും ഇതുവരെയും ശാശ്വത പരിഹാരം കാണാൻ കഴിയാത്ത സാഹചര്യത്തിലാണ് നിയമസഭ പ്രമേയം പാസാക്കുന്നത്.



നാഗാലാന്റ്. സ്പീക്കർ ഷാരിംഗെയ്ൻ ലോംഗ് കുമാർ

### സംസ്ഥാന പദവി ലഭിച്ച് 60 വർഷം: നാഗാലാന്റ് നിയമസഭയിൽ ആദ്യമായി ദേശീയഗാനം മുഴങ്ങി

സംസ്ഥാനം രൂപീകൃതമായി ഏകദേശം അറുപത് വർഷങ്ങൾക്കുശേഷം ആദ്യമായി നാഗാലാന്റ് നിയമസഭയിൽ ദേശീയഗാനം മുഴങ്ങി. 2021 ഫെബ്രുവരി 12 ന് ആരംഭിച്ച ബജറ്റ് സമ്മേളനത്തിൽ ഗവർണർ ആർ.എൻ.രവി നിയമസഭയെ അഭിസംബോധന ചെയ്യുന്നതിനു മുൻപും ശേഷവുമായിരുന്നു ദേശീയഗാനാലാപം. നിയമസഭകളിൽ ദേശീയഗാനം ആലപിക്കുന്നത് ഭരണഘടന വ്യവസ്ഥ ചെയ്യുന്നില്ലെങ്കിലും ഒരു കീഴ്വഴക്കത്തിന്റെ ഭാഗമായി മിക്ക നിയമസഭകളിലും ദേശീയഗാനം ആലപിക്കാറുണ്ട്. പ്രത്യേക നാഗാ രാഷ്ട്രത്തിനായി സായുധ സമരം നടക്കുന്ന സംസ്ഥാനമാണ് നാഗാലാന്റ്. സ്പീക്കർ ഷാരിംഗെയ്ൻ ലോംഗ് കുമാറിന്റെ പ്രത്യേക താൽപര്യപ്രകാരമാണ് സഭയിൽ ദേശീയഗാനം ആലപിച്ചത്. തൊട്ടടുത്ത സംസ്ഥാനമായ ത്രിപുരയിൽ 2018 ലാണ് നിയമസഭയിൽ ആദ്യമായി ദേശീയഗാനം ആലപിച്ചത്.

### പുതുച്ചേരിയിൽ രാഷ്ട്രപതി ഭരണം

കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിൽ രാഷ്ട്രപതി ഭരണമേർപ്പെടുത്താൻ കേന്ദ്ര സർക്കാർ ശിപാർശ ചെയ്തു. ആറ് അംഗങ്ങൾ രാജിവച്ചതിനെ തുടർന്ന് കോൺഗ്രസ് - ഡി.എം.കെ. സർക്കാരിന് ഭൂരിപക്ഷം നഷ്ടമാകുകയായിരുന്നു. ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിനായി ഫെബ്രുവരി 22 ന് സഭയിൽ വിശ്വാസപ്രമേയം അവതരിപ്പിച്ചെങ്കിലും ഭൂരിപക്ഷം നഷ്ടമായെന്നുറപ്പിച്ച വി.നാരായണ സ്വാമിയുടെ നേതൃത്വത്തിലുള്ള സർക്കാർ വിശ്വാസവോട്ട് തേടാതെ രാജിവയ്ക്കുകയായിരുന്നു. മറ്റാരും സർക്കാരുണ്ടാക്കാൻ അവകാശവാദം ഉന്നയിക്കാത്ത സാഹചര്യത്തിലാണ് ലെഫ്. ഗവർണറുടെ ശിപാർശ പരിഗണിച്ച് രാഷ്ട്രപതി ഭരണത്തിന് കേന്ദ്രം ശിപാർശ ചെയ്തത്.

### രാജ്യസഭയിൽ പ്രാദേശിക ഭാഷകളുടെ ഉപയോഗം അഞ്ചിരട്ടിയായി

2004-2017 കാലഘട്ടത്തെ അപേക്ഷിച്ച് രാജ്യസഭയിൽ ഹിന്ദി ഇതര ഭാഷകളുടെ ഉപയോഗം കൂടി. 2018-2020 കാലഘട്ടത്തിൽ പ്രാദേശിക ഭാഷകളുടെ ഉപയോഗം അഞ്ചിരട്ടിയായെന്ന് രാജ്യസഭാ സെക്രട്ടേറിയറ്റ് നടത്തിയ പഠനം വ്യക്തമാക്കുന്നു. ഇക്കാലയളവിൽ രാജ്യസഭയിൽ ഹിന്ദി, തെലുങ്ക്, ഉറുദു, തമിഴ് എന്നീ ഭാഷകൾ കഴിഞ്ഞാൽ ഏറെ ഉപയോഗിച്ചത് സംസ്കൃതമാണെന്നും ഇത് സംബന്ധിച്ച റിപ്പോർട്ടിൽ പറയുന്നു. 1952 മുതൽ ഡോഗ്രി, കാശ്മീരി, കൊങ്കിണി, സന്താളി എന്നീ ഭാഷകൾ രാജ്യസഭയിൽ ഉപയോഗിക്കുന്നുണ്ടെങ്കിലും ആസാമീസ്, ബോഡോ, ഗുജറാത്തി, മൈഥിലി, മണിപ്പൂരി, നേപ്പാളി ഭാഷകളും ഒരിടവേളക്ക് ശേഷം രാജ്യസഭയിൽ ഉപയോഗിക്കപ്പെട്ടു. 2004-2017 കാലയളവിൽ 923 സമ്മേളന ദിവസങ്ങളിലായി പത്ത് പ്രാദേശിക ഭാഷകൾ മാത്രം ഉപയോഗിച്ചപ്പോൾ 2020 ൽ 33 സമ്മേളന ദിവസങ്ങളിലായി 49 തവണ പ്രാദേശിക ഭാഷകൾ ഉപയോഗിച്ചതായും ഇത് മുൻ കാലത്തെ അപേക്ഷിച്ച് 512 ശതമാനത്തിന്റെ വളർച്ചയാണെന്നും പഠനം ചൂണ്ടിക്കാട്ടി.

### ലോക്സഭ, രാജ്യസഭ ടി വി ചാനലുകൾ ഒരു കുടക്കീഴിൽ : ഇനി സൻസദ് ടി വി

ഭരണസൗകര്യവും ചെലവുചുരുക്കലും ലക്ഷ്യമിട്ട് രാജ്യസഭാ, ലോക്സഭാ ടി.വി. ചാനലുകൾ സംയോജിപ്പിച്ച് സൻസദ് ടി.വി. (പാർലമെന്റ് ടി.വി.) എന്ന ഒറ്റ കുടക്കീഴിലാക്കി. മുൻ ഐ.എ.എസ്. ഓഫീസറായ രവി കപൂറിനെ കരാറടിസ്ഥാനത്തിൽ സി.ഇ.ഒ. ആയി നിയമിച്ചു. ഇതോടെ സഭകൾ ചേരുന്ന അവസരങ്ങളിൽ ഇരുസഭകളിലേയും കാര്യപരിപാടികൾ രണ്ട് പ്ലാറ്റ്ഫോമുകളിലായി തത്സമയം സംപ്രേഷണം ചെയ്യും. സഭ ചേരാത്ത സന്ദർഭങ്ങളിൽ ഇരു പ്ലാറ്റ്ഫോമുകളിലും സമാനമായ പരിപാടികൾ ഒന്ന് ഹിന്ദിയിലും മറ്റേത് ഇംഗ്ലീഷിലുമാണ് സംപ്രേക്ഷണം ചെയ്യുക. രാജ്യസഭാധ്യക്ഷൻ വെങ്കയ്യനായിഡുവും ലോക്സഭാ സ്പീക്കർ ഓം ബിർളയും തമ്മിലുള്ള ചർച്ചകൾക്ക് ശേഷം രണ്ട് ചാനലുകളുടെയും സംയോജനം സംബന്ധിച്ച് പഠിക്കുന്നതിനായി 2019 നവംബറിൽ പ്രസാർ ഭാരതി മുൻ ചെയർമാൻ എ. സൂര്യപ്രകാശിന്റെ നേതൃത്വത്തിൽ ഒരു സമിതിയെ നിയോഗിച്ചിരുന്നു.

## നിയമസഭാ സമുച്ചയത്തിലെ വാർത്തകൾ




### നിയമസഭാ ഹോസ്റ്റലിലെ നിർമ്മാണ പ്രവൃത്തികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു

നിയമസഭാ ഹോസ്റ്റലിലെ നിള ബ്ലോക്കിൽ പുതുതായി നിർമ്മിച്ച നാലാം നിലയുടെ ഉദ്ഘാടനം 2021 ഫെബ്രുവരി 20 ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ വീഡിയോ കോൺഫറൻസ് മുഖേന നിർവ്വഹിച്ചു. ചടങ്ങിൽ നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ അദ്ധ്യക്ഷത വഹിക്കുകയും പമ്പ ബ്ലോക്കിന്റെ നവീകരണ പ്രവൃത്തികളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ സ്വാഗതം ആശംസിക്കുകയും ഹൗസ് കമ്മിറ്റി ചെയർമാൻ കോവൂർ കുഞ്ഞുമോൻ എം.എൽ.എ. ആശംസ അർപ്പിക്കുകയും ചെയ്തു. ചടങ്ങിൽ എസ്റ്റേറ്റ് ഓഫീസർ സഖറിയ പി. സാമുവൽ കൃതജ്ഞത രേഖപ്പെടുത്തി.

പുതുതായി നിർമ്മിച്ച നാലാം നിലയിൽ 18 എ.സി. മുറികളും, ഒരു എ.സി. ഡോർമിറ്ററിയും, ആറ് പൊതു ശുചിമുറികളുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. വനിതകൾക്കായി ഒരു വിശ്രമ മുറി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

### ഹരിതപ്രോട്ടോക്കോൾ നടപ്പിലാക്കി നിയമസഭാ സെക്രട്ടേറിയറ്റ്

കേരള സർക്കാർ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി, നിയമസഭാ വളപ്പിൽ 300 ചട്ടികളിലായി കൃഷി ചെയ്ത പച്ചക്കറികളുടെ വിളവെടുപ്പ് ഉദ്ഘാടനം 2021 ഫെബ്രുവരി 20ന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ നിർവ്വഹിച്ചു. ചടങ്ങിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ ജോർജ്ജ് അലക്സാണ്ടർ, നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ തുടങ്ങിയവർ പങ്കെടുത്തു.


നക്ഷത്ര വനത്തിന്റെ ഉദ്ഘാടനവും ഹരിത ക്ലബ്ബിനായി കൂടുതൽ സൗകര്യങ്ങളോടുകൂടി സജ്ജീകരിച്ച പുതിയ ഓഫീസിന്റെ ഉദ്ഘാടനവും അന്നേ ദിവസം സ്പീക്കർ നിർവ്വഹിച്ചു.

നിയമസഭാ സെക്രട്ടേറിയറ്റിൽ ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച സമിതിയുടെ ശിപാർശ പ്രകാരം കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ച ബാംബൂ വെർട്ടിക്കൽ ഇൻഡോർ ഗാർഡന്റെ ഉദ്ഘാടനവും അന്നേ ദിവസം തന്നെ സ്പീക്കർ നിർവ്വഹിച്ചു. ഗാർഡനിലേക്ക് ആവശ്യമായ ചെടികൾ വാങ്ങി നൽകിയത് ഹരിത ക്ലബ്ബായിരുന്നു.



## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...





### എർവിൻ ഷ്രോഡിംഗർ തരംഗങ്ങൾ സൃഷ്ടിച്ച മനുഷ്യൻ
**ജോർജ്ജ് വർഗീസ്**
കോട്ടയം: ഡിസി ബുക്സ്, 2020.
Call No: CwSCH 32R0
(ആധുനിക ശാസ്ത്രത്തിന് അപൂർവ്വ സുന്ദരമായ അധ്യായങ്ങൾ എഴുതിച്ചേർത്ത എർവിൻ ഷ്രോഡിംഗറുടെ ജീവചരിത്രം)

### മലയാളി ഒരു ജനിതക വായന കേരളീയരുടെ ജനിതക ചരിത്രം
**കെ. സേതുരാമൻ**
കോട്ടയം: ഡിസി ബുക്സ്, 2019.
Call No: G:6.212 32Q9
(കേരളത്തിലെ ആദിമ കുടിയേറ്റം മുതൽ ആധുനിക സമൂഹരൂപീകരണം വരെയുള്ള എല്ലാചരിത്രപ്രക്രിയകളെയും ജനിതക പഠനങ്ങളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്ന ഗ്രന്ഥം)

### Mahashweta
**Sudha Murty**
Gurgaon: Penguin, 2007.
Call No: O111,3SUDP7
(Novel)

### പിന്നിലേക്കു വീശുന്ന കാറ്റ്
**പി. രാമൻ**
കോട്ടയം: ഡിസി ബുക്സ്, 2020.
Call No: O32,1RAMR0
(കവിതാസമാഹാരം)

### ജാനകി
**സബാഹ്**
തൃശ്ശൂർ: ഗ്രീൻബുക്സ്, 2020.
Call No: O32,3(Y11)SABR0
(മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള പാരസ്പര്യത്തിന്റെ കഥപറയുന്ന നോവൽ )

### പോസ്റ്റ്മാൻ
**ബെന്യാമിൻ**
കോട്ടയം: ഡിസി ബുക്സ്, 2019.
Call No: O32,3BENQ9
(കഥാസമാഹാരം)

### നിലം പൂത്തു മലർന്ന നാൾ
**മനോജ് കുറൂർ**
കോട്ടയം: ഡിസി ബുക്സ്, 2020.
Call No: O32,3MANQ8
(നോവൽ)

### ഖബർ
**കെ. ആർ. മീര**
കോട്ടയം: ഡിസി ബുക്സ്, 2020.
Call No: O32,3MEER1
(നോവൽ)

### ഏക്താരയുടെ ഉന്മാദം
**ഷൗക്കത്ത്**
കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2020.
Call No: O32,3SHOR0
(നോവൽ)

### THE HINDU WAY AN INTRODUCTION TO HINDUISM
**Shashi Tharoor**
New Delhi: Aleph, 2019.
Call No: Q2 Q9
(A study on the fundamentals of Hinduism)

### പ്രാചീനകേരളത്തിന്റെ ചരിത്രം
**കെ ശിവശങ്കരൻ നായർ**
കോട്ടയം: ഡിസി ബുക്സ്, 2019.
Call No: V212 32Q9
(ശിലായുഗകാലം മുതൽ ക്രിസ്തുവർഷം 1500 വരെയുള്ള കേരളത്തിന്റെ സമഗ്രമായ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ-സാമ്പത്തിക ചരിത്രം)

### WHEN INDIA VOTES THE DYNAMICS OF SUCCESSFUL ELECTION CAMPAIGNING
**Jaishri Jethwaney and Samir Kapur**
New Delhi: Rupa, 2019.
Call No: W:91.2Q9
(This book explains the theoretical underpinnings of the relationship between democracy, mass media and election campaigning as well as representative campaigns of the last three decades of the two major players, viz. the Congress and the BJP)



## വിജ്ഞാനപഥം

### കേരളത്തിലെ നിയമസഭാ സാമാജികരിലൂടെ



എം. ഉമേഷ്റാവു | എം.വി.രാഘവൻ | റോസമ്മ പുന്നൂസ് | എ.കെ.ആന്റണി | കെ.കരുണാകരൻ

**നിയമസഭാംഗമാകാതെ മുഖ്യമന്ത്രിയായ ആദ്യ വ്യക്തി**

- സി.അച്യുതമേനോൻ (കേരളത്തിൽ ആദ്യമായി കാലാവധി തികച്ച മുഖ്യമന്ത്രി)

**സംസ്ഥാനത്ത് നാല് മുഖ്യമന്ത്രിമാരും നാല് മന്ത്രിസഭകളും അധികാരത്തിൽ വന്ന നിയമസഭ**

- 5 ാം കേരള നിയമസഭ (1977 മാർച്ച് 25 ന് കെ.കരുണാകരൻ മുഖ്യമന്ത്രിയായി. തുടർന്ന് ഏപ്രിൽ 27 ന് എ.കെ. ആന്റണിയും ഒന്നര വർഷത്തിനു ശേഷം പി.കെ. വാസുദേവൻ നായരും മുഖ്യമന്ത്രിയായി ചുമതലയേറ്റു. പി.കെ.വാസുദേവൻ നായർ ചുമതലയേറ്റ് ഒരു വർഷം തികയാൻ 15 ദിവസം ബാക്കി നിൽക്കേ സി.എച്ച്. മുഹമ്മദ്കോയ മുഖ്യമന്ത്രി പദവിയിലെത്തി)

**ഒരേ സമയം രണ്ട് മണ്ഡലങ്ങളിൽ നിന്ന് കേരള നിയമസഭയിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ട ഏക വ്യക്തി**

- കെ.കരുണാകരൻ (ഒരേ സമയം മാള, നേമം എന്നീ രണ്ട് മണ്ഡലങ്ങളിൽ നിന്ന് വിജയിച്ചു; കാലാവധി പൂർത്തിയാക്കിയ ആദ്യ കോൺഗ്രസ് മുഖ്യമന്ത്രി)

**ചികിത്സയിലിരിക്കെ ആശുപത്രിയിൽ വച്ച് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്ത വ്യക്തി**

- മത്തായി ചാക്കോ (2006 മേയ് 29 ന്)

**കേരളത്തിൽ തൊഴിലില്ലായ്മ വേതനം നടപ്പിലാക്കിയ മുഖ്യമന്ത്രി**

- എ.കെ.ആന്റണി (സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഉത്സവബത്ത ആദ്യമായി അനുവദിച്ചതും ഇദ്ദേഹം മുഖ്യ മന്ത്രിയായിരിക്കുമ്പോഴാണ്)

**ഒന്നാം കേരള നിയമസഭയിലെ ആംഗ്ലോ ഇന്ത്യൻ പ്രതിനിധി**

- വില്യം ഹാമിൽട്ടൺ ഡിക്രൂസ്

**കേരള നിയമസഭയുടെ ചരിത്രത്തിൽ കോടതി വിധിയിലൂടെ നിയമസഭാംഗത്വം നഷ്ടപ്പെട്ട ആദ്യ വ്യക്തി**

- റോസമ്മ പുന്നൂസ് (കേരള നിയമസഭാംഗമായി ആദ്യം സത്യപ്രതിജ്ഞ ചെയ്ത വ്യക്തി)

**കേരള നിയമസഭയിലേക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട ഏക വ്യക്തി**

- എം. ഉമേഷ്റാവു (1957 ൽ മഞ്ചേശ്വരത്ത് നിന്ന്; കേരള നിയമസഭയിൽ പാസായ ഏക സ്വകാര്യ ബിൽ ഉമേഷ്റാവുവിന്റേതാണ്)

**കേരള നിയമസഭയിൽ കൂടുതൽ മണ്ഡലങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട അംഗം**

- എം.വി.രാഘവൻ (മാടായി, തളിപ്പറമ്പ്, കൂത്തുപറമ്പ്, പയ്യന്നൂർ, അഴീക്കോട്, കഴക്കൂട്ടം, തിരുവനന്തപുരം വെസ്റ്റ് എന്നീ മണ്ഡലങ്ങളിൽ നിന്ന് വിജയിച്ചിട്ടുണ്ട്)

**കേരള നിയമസഭയിൽ ബജറ്റ് അവതരിപ്പിച്ച ആദ്യ മുഖ്യമന്ത്രി.**

- ആർ. ശങ്കർ (1954 ൽ 'ദിനമണി' പത്രം ആരംഭിച്ചത് ഇദ്ദേഹമാണ്)

## സോഫ്റ്റ്‌വെയർ വികസിപ്പിച്ച ജീവനക്കാരന് അംഗീകാരം

നിയമസഭയിൽ അവതരിപ്പിക്കുന്ന ബില്ലുകൾക്ക് ജനറൽ അമെന്റ്മെന്റുകൾ നിർദ്ദേശിക്കുന്ന അംഗങ്ങളുടെ പേരുകൾ നറുക്കെടുപ്പിന് വിധേയമാക്കുന്നതിനുള്ള 'ലെജിലോട്ട്'സോഫ്റ്റ്‌വെയർ വികസിപ്പിച്ച നിയമസഭാ സെക്രട്ടേറിയറ്റിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ഹരികൃഷ്ണൻ ആർ.എസ്. ന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ പ്രശംസാപത്രം നൽകി ആദരിച്ചു. നിയമസഭാസമ്മേളനവുമായി ബന്ധപ്പെട്ട അധികജോലി നിർവ്വഹിക്കുന്നവർക്കുള്ള ഓവർടൈം അലവൻസ് വേഗത്തിൽ നൽകുന്നതിന് സഹായകമായ സോഫ്റ്റ്‌വെയർ വികസിപ്പിച്ചതും ഈ അംഗീകാരം നൽകുന്നതിന് കാരണമായി. 2017 ൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിച്ച ഹരികൃഷ്ണൻ ആർ.എസ്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് ബിരുദധാരിയാണ്.



# നിയമസഭ : ജനാധിപത്യത്തിന്റെ കലാശാല

2020 ലെ ദൃശ്യമാധ്യമ രംഗത്ത് നിയമസഭാ നടപടികളുടെ മികച്ച റിപ്പോർട്ടിംഗിനുള്ള ജി.കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ് ജേതാവ് മാതൃഭൂമി ന്യൂസ് റിപ്പോർട്ടർ ആർ.ശ്രീജിത്ത് 'അറിവോര'ത്തിനു നൽകിയ പ്രതികരണം

രാഷ്ട്രീയം റിപ്പോർട്ട് ചെയ്യുന്നതും രാഷ്ട്രീയ സംഭവങ്ങളെ കൃത്യമായി നിരീക്ഷിക്കുന്നവരുമായ മാധ്യമപ്രവർത്തകർ ഒരിക്കലും നഷ്ടപ്പെടുത്തിക്കൂടാത്ത അവസരമാണ് നിയമസഭാ സമ്മേളനങ്ങൾ.എപ്പോഴും വളരെ ചലനാത്മകമായ മേഖലയാണ് രാഷ്ട്രീയം. നിയമസഭാ സമ്മേളനം നടക്കുന്ന സമയമാണെങ്കിൽ ആ സജീവത അതിന്റെ പൂർണതയിൽ പ്രകടമാകുന്ന വേദി അതാകും. ഈ സവിശേഷതയാണ് നിയമസഭാ റിപ്പോർട്ടിങ്ങിനോട് താൽപര്യം തോന്നാൻ കാരണം. അതാത് സമയത്തെ രാഷ്ട്രീയ സംഭവങ്ങൾക്കും ഭരണനടപടികൾക്കും സഭയിൽ എത്തുമ്പോൾ ഉണ്ടാകുന്ന മാറ്റം, അതിനെ ഓരോ പാർട്ടികളും നേതാക്കളും സമീപിക്കുന്ന രീതി, അതിൽ ഇടപെട്ട് നടത്തുന്ന പ്രതികരണങ്ങൾ എന്നിവ നിരീക്ഷിക്കുന്നത് വലിയ അനുഭവമായിരുന്നു. രാഷ്ട്രീയ പ്രവർത്തകർ എന്നപോലെ രാഷ്ട്രീയം റിപ്പോർട്ട് ചെയ്യുന്നവരും എല്ലായ്പ്പോഴും വിദ്യാർത്ഥികളാവണം. സംഭവങ്ങളുടെ ഗതിവിഗതികളെപ്പറ്റി എഴുതുമ്പോൾ, റിപ്പോർട്ട് ചെയ്യുമ്പോൾ നല്ല ഉൾക്കാഴ്ച ലഭിക്കാൻ അത് സഹായകരമാകും. ആ നിലയിൽ ഏറെ അറിവും അനുഭവവും നൽകിയ വേദിയാണ് നിയമസഭ.



ആർ.ശ്രീജിത്ത്

2004 ൽ കൈരളി ടി.വിയുടെ റിപ്പോർട്ടറായി തിരുവനന്തപുരത്തേക്ക് സ്ഥലംമാറി എത്തുമ്പോഴാണ് നിയമസഭ സമ്മേളനം റിപ്പോർട്ട് ചെയ്യാൻ ആദ്യമായി അവസരം ലഭിക്കുന്നത്. വക്കം പുരുഷോത്തമനായിരുന്നു അന്ന് സ്പീക്കർ. സഭയിലെ ചിട്ടകൾ, നടപടിക്രമങ്ങൾ, സമയനിഷ്ഠ എന്നിവയിൽ വക്കം പുലർത്തിയ കാർക്കശ്യം ഒരു പാഠമായിരുന്നു.സീറോ അവറിൽ റൂൾ 50 പ്രകാരമുള്ള അടിയന്തര പ്രമേയ നോട്ടീസും അവതരണവും മറുപടിയും എല്ലാം സമയം അപഹരിക്കാതെ നടത്തിയെടുക്കുന്ന കൈയടക്കം ഗ്യാലറിയിൽ നിന്ന് വീക്ഷിക്കുന്നവർക്ക് രസകരമായ കാഴ്ചയായിരുന്നു. പിന്നീട് എ.കെ.ആന്റണി മാറി ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായപ്പോൾ സ്പീക്കറും മാറി. വക്കം പുരുഷോത്തമൻ ധനമന്ത്രിയായി പോയപ്പോൾ മൃദുഭാഷിയും സൗമ്യനുമായ തേറമ്പിൽ രാമകൃഷ്ണനായി സ്പീക്കർ. നടപടികൾ പൂർത്തിയാക്കി ഉച്ചയ്ക്ക് 12.30ന് തന്നെ സ്വിച്ചിട്ടപോലെ സഭ നിർത്തുന്ന കാലത്തുനിന്ന് സമ്മേളനം തീരാൻ സന്ധ്യയാകുന്ന കാലത്തേക്കുള്ള മാറ്റം കൂടിയായിരുന്നു അത്. എന്നാൽ രണ്ട് വ്യക്തികൾക്ക് രണ്ട് ശൈലി എന്നത് പോലെ രണ്ട് സ്പീക്കർമാർക്ക് രണ്ട് രീതി എന്നേ അതിനെ കാണേണ്ടതുള്ളൂ. സ്പീക്കർമാരുടേത് പോലെതന്നെ ഓരോ സഭാംഗവും വിഷയങ്ങളെ സമീപിക്കുമ്പോഴുള്ള അവരുടെ ശൈലിയും നല്ല പാഠങ്ങളായിരുന്നു. ക്രമപ്രശ്നങ്ങളിലും ചട്ടലംഘനങ്ങളിലും ഉയർന്ന് കേൾക്കുന്ന ശക്തർ ആന്റ് കൗൾ പുസ്തകം ആദ്യമൊക്കെ ഒരു ജാർഗണായിരുന്നു. പിന്നീട് മുതിർന്ന അംഗങ്ങളുമായും മാധ്യമ പ്രവർത്തകരുമായുള്ള സംഭാഷണങ്ങളിലാണ് സഭാ വിഷയങ്ങളിൽ ആശ്രയിക്കുന്ന പ്രാമാണിക രേഖയാണെന്ന് ബോധ്യപ്പെടുന്നത്.

നിയമസഭാ റിപ്പോർട്ടിങ്ങ് ഒരു ദിവസം കൊണ്ടോ ഒരു സമ്മേളനം കൊണ്ടോ വൈദഗ്ധ്യം നേടാവുന്ന കാര്യമല്ല. സഭ നടക്കുന്നത് ചട്ടങ്ങൾ മാത്രം കൊണ്ടല്ല, ചട്ടങ്ങൾ പോലെ തന്നെ കീഴ്വഴക്കവും പ്രധാനമാണ്. ചട്ടങ്ങൾക്ക് ഒരു ലിഖിതരൂപം ഉണ്ടെങ്കിൽ, കീഴ്വഴക്കം ഒരോ പ്രത്യേക സംഭവങ്ങളും നടപടികളും ഉണ്ടാകുമ്പോൾ മാത്രം മനസിലാക്കാൻ കഴിയുന്നകാര്യമാണ്. സഭാ നടപടികളെ ഗൗരവത്തിൽ പിന്തുടർന്നാൽ മാത്രമേ അത് ഹൃദിസ്ഥമാക്കാനാകൂ. റിപ്പോർട്ടിങ്ങിന്റെ തുടക്കത്തിൽ അതൊക്കെ മനസിലാക്കിയെടുക്കുകയായിരുന്നു വെല്ലുവിളി. ഇപ്പോഴത്തെ പോലെ ടെലിവിഷൻ ചാനലുകൾക്ക് ചോദ്യോത്തരവേളയ്ക്കും സീറോ അവറിനും ചർച്ചയ്ക്കും എല്ലാം പ്രത്യേകം റിപ്പോർട്ടർമാരെ നിയോഗിക്കാനുള്ളത്ര സ്റ്റാഫ് സ്ട്രങ്ത് ഉള്ള കാലമായിരുന്നില്ല അത്. നടപടികൾ നിരീക്ഷിക്കുന്നതിനും മനസിലാക്കുന്നതിനുമൊപ്പം സഭാതലത്തിൽ നിന്ന് ഉണ്ടാകുന്ന വാർത്തകളും തത്സമയം നൽകുകയും വേണമായിരുന്നു. മന്ത്രിമാരോ നേതാക്കളോ പറയുന്ന കാര്യങ്ങൾ വേഗത്തിൽ ഗ്രഹിക്കുന്നതും അർത്ഥവും രാഷ്ട്രീയ സൂചനകളും ചോർന്നുപോകാതെ റിപ്പോർട്ട് ചെയ്യുന്നതും വെല്ലുവിളിയാണ്. കേട്ട് ഉറപ്പുവരുത്തി റിപ്പോർട്ട് ചെയ്യാൻ വെബ് കാസ്റ്റിങ്ങൊന്നും ഇല്ലാതിരുന്ന കാലത്ത് സഭാ സമ്മേളനങ്ങൾ റിപ്പോർട്ട് ചെയ്യാൻ പുലർത്തിയ ശ്രദ്ധയും താൽപര്യവുമാണ് ഗ്രഹണശേഷി വർദ്ധിപ്പിച്ചതെന്ന് നന്ദിയോടെ സ്മരിക്കുന്നു. ഒന്നിന് പിറകെ ഒന്നായി നടപടികളും വാർത്തകളും കടന്നുപോകുന്ന സഭാസമ്മേളനം തത്സമയം വാർത്തകൾ നൽകേണ്ടി വരുന്ന ടെലിവിഷൻ റിപ്പോർട്ടർക്ക് മുന്നിൽ നിരന്തര പരീക്ഷണം ഒരുക്കും. ആ വെല്ലുവിളിയെ മറികടക്കുന്നത് ഒരു റിപ്പോർട്ടറെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട് എന്നതാണ് അനുഭവം.

നിയമസഭ ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്നത് ഇന്ന് തേഞ്ഞ് പഴകിയതോ ചിലപ്പോഴൊക്കെ പരിഹാസ്യമായി ഉപയോഗിക്കപ്പെടുന്നതോ ആയ പ്രയോഗമാണ്. വിമർശന ബുദ്ധിയോടെ കുറ്റങ്ങളും കുറവുകളും ഒക്കെ ചൂണ്ടിക്കാട്ടാനാകുമെങ്കിലും ജനാധിപത്യത്തിന്റെ വലിയ പാഠങ്ങൾ പകർന്നുതരുന്ന കലാശാലയാണ് നിയമസഭയെന്ന് നിസംശയം പറയാം. എന്താണ് നമ്മുടെ ജനാധിപത്യത്തിന്റെ സവിശേഷതകൾ, എന്തെല്ലാം കാഴ്ചപ്പാടുകളിൽ നിന്നാണ് അത് ഇന്ന് കാണുന്ന രൂപത്തിലേക്ക് ഉരുത്തിരിഞ്ഞ് എത്തിയത്, എങ്ങനെയാണ് നിയമനിർമ്മാണസഭയിൽ നിയമങ്ങൾ പാസാക്കുന്നത്, പാസാക്കുന്ന നിയമങ്ങൾ കുറ്റമറ്റതാക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് ചട്ടങ്ങളിലുള്ളത് എന്നിവയെപ്പറ്റിയെല്ലാം സഭയിൽ നിന്ന് വിശദമായി മനസിലാക്കാനാകും.ആ അർത്ഥത്തിൽ മാധ്യമ പ്രവർത്തകർക്ക് മുന്നിൽ സഭ വലിയ അവസരമാണ് തുറന്നിട്ടിരിക്കുന്നത്.

# ഇ-നിയമസഭ പദ്ധതി : ഡാറ്റാ സെന്റർ യാഥാർഥ്യമായി

ഇ-നിയമസഭാ പദ്ധതിയുടെ ഭാഗമായി ഒരു ഡാറ്റാ സെന്റർ നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചു. പ്രാരംഭത്തിൽ 200 TB സ്റ്റോറേജ് കപ്പാസിറ്റിയുള്ള സെർവർ റൂം ഇരുപത്തി നാല് മണിക്കൂറും പ്രവർത്തിക്കുന്ന നിരീക്ഷണ സംവിധാനമുള്ള NOC Room, fire rated walls മുഖേന സംരക്ഷിച്ചിട്ടുള്ള UPS റൂം എന്നിവ ഉൾപ്പെടുന്ന ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള ഡാറ്റാ സെന്ററിന്റെ നിർമ്മാണമാണ് പൂർത്തീകരിച്ചത്. തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം പ്രാബല്യത്തിലുള്ള സാഹചര്യത്തിൽ ഔപചാരികമായ ചടങ്ങുകൾ കൂടാതെ 2021 മാർച്ച് 5 ന് ULTS സി.ഇ.ഒ രവീന്ദ്രൻ കസ്തൂരി സ്പീക്കർ പി.ശ്രീരാമകൃഷ്ണന് ഡാറ്റാ സെന്റർ കൈമാറി.

നിയമസഭാ സമുച്ചയത്തിലെ അസംബ്ലി, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗുകൾ, നിയമസഭാ ഹോസ്റ്റലിലെ നിളബ്ലോക്ക് നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗങ്ങൾ എന്നിവിടങ്ങളിലെഫർണിച്ചറുകളുടെ സജ്ജീകരണം പൂർത്തിയായി വരുന്നു. മൊബൈൽ ആപ്ലിക്കേഷനിൽ android version ന്റെ ആദ്യ ഘട്ടം യൂസർ അസസ്മെന്റ് ടെസ്റ്റ് (UAT) പൂർത്തിയാക്കി കഴിഞ്ഞു. മൊബൈൽ ആപ്ലിക്കേഷന്റെ iOS പതിപ്പ് UAT യ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. ടേബിൾ വിഭാഗം, സബ്ജക്ട് കമ്മിറ്റികൾ, ലെജിസ്ലേഷൻ, മേശപ്പുറത്ത് വച്ച കടലാസ്സുകൾ സംബന്ധിച്ച സമിതി എന്നിവയ്ക്കുള്ള software application module കളുടെ പ്രവർത്തന പ്രദർശനം നടത്തുകയും UAT പുരോഗമിക്കുകയും ചെയ്യുന്നു. ഈ മൊഡ്യൂളുകൾ ബന്ധപ്പെട്ട വിഭാഗങ്ങളുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിൽ ചോദ്യോത്തര നടപടികൾ പൂർണ്ണമായും ഇ-നിയമസഭാ ആപ്ലിക്കേഷൻ മുഖാന്തരം നിർവ്വഹിച്ചു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം, ബജറ്റ് പ്രസംഗം, ചോദ്യങ്ങൾക്കുള്ള മറുപടികൾ എന്നിവ ആപ്ലിക്കേഷനിലൂടെ സാമാജികർക്ക് ലഭ്യമാക്കി. സമ്മേളന കാലയളവിൽ സഭയ്ക്കുള്ളിൽ ഇ-വോട്ടിംഗ് സംവിധാനം മുഖേനയാണ് സാമാജികർ ഗവർണ്ണറുടെ പ്രമേയത്തിനുള്ള നന്ദി പ്രമേയത്തിന്മേൽ വോട്ടിംഗ് നിർവ്വഹിച്ചത്.



ഇ-ആപ്ലിക്കേഷനിലൂടെ ചോദ്യങ്ങളും ഉത്തരങ്ങളും ലഭ്യമാക്കിയതു വഴി അച്ചടി ഇനത്തിൽ വൻതുക ലാഭിക്കാൻ കഴിഞ്ഞു. കടലാസിന്റെ ഉപയോഗം കുറച്ചതിലൂടെ പരിസ്ഥിതി സൗഹൃദ നിയമസഭയെന്ന ലക്ഷ്യത്തിലേക്ക് ഒരു ചുവടു കൂടി മുന്നോട്ട് വയ്ക്കാനും സാധിച്ചു. ചോദ്യങ്ങൾ, സബ്മിഷൻ തുടങ്ങിയവക്കുള്ള മറുപടി കാലതാമസം കൂടാതെ ഇ-നിയമസഭാ പോർട്ടൽ നിയമസഭാ വെബ്സൈറ്റ് എന്നിവ മുഖേന അംഗങ്ങൾക്കും പത്രക്കാർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കി.

ബജറ്റ് ഡോക്യുമെന്റ്സ്, മേശപ്പുറത്തു വയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച കാര്യങ്ങൾ തുടങ്ങിയവ ഇ-നിയമസഭയിലൂടെ നടപ്പിലാക്കുന്നത് സംബന്ധിച്ച് ധനകാര്യം, പാർലമെന്ററികാര്യം, സ്റ്റേറ്റ് ആഡിറ്റ് എന്നീ വകുപ്പുകളുമായും എ.ജി. (ആഡിറ്റ്)ലെ പ്രതിനിധികളുമായും ചർച്ച നടത്തുകയുണ്ടായി.

സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധനയ്ക്കായി വരുന്ന ബില്ലുകളിന്മേലുള്ള നടപടികൾ സംബന്ധിച്ച മൊഡ്യൂളിന്റെ പ്രവർത്തനം, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് പ്രദർശിപ്പിച്ചു.പദ്ധതി കാലയളവിൽ ഇലക്ട്രിക്കൽ സ്കീം തയ്യാറാക്കുന്നതിനും ഇ-നിയമസഭാ പദ്ധതിയോടനുബന്ധിച്ച് നടത്തുന്ന ഇലക്ട്രിക്കൽ വർക്കുകൾക്ക് അനുമതി ലഭ്യമാക്കുന്നതിനും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, പി.ഡബ്ല്യൂ.ഡി.(ഇലക്ട്രിക്കൽ) വിഭാഗം എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെയും ULTS പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു യോഗം സംഘടിപ്പിച്ചു.

## അമിനിറ്റീസ് അസിസ്റ്റന്റുമാർക്കുള്ള പരിശീലന പരിപാടി



കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ അമിനിറ്റീസ് അസിസ്റ്റന്റുമാർക്കായി 2021 ഫെബ്രുവരി 23, 24 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ 5-ഇ കോൺഫറൻസ് ഹാളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിപാടിയിൽ നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് 'അമിനിറ്റീസ് അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങളും ചുമതലകളും' എന്ന വിഷയത്തിൽ ജോയിന്റ് സെക്രട്ടറി എസ്. അനിൽ വിശദമായ ക്ലാസ്സ് എടുത്തു.

## ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പുതുതായി നിയമനം ലഭിച്ച അസിസ്റ്റന്റുമാർക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചു



കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെയും സംയുക്താഭിമുഖ്യത്തിൽ, ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പുതുതായി നിയമനം ലഭിച്ച അസിസ്റ്റന്റുമാർക്കായി ഒരു പരിശീലന പരിപാടി 2021 മാർച്ച് 1,2 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ 5-ഇ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. പരിപാടിയിൽ നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ 'ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ് ആന്റ് ജുഡീഷ്യറി' എന്ന വിഷയത്തിലും സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എസ്. രാമദാസൻ പോറ്റി 'നിയമസഭാ സമിതികളും അവയുടെ പ്രവർത്തനങ്ങളും' എന്ന വിഷയം സംബന്ധിച്ചും അസിസ്റ്റന്റുമാർക്ക് ക്ലാസ്സുകൾ നൽകി. ഉച്ചയ്ക്ക് ശേഷമുള്ള സെഷനിൽ സ്പെഷ്യൽ സെക്രട്ടറി ആർ. കിഷോർകുമാർ 'ലെജിസ്ലേറ്റീവ് പ്രോസസ്സ്' എന്ന വിഷയത്തിലും സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ആർ.എസ്. സന്തോഷ് കുമാർ 'കേരള നിയമസഭ പവേഴ്സ് ആൻഡ് പ്രിവിലേജസ്' എന്ന വിഷയത്തിലും ക്ലാസ്സെടുത്തു. രണ്ടാം ദിവസത്തെ പരിശീലന പരിപാടിയിൽ ഡെപ്യൂട്ടി സെക്രട്ടറി ജി.പി. ഉണ്ണികൃഷ്ണൻ 'മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകൾ' സംബന്ധിച്ചും ജോയിന്റ് സെക്രട്ടറി എസ്.അനിൽ 'Question Hour and Assurances- LAIS and AID' എന്ന വിഷയത്തിലും ജോയിന്റ് സെക്രട്ടറി സഖറിയ പി. സാമുവൽ 'കേരള നിയമസഭ ചരിത്രവും നാഴികക്കല്ലുകളും' എന്ന വിഷയത്തിലും ക്ലാസ്സുകൾ എടുത്തു. തുടർന്ന് പരിശീലനത്തിനെത്തിയ അസിസ്റ്റന്റുമാർ നിയമസഭാ ഹാൾ, നിയമസഭാ മ്യൂസിയം എന്നിവ സന്ദർശിച്ചു.

## അസിസ്റ്റന്റുമാർക്കായുള്ള ഇൻഡക്ഷൻ ട്രെയിനിംഗ് പ്രോഗ്രാം



നിയമസഭാ സെക്രട്ടേറിയറ്റിൽ പുതുതായി നിയമനം ലഭിച്ച അസിസ്റ്റന്റുമാർക്കായി ഒരു ഇൻഡക്ഷൻ ട്രെയിനിംഗ് പ്രോഗ്രാം 2021 ഫെബ്രുവരി 25,26 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ 5- ഇ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. ആദ്യ ദിവസം സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ നിയമസഭയുടെ ചട്ടങ്ങളും നടപടിക്രമങ്ങളും സംബന്ധിച്ചും ജോയിന്റ് സെക്രട്ടറി ബി.റെജി നിയമസഭ സമിതികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചും ക്ലാസ്സുകൾ എടുത്തു. രണ്ടാം ദിവസം നിയമസഭാ മുൻ അഡീഷണൽ സെക്രട്ടറി എസ്. തുളസീധരൻ സെക്രട്ടേറിയറ്റ് ഓഫീസ് മാനുവൽ സംബന്ധിച്ച് പരിശീലനം നൽകി.

## സർട്ടിഫിക്കറ്റ് കോഴ്സ് വാചാ പരീക്ഷയും സമ്പർക്ക ക്ലാസുകളും

2020 വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിന്റെ പരീക്ഷയുമായി ബന്ധപ്പെട്ട വൈവ വോസി 2021 ഫെബ്രുവരി 16, 18, 19 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ വിവിധ കോൺഫറൻസ് ഹാളുകളിലായി ഓൺലൈൻ സംവിധാനം മുഖേന സംഘടിപ്പിച്ചു. നിയമസഭാ സെക്രട്ടറി എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സ്പെഷ്യൽ സെക്രട്ടറി ആർ. കിഷോർകുമാർ, അഡീഷണൽ സെക്രട്ടറിമാരായ എം.ആർ മഹേശ്വരി, കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറിമാരായ ബി. റെജി, എസ്. അനിൽ, സഖറിയ പി സാമുവൽ, ഡി.ഡി.ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി ജി. പി. ഉണ്ണികൃഷ്ണൻ ആറ്റിങ്ങൽ ഗവ. കോളേജ് രാഷ്ട്രമീമാംസ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ കെ. പ്രദീപ് കുമാർ എന്നിവർ ഉൾപ്പെട്ട നാല് വൈവ വോസി ബോർഡുകളാണ് വാചാ പരീക്ഷ നടത്തിയത്. വാചാ പരീക്ഷയിൽ ഇരുന്നൂറ്റി ഏഴ് പഠിതാക്കൾ പങ്കെടുത്തു.

സർട്ടിഫിക്കറ്റ് കോഴ്സ് 2020 ബാച്ചിന്റെ (ഏഴാമത് ബാച്ച്) ഒന്നാം ഘട്ട സമ്പർക്ക ക്ലാസുകൾ തിരുവനന്തപുരത്ത് 2021 ഫെബ്രുവരി 13, 14 തീയതികളിലും കോഴിക്കോട്ട് ഫെബ്രുവരി 27, 28 തീയതികളിലും എറണാകുളത്ത് മാർച്ച് 6, 7 തീയതികളിലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സംഘടിപ്പിച്ചു. സമ്പർക്ക ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് റിസോഴ്സ് പേഴ്സൺസ് ആയി നിയമസഭാ സെക്രട്ടേറിയറ്റിലെ സ്പെഷ്യൽ സെക്രട്ടറി ആർ.കിഷോർകുമാർ, ജോയിന്റ് സെക്രട്ടറിമാരായ ബി.റെജി, എസ്.അനിൽ, ഡെപ്യൂട്ടി സെക്രട്ടറി ജി.പി.ഉണ്ണികൃഷ്ണൻ എന്നിവരും കണ്ണൂർ യൂണിവേഴ്സിറ്റി കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഡോ.പി.ജെ.വിൻസെന്റുമാണ് നിയോഗിക്കപ്പെട്ടത്. വിവിധ കേന്ദ്രങ്ങളിലായി നൂറ്റി ഇരുപതിലേറെ പഠിതാക്കൾ സമ്പർക്ക ക്ലാസുകളിൽ പങ്കെടുത്തു.

## വലയിൽ നിന്ന്..




1968 ലെ സംസ്ഥാന സർക്കാർ ഭാഗ്യക്കുറി ടിക്കറ്റ്

# 'സെൻട്രൽ ഹാളിൽ' അതിഥിയായി സ്പീക്കർ

## കേരള നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണനുമായി നിയമസഭാംഗം റോജി എം. ജോണും പ്രശസ്ത മാധ്യമ പ്രവർത്തകൻ അഭിലാഷ് മോഹനും നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ

**കേരള നിയമസഭാ സ്പീക്കർ എന്ന നിലയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ പ്രവർത്തനങ്ങളെ സ്വയം എങ്ങനെ വിലയിരുത്തുന്നു? ചെയ്ത കാര്യങ്ങളിൽ ചാരിതാർത്ഥ്യം ഉണ്ടോ? ചെയ്യാൻ കഴിയാത്ത കാര്യങ്ങളിൽ വിഷമം ഉണ്ടോ?**

ഞാൻ പ്രതീക്ഷിച്ചതും ലക്ഷ്യം വച്ചതും വളരെ പരമ്പരാഗതമായ അഥവാ കൺവെൻഷണലായ സ്പീക്കർഷിപ്പിനെ പൊളിച്ചടുക്കുക എന്നതായിരുന്നു. അത് എനിക്ക് ഉദ്ദേശിച്ച രീതിയിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. സ്പീക്കർഷിപ്പ് എന്നു പറയുന്നത് സമൂഹത്തിന്റെ എല്ലാ ചലനങ്ങളിൽ നിന്നും മാറി അടഞ്ഞ മുറിയിൽ ഇരിക്കുന്ന ഒരു ഏർപ്പാടല്ല. ഒരു പക്ഷേ, കക്ഷി രാഷ്ട്രീയത്തിന്റെ സജീവതയിൽ പങ്കെടുക്കാൻ പാടില്ല എന്നത് ഒരു വസ്തുതയാണ്. എന്നാൽ, അങ്ങനെയുള്ള ഒരു നിലപാട് സഭയിൽ സ്വീകരിക്കുമ്പോൾ കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിനു ബുദ്ധിമുട്ടാകും, പക്ഷേ, നമ്മുടെ നാട്ടിൽ നടക്കുന്ന ചലനങ്ങൾ, പ്രശ്നങ്ങൾ ഇതിനൊടെല്ലാം മുഖം തിരിഞ്ഞു നിൽക്കുന്ന ഒരു രീതി ഒട്ടും ശരിയല്ല. ജനാധിപത്യത്തിൽ അധിഷ്ഠിതമായ ഒരു സഭയുടെ പ്രാതിനിധ്യം വഹിക്കുന്ന ഒരാൾക്ക് നാട്ടിൽ നടക്കുന്ന വിഷയങ്ങളോട് പ്രതികരണമില്ല എന്ന് പറയുന്നത് ശരിയല്ല. അതുകൊണ്ട് ഞാൻ പ്രതികരിക്കും. മറ്റൊരുകാര്യം, ജനാധിപത്യം എന്നത് എല്ലാക്കാലത്തും ഒരു പോലെ ആയിരിക്കില്ല. ഒരു പോലെ ആകുകയുമില്ല. അത് മാറിക്കൊണ്ടിരിക്കും. ഇപ്പോൾ തന്നെ ലോകത്തിന്റെ പല ഭാഗത്തും പല രൂപത്തിലാണ് ജനാധിപത്യം നിലനിൽക്കുന്നത്. ഉദാഹരണമായി സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ ഇന്ററാക്ടീവ് പാർലമെന്ററി രീതിയാണ്. ജനങ്ങളുടെ സന്തോഷം വർദ്ധിപ്പിക്കാനുള്ള ഒരു സോഷ്യൽ എഞ്ചിനീയറിംഗാണ് പൊളിറ്റിക്സ്. അതിനായി ജനാധിപത്യത്തിന് ചെയ്യാനുള്ളത് പുതിയ പുതിയ വിതാനങ്ങൾ അന്വേഷിക്കുകയാണ്. ആ വിതാനങ്ങൾ കുറെ ഞാൻ അന്വേഷിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ നിലവിൽ ഇല്ലാത്ത ഒരു കാര്യം ചെയ്യുമ്പോൾ അത് പല തരത്തിൽ വ്യാഖ്യാനിക്കപ്പെടാം. എന്നാൽ ആ വ്യാഖ്യാനങ്ങളിലൊന്നും എനിക്ക് വിഷമം തോന്നിയിട്ടില്ല.

**പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുക, ഗവൺമെന്റിന്റെ ബിസിനസ്സ് മുന്നോട്ടുകൊണ്ടു പോകുക എന്നുള്ളതാണ് സ്പീക്കറുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വം. അതൊരു വലിയ ചാലഞ്ചിംഗ് ടാസ്കും ആണ്. ഈ രണ്ടു കാര്യങ്ങളും പൂർണ്ണമായും ബാലൻസ് ചെയ്യാൻ സാധിച്ചിട്ടുണ്ട് എന്ന് അങ്ങയ്ക്ക് പറയാൻ കഴിയുമോ?**

സ്പീക്കറുടെ നിഷ്പക്ഷത എന്നു പറയുന്നത് സഭയിലാണ്. പ്രതിപക്ഷത്തിന്റെ ശബ്ദം ഉയരാനുള്ള അവസരം ഒരുക്കുക എന്നതാണ് സ്പീക്കറുടെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യം. അതിനോടൊപ്പം ഭരണപക്ഷത്തിന് അവരുടെ ബിസിനസ്സ് നടത്തിക്കൊണ്ടുപോകാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു. പ്രതിപക്ഷത്തിന്റെ ശബ്ദം എത്ര വലുതായാലും ചെറുതായാലും സഭയിൽ ഉയരുമ്പോൾ തടസ്സപ്പെടുത്തുന്ന രീതി പൊതുവേ ഞാൻ സ്വീകരിച്ചിട്ടില്ല. പ്രതിപക്ഷനേതാവിന് എപ്പോൾ വേണമെങ്കിലും സംസാരിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നു. ശ്രീ.ഒ.രാജഗോപാൽ, ശ്രീ.പി.സി. ജോർജ് എന്നീ അംഗങ്ങൾക്കും ഒരിക്കലും അവസരം നിഷേധിച്ചിട്ടില്ല. പ്രതിപക്ഷത്തെ തമസ്കരിക്കാൻ ഞാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. എന്നാൽ, പ്രത്യേക സന്ദർഭങ്ങളിൽ ചില നിലപാടുകൾ സ്വീകരിക്കേണ്ടി വന്നിട്ടുണ്ടാകാം. തികച്ചും രാഷ്ട്രീയ പ്രേരിതമായിട്ടുള്ള പ്രതിപക്ഷത്തിന്റെ നിലപാടുകളോട് ചട്ടങ്ങളും കീഴ് വഴക്കങ്ങളും അനുസരിച്ച് യോജിച്ചു നിൽക്കാൻ പറ്റാത്ത സാഹചര്യം സംജാതമാകുമ്പോഴാണ് അത്.

**ചെയർ നിഷ്പക്ഷമാണെന്നുള്ളതാണ് സങ്കൽപം. അതോടൊപ്പം തന്നെ ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധിയുമാണ് സ്പീക്കർ. ഇതു തമ്മിൽ ബാലൻസ് ചെയ്യുമ്പാൾ പ്രശ്നം വന്നിട്ടുണ്ടോ ?**

അതിൽ ഒരു രാഷ്ട്രീയ താൽപര്യം ഇല്ല. ഉദാഹരണത്തിന് ഭരണപക്ഷം എന്തു പറയുന്നു എന്നത് എന്റെ മാറ്റർ ഓഫ് കൺസേൺ അല്ല. പ്രതിപക്ഷത്തിന് എന്തും പറയാം. പ്രതിപക്ഷം എന്തുപറയുമ്പോഴും സ്പീക്കർ തടസ്സപ്പെടുത്തുന്നില്ല എന്നാണ് ഭരണപക്ഷത്തിന്റെ പരാതി. പ്രതിപക്ഷത്തിന് പറയാനുള്ളത് സഭയിൽ ഉയരാതിരിക്കാനുള്ള സമീപനം ഞാൻ ഒരിക്കലും സ്വീകരിച്ചിട്ടില്ല. മറ്റൊരുകാര്യം, നമ്മൾ നിലപാടുകൾ എടുക്കേണ്ടത് എപ്പോഴും പ്രശ്നങ്ങൾ വരുമ്പോഴാണ്. ഉദാഹരണത്തിന് റൂളിംഗുകൾ, എന്റെ റൂളിംഗുകളിൽ 75 ശതമാനവും ഭരണപക്ഷത്തിനെതിരാണ്. അടുത്തകാലത്ത്, കിഫ്ബിയുമായി ബന്ധപ്പെട്ട് ഉണ്ടായ വിവാദത്തിൽ, കിഫ്ബിയുടെ വരവു ചെലവ് കണക്കുകൾ നിർബന്ധമായിട്ടും സഭയുടെ മേശപ്പുറത്തു വയ്ക്കണമെന്നുള്ളത് എന്റെ റൂളിംഗാണ്. അതുപോലെ, ചോദ്യങ്ങൾക്ക് കൃത്യമായ തീയതിയിൽ ഉത്തരങ്ങൾ ലഭ്യമാക്കണമെന്ന റൂളിംഗ്. ഗവൺമെന്റ് നിയമങ്ങൾ ഉണ്ടാക്കിയിട്ട് ചട്ടങ്ങൾ ഉണ്ടാക്കിയിരുന്നില്ല. ചട്ടങ്ങൾ ഇല്ലാത്തതുകൊണ്ട് ഈ നിയമങ്ങളെല്ലാം മൃതപ്രായമായിക്കിടക്കുകയായിരുന്നു. അതുകൊണ്ട്, കട്ട് ഓഫ് ഡേറ്റിനുള്ളിൽ ചട്ടങ്ങൾ ഉണ്ടാക്കണമെന്ന് റൂളിംഗ് പുറപ്പെടുവിച്ചു. ഇങ്ങനെ വളരെ പ്രത്യക്ഷമായിട്ട് പ്രതിപക്ഷം ഉന്നയിച്ച കാര്യങ്ങളോടെല്ലാം ചേർന്നു നിന്നുകൊണ്ടുള്ള റൂളിംഗുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. സ്വാഭാവികമായും അത് ഭരണപക്ഷത്തിന് അസ്വസ്ഥതകൾ ഉണ്ടാക്കിയിട്ടുണ്ടാവാം.

**പ്രതിപക്ഷത്തിന്റെ പ്രതിഷേധത്താൽ കലുഷിതമാകുന്ന സന്ദർഭങ്ങളിൽ എപ്പോഴെങ്കിലും സ്പീക്കറുടെ ഉള്ളിൽ ഉള്ള പാർട്ടിക്കാരന് പ്രതികരിക്കണമെന്ന് തോന്നിയിട്ടുണ്ടോ ?**

നിങ്ങളെപ്പോലുള്ള ആളുകൾക്ക് ചിലപ്പോൾ അങ്ങനെ തോന്നുന്നുണ്ടാവാം. പ്രതിപക്ഷ നിരയിലിരുന്ന് ശക്തമായ പോരാട്ടം നയിച്ചിട്ട് പെട്ടെന്ന് സ്പീക്കർ പദവിയിൽ എത്തുമ്പാൾ ഒരു പാർട്ടിക്കാരനെന്ന നിലയിൽ പ്രതികരിക്കും എന്ന തോന്നൽ. പക്ഷേ എനിക്ക് ഒരിക്കലും അങ്ങനത്തെ ഒരു തോന്നൽ ഉണ്ടായിട്ടില്ല.

**വാക്കുകളിൽ കർക്കശക്കാരനാണ് മുഖ്യമന്ത്രി. അദ്ദേഹം പാർട്ടിയുടെ ഏറ്റവും പ്രധാനപ്പെട്ട നേതാവുമാണ്. ചില സന്ദർഭങ്ങളിൽ മുഖ്യമന്ത്രിയെയും സ്പീക്കർക്ക് നിയന്ത്രിക്കേണ്ടി വരും അപ്പോൾ അക്കാര്യത്തിൽ ഒരു ചാഞ്ചല്യം ഉണ്ടായിട്ടുണ്ടോ മനസ്സിൽ ?**

ചിലപ്പോൾ പ്രതിപക്ഷം അങ്ങനെ ചിന്തിക്കുന്നുണ്ടാവാം. എന്നാൽ, ഏതൊരു കാര്യത്തിലും മുഖ്യമന്ത്രിയെ കൺവിൻസ് ചെയ്യുകയാണ് ഞാൻ ചെയ്തിട്ടുള്ളത്. ഏതൊരു കാര്യത്തിലും ഒരു നിലപാട് സ്വീകരിക്കുമ്പോൾ അത് അദ്ദേഹത്തെ കൺവിൻസ് ചെയ്യാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും ഒരു പ്രശ്നം ഉണ്ടായിട്ടില്ല. സഭ നിർത്തിവയ്ക്കുന്നതുമായി ബന്ധപ്പെട്ട കാര്യം, സഭാ നടപടികളുമായി ബന്ധപ്പെട്ട് പ്രതിപക്ഷം ഉന്നയിക്കുന്ന പ്രശ്നങ്ങളിൽ നിലപാട് സ്വീകരിക്കുന്ന കാര്യം, റൂളിംഗുകൾ എന്നിവയെല്ലാം ഒരു പ്രശ്നം ഉണ്ടായിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

**പരിചയ സമ്പന്നരായ അംഗങ്ങൾ ക്രമപ്രശ്നം ഉന്നയിക്കുമ്പോൾ ആശയക്കുഴപ്പം ഉണ്ടായിട്ടുണ്ടോ?**

എനിക്ക് ആദ്യം ആശങ്കയുണ്ടായിരുന്നു. പിന്നെ എനിക്ക് മനസ്സിലായി 'ഇറ്റ് ഈസ് എ ഗെയിം ഓഫ് ടൈം' അതുപോലെ ക്രമപ്രശ്നം പലപ്പോഴും അംഗങ്ങൾ ഉപയോഗിക്കുന്നത് എതിരാളിയുടെ ആക്രമണത്തിന്റെ മൂർച്ച കുറയ്ക്കാനാണ്.

**നിയമസഭാ നടപടിക്രമങ്ങളും പ്രവർത്തനങ്ങളുമൊക്കെ കൂടുതൽ ജനങ്ങളിലേക്കെത്തിക്കാനുള്ള ശ്രമം താങ്കൾ നടത്തിയിട്ടുണ്ട്. പ്രത്യേകിച്ച് 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസി' പോലുള്ള പരിപാടികളൊക്കെ സംഘടിപ്പിച്ച് കൂടുതൽ യുവജനങ്ങളെ ഇതുമായി ബന്ധപ്പെടുത്താനുള്ള ഒരു ശ്രമം താങ്കൾ നടത്തിയിട്ടുണ്ട്. അതിന് ഞാൻ താങ്കളെ അഭിനന്ദിക്കുകയാണ്. എന്തായിരുന്നു അതിന്റെ ഒരു അനുഭവം ?**

മുൻപേ പറക്കുന്ന പക്ഷി എന്ന സി.രാധാകൃഷ്ണന്റെ ഒരു നോവലുണ്ട്. മുൻപേ പറക്കുമ്പോൾ വഴി ഉണ്ടാവില്ല. ചില മേഘലങ്ങളിൽ തട്ടിത്തടഞ്ഞ് താഴെ വീണെന്നുവരും. പക്ഷേ, മുൻപേ പറന്നു എന്നതാണ് കാര്യം. കേരള നിയമസഭ ഈ കഴിഞ്ഞ കാലത്തിനിടയിൽ ഒരുപാട് കാര്യങ്ങളിൽ പുതിയ രീതികൾ സ്വീകരിച്ചു. ഒന്നാമതായി, ഒരു ഭേദഗതി കൊടുക്കണമെങ്കിൽ മുൻകാലങ്ങളിൽ നമുക്ക് എം.എൽ.എ.യെ പോയിക്കണ്ട് ബോധ്യപ്പെടുത്തിയാൽ മാത്രമേ സാധിക്കുമായിരുന്നുള്ളൂ. എന്നാൽ, ഇന്ത്യയിൽ ആദ്യമായി ഒരു നിയമം പബ്ലിക് ഡോക്യുമെന്റായി ഗസറ്റിൽ പബ്ലിഷ് ചെയ്താൽ ഏതു സാധാരണക്കാരനും അതിൽ ഭേദഗതി കൊടുക്കാവുന്ന സംവിധാനം കൊണ്ടുവന്നു. രണ്ടാമതായി, നമ്മൾ പാസ്സാക്കിയ നിയമങ്ങൾ ജനങ്ങൾക്ക് ഗുണകരമായോ എന്ന് അറിയുന്നതിനുള്ള 'ഇംപാക്ട് സ്റ്റഡി' ആരംഭിച്ചു. ആ രീതിയിൽ 16 ഓളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അതുപോലെ, 'ഫെസ്റ്റിവൽ ഓഫ് ഡെമോക്രസിയാണോ ' 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയാണോ' എന്നുള്ള ചർച്ച വന്നു. ഞാൻ ഫെസ്റ്റിവൽ 'ഓൺ' ഡെമോക്രസിയിൽ ഉറച്ചുനിന്നു. 'ഓഫ്' എന്ന് പറയുന്നത് പോയിക്കൊണ്ടിരിക്കുന്നതാണ്. 'ഓൺ' എന്നു പറയുന്നത് ഭാവിയിൽ നമുക്ക് എന്തു ചെയ്യാൻ പറ്റും എന്നതാണ്. അങ്ങനെയുള്ള പരിശോധനയിലാണ് പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നാഷണൽ കോൺഫറൻസ് നടത്തിയത്. അതിന്റെ ഭാഗമായി ട്രിവാൻഡ്രം ഡിക്ലറേഷൻ കൊണ്ടുവരാൻ സാധിച്ചു.



അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

## ചിത്രജാലകം



രക്തസാക്ഷിദിനത്തോടനുബന്ധിച്ച് ഡെപ്യൂട്ടി സ്പീക്കർ വി.ശശി നിയമസഭാ സമുച്ചയത്തിലെ ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന നടത്തുന്നു



ഹരിയാന ടൂറിസവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി കൻവാർപാൽ നിയമസഭ സന്ദർശിച്ചപ്പോൾ



പോണ്ടിച്ചേരിയിലെ ഫ്രഞ്ച് കോൺസൽ ജനറൽ ലിസെ റ്റാൽബോറ്റ് ബറെയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം നടത്തിയ നിയമസഭാ സന്ദർശനം



വിരമിച്ച ജീവനക്കാർ നിയമസഭാ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, ഹൗസ് കീപ്പിംഗ് ജോയിന്റ് സെക്രട്ടറി എന്നിവരോടൊപ്പം

## വേർപാട്


### ബി.രാഘവൻ മുൻ എം.എൽ.എ.

മുൻ എം.എൽ.എ.യും സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി അംഗവുമായ ബി. രാഘവൻ (69) ഫെബ്രുവരി 23 ന് അന്തരിച്ചു. പട്ടികജാതി പട്ടിക വർഗ്ഗ കോർപ്പറേഷൻ ചെയർമാനായിരുന്നു. നെടുവത്തൂർ പട്ടികജാതി സംവരണ മണ്ഡലത്തിൽ നിന്നും എട്ടാം കേരള നിയമസഭയിലേക്ക് 1987 ൽ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ഒൻപതാം കേരള നിയമസഭയിലും (1991-1996) പന്ത്രണ്ടാം കേരള നിയമസഭയിലും (2006-2011) അതേ മണ്ഡലത്തിൽ നിന്നും വിജയിച്ചു. 1989-1991 കാലഘട്ടത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ ചെയർമാനായിരുന്നു. കുസാറ്റ് സിൻഡിക്കേറ്റ് അംഗം, സി.പി.ഐ.(എം) കൊല്ലം ജില്ലാ കമ്മിറ്റി അംഗം, കൊട്ടാരക്കര പഞ്ചായത്ത് വൈസ് പ്രസിഡന്റ്, കെ.എസ്.കെ.റ്റി.യു. കൊല്ലം ജില്ലാ സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ രേണുക. രണ്ട് മക്കളുണ്ട്.



### സി.എ.കുര്യൻ മുൻ ഡെപ്യൂട്ടി സ്പീക്കർ

മുൻ ഡെപ്യൂട്ടി സ്പീക്കറും മുതിർന്ന സി.പി.ഐ. നേതാവുമായിരുന്ന സി.എ.കുര്യൻ (88) അന്തരിച്ചു. മാർച്ച് 20 ന് മൂന്നാറിലായിരുന്നു അന്ത്യം. കോട്ടയം ജില്ലയിലെ പുതുപ്പള്ളിയിൽ ജനിച്ച സി.എ.കുര്യൻ ബിരുദ കോഴ്സിന് പഠിക്കവെ ബാങ്ക് ഉദ്യോഗസ്ഥനായെങ്കിലും 1960 ൽ സജീവരാഷ്ട്രീയപ്രവേശനത്തിന് മുന്നോടിയായി ജോലി ഉപേക്ഷിച്ച് ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.1977 ൽ പീരുമേട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് അഞ്ചാം കേരള നിയമസഭയിലേയ്ക്ക് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ആറാം കേരള നിയമസഭയിലും (1980-82) പത്താം കേരള നിയമസഭയിലും (1996 -2001) ഇതേ മണ്ഡലത്തെ പ്രതിനിധീകരിച്ചു. പത്താം കേരള നിയമസഭയിൽ ഡെപ്യൂട്ടി സ്പീക്കറായിരുന്നു(17.07.1996-16.05.2001).



ടീ ബോർഡ് അംഗം;സി.പി.ഐ നാഷണൽ കൺട്രോൾ കമ്മീഷൻ അംഗം, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം; എ.ഐ.റ്റി.യു.സി. ദേശീയ കൗൺസിൽ അംഗം, അഖിലേന്ത്യാ വൈസ് പ്രസിഡന്റ്; ആൾ ഇൻഡ്യ പ്ലാന്റേഷൻ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ്, ജനറൽസെക്രട്ടറി; ദേവികുളം എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി,പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ തങ്കമ്മ, മൂന്ന് മക്കൾ ഉണ്ട്.

സമിതി റിപ്പോർട്ട്

# പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ വ്യവസായ യൂണിറ്റുകൾക്ക് പുതുജീവൻ നൽകാൻ നിർദ്ദേശങ്ങളുമായി നിയമസഭാ സമിതി

സംസ്ഥാനത്ത് വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ 14 ജില്ലകളിലായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ആരംഭിച്ച് നടപ്പിലാക്കിയിട്ടുള്ള വ്യവസായ യൂണിറ്റുകൾ നിരവധി പ്രതിസന്ധികൾ നേരിടുന്നതായും മിക്ക യൂണിറ്റുകളും പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ലെന്നും കേരള നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി കണ്ടെത്തി. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി തുടങ്ങിയ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് സമിതി നടത്തിയ പഠനത്തിന്റെയും, തിരുവനന്തപുരം ജില്ലയിലെ മൺവിള, തോന്നയ്ക്കൽ, കൊച്ചുവേളി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വ്യവസായ വികസന പ്ലോട്ടുകൾ സന്ദർശിച്ച് നടത്തിയ വിവരശേഖരണത്തിന്റെയും അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്ന സമിതി (2019-21)യുടെ 9 ാമത് റിപ്പോർട്ട് 2021 ജനുവരി 20 ന് സഭയിൽ സമർപ്പിച്ചു.

വ്യവസായ വകുപ്പിന് കീഴിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള വ്യവസായ ഷെഡുകൾ പ്രധാനമായും കൊച്ചുവേളി, മൺവിള, തോന്നയ്ക്കൽ എന്നിവിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ



സംരക്ഷണത്തിനും ശരിയായ രീതിയിലുള്ള നടത്തിപ്പിനും ഉതകുന്ന ശിപാർശകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൺവിളയിലെ വ്യവസായ പ്ലോട്ടിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനും ഗേറ്റ് സ്ഥാപിച്ച് സംരക്ഷിക്കുന്നതിനുമായി വ്യവസായ വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും കൂട്ടായ തീരുമാനങ്ങൾ കൈക്കൊള്ളണം, ഇൻഡസ്ട്രിയൽ പ്ലോട്ടിന്റെ സ്ഥല കയ്യേറ്റം തടഞ്ഞ് സംരംഭകർക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കണം, വ്യവസായ യൂണിറ്റിൽ പൊതുടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനായി അടിയന്തര നടപടി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിക്കണം, വ്യവസായ പ്ലോട്ടിനകത്തെ റോഡ് ടാർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം, വ്യവസായ പ്ലോട്ടിൽ തെരുവു വിളക്കുകൾ സ്ഥാപിക്കണം എന്നീ ശിപാർശകളും റിപ്പോർട്ടിലുണ്ട്.

വേളി വ്യവസായ വികസന ഏരിയയിൽ റോഡിന്റെയും കുടിവെള്ളത്തിന്റെയും പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം, വ്യവസായ വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും ചേർന്ന് മികച്ച രീതിയിലുള്ള മോഡൽ പ്രോജക്ട് തയ്യാറാക്കി ഭാവിയിൽ ഒരു മാതൃകാ സമുച്ചയമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം, രണ്ട് ഏക്കർ സ്ഥലത്ത് പ്രവർത്തിച്ചുവരുന്ന തോന്നയ്ക്കലിലെ വ്യവസായ എസ്റ്റേറ്റിൽ സ്വയംതൊഴിൽ സംരംഭങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യം സർക്കാർ ഒരുക്കി നൽകണം, ഇതിനായുള്ള പ്രവർത്തന മൂലധനം വ്യവസായ വകുപ്പ് അനുവദിക്കുകയോ സബ്സിഡിയോടു കൂടിയ വായ്പ ബാങ്കുകളിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യണം, വ്യവസായ എസ്റ്റേറ്റിൽ കയ്യേറ്റം ഒഴിവാക്കാനും സാമൂഹ്യവിരുദ്ധരുടെ അതിക്രമം തടയുന്നതിനും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം, യൂണിറ്റുകളിലെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി എസ്റ്റേറ്റിലെ സൊസൈറ്റിക്കു കൈമാറിയിരുന്ന ചന്ദ്രമംഗലത്തെ ഔട്ട്‌ലെറ്റ് സ്വകാര്യ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് തടയണം എന്നീ ശിപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ സമുദായത്തിലെ വിദ്യാസമ്പന്നരായ യുവതലമുറ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ വ്യവസായം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ സംയുക്തമായി സ്വീകരിക്കണം, വ്യവസായ കേന്ദ്രങ്ങൾ പുനരുദ്ധരിക്കുന്നതിനായി യൂണിറ്റ് പ്രതിനിധികളുമായി യോഗം ചേർന്ന് ഒരു രൂപരേഖ തയ്യാറാക്കണം, വ്യവസായ യൂണിറ്റുകളുടെ പുനഃരുദ്ധാരണത്തിനായി വ്യവസായ വകുപ്പ് ഒരു പാക്കേജ് തയ്യാറാക്കണം, ആധുനിക കാലഘട്ടത്തിനനുസരിച്ച് മാറി വരുന്ന വ്യവസായ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ മറ്റ് വിവിധ വകുപ്പുകൾ എന്നിവരുമായി ചർച്ച നടത്തി പുനരുജ്ജീവന പാക്കേജ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കണം തുടങ്ങിയ ശിപാർശകളും സമിതി മുന്നോട്ട് വയ്ക്കുന്നു.

ബി.സത്യൻ, എം.എൽ.എ. അധ്യക്ഷനായ സമിതിയിൽ സാമാജികരായ സി.കെ.ആശ, എൻ.എ.നെല്ലിക്കുന്ന്, വി.പി.സജീന്ദ്രൻ, പുരുഷൻ കടലുണ്ടി, കെ.യു.ജനീഷ്കുമാർ, ഒ.ആർ.കേളു, യു.ആർ.പ്രദീപ്, റോഷി അഗസ്റ്റിൻ, ഐ.സി.ബാലകൃഷ്ണൻ, ചിറ്റയം ഗോപകുമാർ എന്നിവർ അംഗങ്ങളാണ്.

# തെരഞ്ഞെടുക്കപ്പെട്ടു, പക്ഷേ എം.എൽ.എ. ആയില്ല!

സംസ്ഥാന നിയമസഭകളിലെ ഓരോ അംഗവും സഭയിലെ തന്റെ സ്ഥാനം സ്വീകരിക്കുന്നതിന് മുമ്പ് ഗവർണറുടെയോ അദ്ദേഹം അതിലേക്ക് നിയമിക്കുന്ന ആളുടേയോ മുമ്പാകെ ഭരണഘടനയിലെ മൂന്നാം പട്ടികയിൽ അതിനുവേണ്ടി കൊടുത്തിട്ടുള്ള ഫാറം അനുസരിച്ച് ഒരു ശപഥം അഥവാ പ്രതിജ്ഞ ചെയ്ത് ഒപ്പ് വയ്ക്കേണ്ടതാണ് (അനുച്ഛേദം 188). ആദ്യ സമ്മേളനത്തിന് ശേഷം സഭ സ്പീക്കറെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഗവർണർ സ്പീക്കറെ ഇതിലേക്കായി നിയമിക്കുന്നു. എന്നാൽ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഭരണഘടനാപരമായി സത്യപ്രതിജ്ഞ ചെയ്ത് സഭാംഗത്വം സ്വീകരിക്കാത്തതായ സംഭവം ഇൻഡ്യയിൽ ഉണ്ടായിട്ടുണ്ട്. അഞ്ചാം പശ്ചിമ ബംഗാൾ നിയമസഭയിലേക്ക് 1972 മാർച്ച് 11-ന് നടന്ന പൊതു തെരഞ്ഞെടുപ്പിന് ശേഷം വിജയിച്ച 14 അംഗങ്ങൾ സഭാംഗമായി ശപഥം അഥവാ പ്രതിജ്ഞ ചെയ്ത് ഒപ്പ് വയ്ക്കുകയുണ്ടായില്ല. ആ പൊതുതെരഞ്ഞെടുപ്പിൽ കൃത്രിമം നടന്നുവെന്ന കാരണം പറഞ്ഞാണ് അംഗങ്ങൾ ഇങ്ങനെ ചെയ്തത്. 1977 ൽ സഭയുടെ കാലാവധി തീരുന്നതുവരെയും ഈ അംഗങ്ങൾ സഭാ നടപടികളിൽ പങ്കെടുക്കുകയുണ്ടായില്ല. ഇത്തരത്തിൽ സത്യപ്രതിജ്ഞ/ശപഥം ചെയ്യാത്ത അംഗങ്ങൾക്ക് സഭാംഗത്വം നഷ്ടപ്പെടുമോ? ഇല്ലെങ്കിൽ എന്തുകൊണ്ട്? എന്ന ഒരു ചോദ്യം സ്വാഭാവികമാണ്.

സഭയിലെ സ്ഥാനം ഒഴിവാക്കുന്നതിനെ സംബന്ധിച്ച് (vacation of seats) പ്രതിപാദിക്കുന്ന ഭരണഘടനയുടെ അനുച്ഛേദം 190 ൽ സഭാംഗമായി പ്രതിജ്ഞ/ശപഥം ചെയ്യാത്ത അംഗത്തിന്റെ സ്ഥാനം ഒഴിവ് വന്നതായി കണക്കാക്കണമെന്ന് പ്രത്യേകം പരാമർശിച്ചിട്ടില്ല. എന്നാൽ അവധിക്ക് അപേക്ഷിക്കാതെ അറുപത് ദിവസത്തിൽ കൂടുതൽ ദിവസം സഭാ നടപടികളിൽ ഹാജരാകാത്ത അംഗത്തിന്റെ സഭയിലെ സ്ഥാനം ഒഴിവ് വന്നതായി സഭയ്ക്ക് പ്രഖ്യാപിക്കുവാനുള്ള അധികാരം അനുച്ഛേദം 190(4) നൽകുന്നുണ്ട്. ഇത് സംബന്ധിച്ച് മദ്ധ്യപ്രദേശ് ഹൈക്കോടതിയുടെ ഒരു വിധിന്യായത്തിൽ ഇങ്ങനെ പറയുന്നു (Anand Bihari Mishra V. Ram Sahay (AIR 1952MB31)):

'Where a member does not take his oath and consequently does not take his seat for a period of sixty days or more in the House of the Legislature of which he is a member he is liable to have his seat declared vacated under Article 190(4). Thus the penalty for not taking the oath is not directly the loss of a Member's seat in the House and a Member who does not take his oath does not ipso facto lose his seat and forfeit his membership. Such loss of seat and forfeiture of membership are consequences to which he will be liable if the House takes action under Article190(4) on the ground of his absence from the meetings of the House for a period of 60 days or more'

അനുച്ഛേദം 190(4) നൽകുന്ന അധികാരം അഞ്ചാം പശ്ചിമ ബംഗാൾ നിയമസഭ വിനിയോഗിച്ചില്ല. അതുകൊണ്ടാണ് പതിനാല് നിയമസഭാ മണ്ഡലങ്ങൾ ആ സഭയിൽ പ്രതിനിധീകരിക്കപ്പെടാതെ പോയത്.

ഭരണഘടന നിയമസഭകൾക്ക് നൽകുന്ന പ്രത്യേക അവകാശത്തെയാണ് ഈ സംഭവം സൂചിപ്പിക്കുന്നത്. ജനങ്ങളുടെ ഇംഗിതത്തിനനുസരിച്ച് തന്റെ മണ്ഡലത്തെ സഭയിൽ പ്രതിനിധീകരിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം തെരഞ്ഞെടുക്കപ്പെട്ട സഭാംഗത്തിനും അത് വകവെച്ച് നൽകണമോ എന്ന വിശിഷ്ടാധികാരം സഭയ്ക്കും ഭരണഘടന നൽകുന്നുണ്ട്. പശ്ചിമ ബംഗാളിലേതിന് സമാനമല്ലെങ്കിലും രാജ്യസഭയിലും ഇതിനോട് ചേർത്തുവയ്ക്കാവുന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. 1976 ൽ രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട എൽ.കെ. അദ്വാനിയും എസ്.എസ്. ഭണ്ഡാരിയും 1976 ഏപ്രിൽ 3 ന് അവരുടെ രാജ്യസഭാംഗം എന്ന നിലയിലുള്ള കാലാവധി ആരംഭിച്ചുവെങ്കിലും 1977 ഫെബ്രുവരി 28ന് മാത്രമാണ് പ്രതിജ്ഞ ചൊല്ലിയത്. ഈ കാലതാമസം സംബന്ധിച്ച് അംഗങ്ങൾ ആരാഞ്ഞപ്പോൾ ഡെപ്യൂട്ടി ചെയർമാൻ യാതൊരു പരാമർശവും നടത്തിയില്ല. (RS. Debates 28.2.1977.C.3)

**തയ്യാറാക്കിയത് : സജു എസ്.,**
സെക്ഷൻ ഓഫീസർ.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

# ഒരു തെരഞ്ഞെടുപ്പ് : മൂന്ന് സത്യപ്രതിജ്ഞകൾ

ഒൻപതാം കേരള നിയമസഭയിലേയ്ക്ക് എടക്കാട് നിയോജക മണ്ഡലത്തിൽ നടന്ന തെരഞ്ഞെടുപ്പ് രണ്ടു ജനപ്രതിനിധികളുടെ മൂന്ന് സത്യപ്രതിജ്ഞകൾക്ക് നിദാനമായത് കേരള നിയമസഭാ ചരിത്രത്തിൽ അപൂർവ്വത കൊണ്ട് ആദ്യമെന്ന ഇടം നേടി. 1991 ജൂൺ 12 ന് നടന്ന തെരഞ്ഞെടുപ്പിൽ എടക്കാട് നിയോജകമണ്ഡലത്തിൽ നിന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ഒ.ഭരതൻ 54965 വോട്ടുകൾ നേടി വിജയിച്ചപ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ കെ.സുധാകരൻ 54746 വോട്ടുകൾ നേടി തൊട്ടുപിന്നിലെത്തി. 219 വോട്ടുകളുടെ ഭൂരിപക്ഷം നേടിയ ഒ.ഭരതൻ 1991 ജൂൺ 29 ന് സത്യപ്രതിജ്ഞ ചെയ്ത് നിയമസഭാംഗമായി.

ഒ.ഭരതൻ എം.എൽ.എ. ആയി തുടരുമ്പോൾ എതിർസ്ഥാനാർത്ഥിയായിരുന്ന കെ.സുധാകരൻ ഹൈക്കോടതിയിൽ തെരഞ്ഞെടുപ്പ് ഹർജി (നമ്പർ 4/1991) ഫയൽ ചെയ്തു. 1114 ലധികം ആളുകൾ രണ്ടുപ്രാവശ്യം വോട്ടു ചെയ്തിട്ടുണ്ടെന്നും കുറേപ്പേർ ആൾമാറാട്ടം നടത്തി വോട്ടു ചെയ്തുവെന്നും ഇത്തരത്തിൽ ഇരട്ടവോട്ടുകളും ആൾമാറിചെയ്ത വോട്ടുകളുമാണ് ഒ.ഭരതനെ വിജയിപ്പിച്ചതെന്നും തെരഞ്ഞെടുപ്പ് റദ്ദാക്കി തന്നെ വിജയിച്ച സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കണമെന്നും കെ.സുധാകരൻ ഹർജിയിൽ അഭ്യർത്ഥിച്ചു. വോട്ടർ പട്ടികയിൽ രണ്ടിടത്തായി പേരും മേൽവിലാസവും ഉള്ളതുകൊണ്ടാണ് ഇത്രയധികം ആളുകൾ രണ്ടുപ്രാവശ്യം വോട്ടു ചെയ്തതെന്ന് കെ.സുധാകരൻ പരാതിപ്പെട്ടു. ഇതുതെളിയിക്കുന്നതിനായി 2500 ഓളം സാക്ഷികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പട്ടികയും കെ.സുധാകരൻ നൽകിയിരുന്നു. അതിൽ ഭൂരിഭാഗവും ഒ.ഭരതന്റെ കക്ഷിയിൽപ്പെട്ടവരായിരുന്നു. കേസിൽ കോടതി 322 സാക്ഷികളെ വിസ്തരിച്ചു. 308 വോട്ടുകൾ ഹൈക്കോടതി അസാധുവാക്കി. അതിൽ അധികവും ഇരട്ട വോട്ടുകളായിരുന്നുവെന്ന് കണ്ടെത്തുകയും ചെയ്തു. അസാധുവാക്കിയ വോട്ടുകൾ തെരഞ്ഞു കണ്ടുപിടിക്കുവാൻ ഹൈക്കോടതി, ജോയിന്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തി. അസാധുവാക്കിയ വോട്ടുകളിൽ 306 എണ്ണം ഒ.ഭരതന് ലഭിച്ചതായാണ് തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ പ്രഖ്യാപിച്ചിരുന്നതെന്ന് ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ടിൽ പറയുന്നു. തെരഞ്ഞെടുപ്പ് കേസ് നടന്നപ്പോൾ എല്ലാ ബാലറ്റുപെട്ടികളും കോടതിയിൽ ഹാജരാക്കിയാണ് പരിശോധിച്ചത്. ബാലറ്റ് പേപ്പറുകൾ പരിശോധനയ്ക്ക് വിധേയമാക്കിയാൽ അവയുടെ രഹസ്യസ്വഭാവവും തെരഞ്ഞെടുപ്പിന്റെ വിശുദ്ധിയും ലംഘിക്കപ്പെടുമെന്ന് ഒ.ഭരതന്റെ വക്കീൽ വാദിച്ചുവെങ്കിലും കോടതി ആ വാദം നിരസിക്കുകയായിരുന്നു. ജനപ്രാതിനിധ്യനിയമവും തെരഞ്ഞെടുപ്പു ചട്ടങ്ങളും വിലയിരുത്തിക്കൊണ്ട് ബാലറ്റ് പേപ്പറുകൾ പരിശോധിക്കാൻ കോടതിക്ക് അധികാരമുണ്ടെന്നും ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണൻ വിധിന്യായത്തിൽ പറഞ്ഞു. ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒ.ഭരതന് കിട്ടിയ ആകെ വോട്ടുകളിൽ ഹൈക്കോടതി മാറ്റം വരുത്തി. കോടതി അസാധുവാക്കിയ 306 വോട്ടുകൾ കുറവുചെയ്തപ്പോൾ അദ്ദേഹത്തിന് ലഭിച്ച വോട്ടുകൾ 54659 ആയി കുറഞ്ഞു. അതിനാൽ 87 വോട്ടുകളുടെ ഭൂരിപക്ഷത്തിന് കെ.സുധാകരൻ വിജയിച്ചതായി ഹൈക്കോടതി വിധിച്ചു. 1992 ആഗസ്റ്റ് 14 ന് പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ഒ.ഭരതന്റെ നിയമസഭാംഗത്വം റദ്ദാക്കി. ആഗസ്റ്റ് 18 ന് കെ.സുധാകരൻ എം.എൽ.എ. ആയി സത്യപ്രതിജ്ഞ ചെയ്തു.

ഹൈക്കോടതി വിധിക്കെതിരായി ഒ.ഭരതൻ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. എടക്കാട് തെരഞ്ഞെടുപ്പുകേസിൽ കെ.സുധാകരൻ നൽകിയ പരാതി ഹൈക്കോടതി പരിശോധനാവിധേയമാക്കിയപ്പോൾ ആൾമാറാട്ടം നടത്തി വോട്ടുചെയ്തുവെന്ന വാദം തെളിഞ്ഞിരുന്നില്ല. ഒരേ നിയോജകമണ്ഡലത്തിൽ ഇരട്ട വോട്ടുകളുള്ള വോട്ടർമാരെക്കുറിച്ചായിരുന്നു ഹൈക്കോടതി നിരീക്ഷിച്ചത്. അതേ വോട്ടർമാരെ സാക്ഷിയാക്കി വിസ്തരിച്ചുകൊണ്ട് അത് തെളിയിക്കാൻ ശ്രമിക്കുകയും ചെയ്തു. സാക്ഷികളിൽ രണ്ടുപേരൊഴികെ മറ്റുള്ളവർ തങ്ങൾ രണ്ടുപ്രാവശ്യം വോട്ട് ചെയ്തിട്ടില്ല എന്ന്



സുപ്രീം കോടതി വിധിയെ തുടർന്ന് എം.എൽ.എ. ആയി ഒ. ഭരതൻ സത്യപ്രതിജ്ഞ ചെയ്തപ്പോൾ

ഹൈക്കോടതിയിൽ മൊഴിനൽകിയിരുന്നു. ആ വോട്ടർമാരുടെ ബാലറ്റ് പേപ്പറിന്റെ കൗണ്ടർ ഫോയിലിലെ ഒപ്പ് അവരുടെതന്നെ മറ്റ് ഒപ്പുക



കെ.സുധാകരൻ



ഒ. ഭരതൻ

ളുമായി താരതമ്യം ചെയ്തുകൊണ്ടാണ് ചിലർ രണ്ടുതവണ വോട്ടു ചെയ്തുവെന്ന നിഗമനത്തിൽ എത്തിച്ചേർന്നത്. കെ.സുധാകരന് രണ്ടുവട്ടം വോട്ടു ചെയ്തു എന്ന് പറയപ്പെട്ട സാക്ഷികളെ വിസ്തരിച്ചപ്പോൾ അവർ കൂറുമാറിയതായി പ്രഖ്യാപിച്ച് എതിർ വിസ്താരം ചെയ്യണമെന്ന് കെ.സുധാകരൻ ആവശ്യപ്പെട്ടിരുന്നില്ല. എന്നിട്ടും അവരുടെ മൊഴിയും ഒപ്പുകളും പരിശോധിച്ച് ഹൈക്കോടതി അവരെ അവിശ്വസിച്ചുകൊണ്ടുള്ള നിഗമനത്തിൽ എത്തുകയാണുണ്ടായത്. ഹൈക്കോടതിയുടെ ഈ നിലപാട് തെറ്റാണെന്ന് സുപ്രീം കോടതിയിൽ ഒ.ഭരതൻ വാദിച്ചു. രണ്ടു വോട്ടുകൾ ചെയ്തിട്ടില്ലെന്ന സാക്ഷി മൊഴി അവിശ്വസിക്കുവാൻ പ്രത്യേകം തെളിവുകൾ കൊടുക്കാത്ത സ്ഥിതിക്ക് ഹൈക്കോടതി അവരുടെ മൊഴി കെ.സുധാകരന് അനുകൂലമായി വ്യാഖ്യാനിച്ചത് തെറ്റാണെന്നതും ഒ.ഭരതന്റെ മറ്റൊരു വാദമായിരുന്നു. സാക്ഷിമൊഴിയിലും അതു സംബന്ധിച്ച് ഹൈക്കോടതി ജഡ്ജി പറഞ്ഞതിലുമുള്ള പൊരുത്തക്കേടുകൾ ഒ.ഭരതനു വേണ്ടി വാദിച്ച അഡ്വക്കേറ്റ് സുബ്രഹ്മണ്യം പോറ്റി ചൂണ്ടിക്കാട്ടിയിരുന്നു. വോട്ടർ പട്ടികയിലെ ക്രമക്കേടുകൾ പരിഗണിക്കുവാൻ തെരഞ്ഞെടുപ്പ് കോടതിക്ക് അധികാരമില്ലെന്നും അദ്ദേഹം പരാതിയിൽ പറഞ്ഞു. വോട്ടർപട്ടികയുടെ കരട് തയ്യാറാക്കുമ്പോൾ ആക്ഷേപം ഉന്നയിക്കുന്നതിനുള്ള അവസരം ഉപയോഗിക്കാതിരിക്കുകയോ അവസരം ഉപയോഗിച്ച് ഫലപ്രദമാകാതിരിക്കുകയോ ചെയ്താൽ അത് തെരഞ്ഞെടുപ്പ് ഹർജിയിൽ ഉന്നയിക്കുന്നത് ശരിയായ നടപടിയല്ലെന്നും ഒ.ഭരതൻ സുപ്രീം കോടതിയിൽ ബോധിപ്പിച്ചു.

അപ്പീൽ നൽകുമ്പോൾ തെറ്റായ നടപടിക്രമങ്ങളെക്കുറിച്ച് ഒ.ഭരതൻ ഉന്നയിച്ച വാദങ്ങളിലേയ്ക്കൊന്നും കടക്കാതെ കേസിന്റെ പരിധിക്കുള്ളിൽ മാത്രം നിന്നുകൊണ്ടാണ് വിധി പുറപ്പെടുവിക്കുന്നതെന്ന് സുപ്രീം കോടതി പറഞ്ഞു. ജനവിധി റദ്ദാക്കുന്നത് ഗുരുതരമായ കാര്യമാണെന്ന് മുമ്പ് പലതവണ മുന്നറിയിപ്പ് നൽകിയിട്ടുള്ളതായി സുപ്രീം കോടതി ഓർമ്മിപ്പിച്ചു. വോട്ടുചെയ്തതു സംബന്ധിച്ച് തർക്കമുണ്ടാകുമ്പോൾ ഒപ്പുകൾ ശാസ്ത്രീയമായി താരതമ്യം ചെയ്ത് ജഡ്ജിമാരെ പോലെ വിധിപറയുവാൻ വിദഗ്ദ്ധർക്ക് സാധിക്കുമെങ്കിലും അക്കാര്യത്തിൽ വളരെയേറെ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നും ഒ.ഭരതന്റെ വിഷയത്തിൽ ശാസ്ത്രീയ മാർഗ്ഗങ്ങളൊന്നും സ്വീകരിക്കാതെ ഹൈക്കോടതി സ്വന്തമായി കൈയൊപ്പുകൾ താരതമ്യം ചെയ്തത് ശരിയായില്ലെന്നും സുപ്രീം കോടതി നിരീക്ഷിച്ചു. തർക്കമുണ്ടാക്കുന്ന കൈയൊപ്പ് സ്വന്തമായി പരിശോധിക്കുന്നതിന് ജഡ്ജിക്ക് നിയമപരമായ തടസ്സമില്ലെങ്കിലും ഒരു വിദഗ്ധന്റെ അഭിപ്രായമോ സഹായമോ തേടുന്നതാണ് നല്ലതെന്നും മറ്റൊരു കേസിന്റെ ഉത്തരവിൽ സുപ്രീം കോടതി ഉപദേശം നൽകിയിരുന്നത് കോടതി അനുസ്മരിച്ചു. തർക്കത്തിലുള്ള നൂറു കണക്കിന് കൈയൊപ്പുകളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിന്, കൗണ്ടർഫോയിലുകളിലുള്ള ഒപ്പുകൾ സ്വന്തമായി താരതമ്യം ചെയ്ത ജഡ്ജിയുടെ നടപടി തെറ്റായതിനാൽ ഈ കേസിൽ തീർപ്പുകൽപ്പിക്കുന്നതിന് ഒ.ഭരതൻ ഉന്നയിച്ച മറ്റു വാദങ്ങളിലേക്ക് കടക്കേണ്ടി വന്നില്ല എന്നും സുപ്രീം കോടതി അഭിപ്രായപ്പെട്ടു.

എടക്കാട് നിയോജകമണ്ഡലത്തിലെ ഒ.ഭരതന്റെ തെരഞ്ഞെടുപ്പ് ശരിവച്ച് 1996 ഫെബ്രുവരി 6 ന് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചു. കെ.സുധാകരനെ വിജയിയായി പ്രഖ്യാപിച്ച ഹൈക്കോടതി ഉത്തരവ് റദ്ദാക്കി, കോടതിച്ചെലവുകൾ സഹിതമാണ് ഒ.ഭരതന്റെ ഹർജി കോടതി അനുവദിച്ചത്. ജസ്റ്റിസ് കെ.വെങ്കിടസ്വാമിയാണ് വിധി പ്രഖ്യാപിച്ചത്. അതോടെ കെ.സുധാകരൻ എം.എൽ.എ. അല്ലാതായി. ഒ.ഭരതൻ 1996 ഫെബ്രുവരി 22 ന് വീണ്ടും സത്യപ്രതിജ്ഞ ചെയ്തു. സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ ഒ.ഭരതന് സത്യവാചകം ചൊല്ലിക്കൊടുക്കുമ്പോൾ 1991-ലെ സത്യപ്രതിജ്ഞാവേളയിലെ സ്പീക്കർ പി.പി.തങ്കച്ചനും സന്നിഹിതനായിരുന്നു. ഒമ്പതാം കേരള നിയമസഭയുടെ കാലയളവ് അവസാനിക്കാൻ കഷ്ടിച്ച് മൂന്നുമാസം മാത്രം ബാക്കി നിൽക്കുമ്പോഴാണ് ഒ.ഭരതൻ വീണ്ടും നിയമസഭാംഗമായത്.

കോടതി തീരുമാനം അനുസരിച്ച് സഭാംഗത്വം നഷ്ടപ്പെട്ടയാൾ മേൽക്കോടതി വിധിയിലൂടെ തിരിച്ചുവന്നത് കേരള നിയമസഭയിൽ ആദ്യ സംഭവമായി.



# ആദ്യ കേരള നിയമസഭയുടെ പിറവി

കേരള സംസ്ഥാനരൂപീകരണത്തിനു ശേഷം നടന്ന ആദ്യ പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് 1957 ഏപ്രിൽ 1 ന് ഒന്നാം കേരള നിയമസഭ നിലവിൽ വരികയും ഏപ്രിൽ 5 ന് മന്ത്രിസഭ സ്ഥാനമേൽക്കുകയും ചെയ്തു. ഫെബ്രുവരി 28 നായിരുന്നു ആദ്യ കേരള നിയമസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട പോളിംഗ്. 126 സീറ്റുകളിലായി നടന്ന തെരഞ്ഞെടുപ്പിൽ 11 എണ്ണം പട്ടികജാതി വിഭാഗത്തിനും ഒരു സീറ്റ് പട്ടികവർഗ്ഗ വിഭാഗത്തിനും സംവരണം ചെയ്തിരുന്നു. സി.പി.ഐ., കോൺഗ്രസ്സ്, പി.എസ്.പി., ആർ.എസ്.പി. എന്നിവരായിരുന്നു പ്രധാന കക്ഷികൾ. 550 പേർ നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരുന്നെങ്കിലും സ്വതന്ത്രർ ഉൾപ്പെടെ 405 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുണ്ടായിരുന്നത്. 75 ലക്ഷത്തിൽപരം വോട്ടർമാരായിരുന്നു ആദ്യ തെരഞ്ഞെടുപ്പിൽ സമ്മതിദാനാവകാശം വിനിയോഗിച്ചത്. തെരഞ്ഞെടുപ്പിന് മുന്നോടിയായി 1957 ജനുവരി 1 ന് സെക്രട്ടേറിയറ്റിൽ രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുചേർത്തു. കോൺഗ്രസ്സ് പാർട്ടി പ്രതിനിധിയായി ജോസഫ് മാത്തനും കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി കെ.പി. ഗോപാലനും പി.എസ്.പി.ക്കുവേണ്ടി പി. വിശ്വംഭരനും യോഗത്തിൽ പങ്കെടുത്തു. 21 മണ്ഡലങ്ങളിൽ നേരിട്ടും 67 മണ്ഡലങ്ങളിൽ ത്രികോണ മത്സരവുമാണ് നടന്നത്. കോൺഗ്രസ്സ് സ്ഥാനാർത്ഥികളായി 124 പേരും കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥികളായി 103 പേരും പി.എസ്.പി.യിൽ നിന്ന് 66 പേരും ആർ.എസ്.പി.യിൽ നിന്ന് 50 പേരും മുസ്ലീംലീഗിൽ നിന്ന് 18 പേരും കമ്മ്യൂണിസ്റ്റ് പാർട്ടി പിന്തുണയ്ക്കുന്ന 14 സ്വതന്ത്രരും മത്സരരംഗത്തുണ്ടായിരുന്നു. പത്ത് വനിതകളായിരുന്നു ആദ്യ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. ഇതിൽ ആറുപേർ കോൺഗ്രസ്സിൽ നിന്നും മൂന്നുപേർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും ഒരാൾ പി.എസ്.പി.യിൽ നിന്നുമായിരുന്നു. സ്ഥാനാർത്ഥികളിൽ 70 പേർ തിരു-കൊച്ചി, മദിരാശി നിയമസഭകളിൽ മുമ്പ് അംഗങ്ങളായിരുന്നു. മഞ്ചേശ്വരത്ത് എം.ഉമേഷ് റാവുവിന് എതിർ സ്ഥാനാർത്ഥി ഉണ്ടായിരുന്നില്ല. രാവിലെ 7.30 മുതൽ വൈകുന്നേരം 4.30 വരെയായിരുന്നു പോളിംഗ് സമയം. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 1957 ജനുവരി 29 നും പത്രികകളുടെ പരിശോധന ഫെബ്രുവരി 1 നും പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 4 നുമായിരുന്നു. കേരളത്തിൽ ആദ്യമായി നടന്ന പൊതുതെരഞ്ഞെടുപ്പായതിനാൽ എങ്ങനെ വോട്ട് ചെയ്യണമെന്നത് സംബന്ധിച്ച് ജനങ്ങളിൽ ഉണ്ടായേക്കാവുന്ന ആശങ്ക അകറ്റുന്നതിനായി സിനിമാ സ്ലൈഡുകൾ കാണിക്കാൻ തീരുമാനിച്ചും പോളിംഗ് ഉദ്യോഗസ്ഥർക്ക് തപാൽ വോട്ട് ചെയ്യാൻ അനുമതി നൽകിയും തെരഞ്ഞെടുപ്പ് ചട്ടങ്ങളുടെ സർക്കുലർ ഇറക്കിയും തെരഞ്ഞെടുപ്പ് പ്രചാരണത്തിന് മൈക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തും നിരവധി ക്രമീകരണങ്ങൾ സ്വീകരിച്ചു.

സ്വതന്ത്ര ഇന്ത്യയിലെ രണ്ടാമത്തെയും ഐക്യകേരളത്തിലെ ഒന്നാമത്തെയും പൊതു തെരഞ്ഞെടുപ്പിൽ നിയമസഭയിലേക്കുള്ള ബാലറ്റ് പേപ്പറിന് തവിട്ടു നിറവും ലോക്സഭയിലേക്കുള്ള ബാലറ്റിന് പച്ചനിറവുമായിരുന്നു. പോളിംഗ് ബൂത്തിൽ ആദ്യം തവിട്ടുനിറത്തിലുള്ള ബാലറ്റ് പേപ്പറിൽ വോട്ട് രേഖപ്പെടുത്തി പുറത്തുവന്ന ശേഷം ലോക്സഭയിലേക്ക് വോട്ട് രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചത്. ആദ്യ തെരഞ്ഞെടുപ്പിന് ഉപയോഗിച്ച ബാലറ്റ് പെട്ടികൾ നിർമ്മിച്ചത് ഹൈദരാബാദിലെ ആൽവിൻ ഫാക്ടറിയിലായിരുന്നു. ഒന്നാം കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കേവലഭൂരിപക്ഷം ലഭിച്ചു. ഡോ. എ.ആർ.മേനോൻ, വി.ആർ.കൃഷ്ണയ്യർ, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, പി.കെ.കോരു, പി.രാമകൃഷ്ണപിള്ള എന്നീ സ്വതന്ത്രർ കമ്മ്യൂണിസ്റ്റ് പാർട്ടിയെ പിന്തുണച്ചു. തെരഞ്ഞെടുപ്പിൽ മത്സരിച്ച പത്ത് വനിതാ സ്ഥാനാർത്ഥികളിൽ ആറുപേർ വിജയിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായ കെ.ഒ.ഐഷാബായി, റോസമ്മ പുന്നൂസ്, കെ.ആർ. ഗൗരി കോൺഗ്രസ്സ് സ്ഥാനാർത്ഥികളായ കുസുമം ജോസഫ്, ലീലാ ദാമോദര മേനോൻ, ഒ.റ്റി.ശാരദാ കൃഷ്ണൻ എന്നിവരാണ് വിജയിച്ചത്.

ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ 1957 ഏപ്രിൽ 5 ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്നത് കാണാൻ രാജ്ഭവന് മുന്നിൽ വൻ ജനാവലി തടിച്ചുകൂടിയിരുന്നു. രാജ്ഭവൻ മുറ്റത്ത് സജ്ജീകരിച്ച പന്തലിൽ പ്രത്യേകം ക്ഷണിക്കപ്പെട്ട 250 പേരിൽ കോൺഗ്രസ്സ് നേതാക്കളും തിരു-കൊച്ചി മന്ത്രിമാരും ഉദ്യോഗസ്ഥരും പോലീസ് മേധാവികളും ഉൾപ്പെട്ടിരുന്നു. വേദിയിൽ പന്ത്രണ്ട് കസേരകളാണ് സജ്ജീകരിച്ചിരുന്നത്. ഗവർണർ രാമകൃഷ്ണറാവു മുമ്പാകെ നിയുക്ത മുഖ്യമന്ത്രി ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് ആദ്യം സത്യപ്രതിജ്ഞ ചെയ്തു. തുടർന്ന് ക്രമപ്രകാരം സി.അച്യുതമേനോൻ, കെ.സി.ജോർജ്ജ്, കെ.പി. ഗോപാലൻ, ടി.വി.തോമസ്, പി.കെ.ചാത്തൻ, കെ.ആർ.ഗൗരി, ടി.എ.മജീദ്, പ്രൊഫ.ജോസഫ് മുണ്ടശ്ശേരി, ഡോ. എ.ആർ.മേനോൻ, വി.ആർ.കൃഷ്ണയ്യർ എന്നീ മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു. എല്ലാ മന്ത്രിമാർക്കും വെവ്വേറെ മന്ത്രി മന്ദിരങ്ങളോ, വാഹനങ്ങളോ, ഓഫീസുകളോ ഒന്നും തന്നെ സ്ഥാനമേൽക്കുന്ന സമയത്ത് ഒരുക്കിക്കഴിഞ്ഞിരുന്നില്ല. മുഖ്യമന്ത്രിയും രണ്ടു മന്ത്രിമാരും ഒരു ബംഗ്ലാവിലാണ് കഴിഞ്ഞത്. ഇ.എം.എസ്., ജോസഫ് മുണ്ടശ്ശേരി, ടി.എ.മജീദ് എന്നിവർ ക്ലിഫ് ഹൗസിലും ഡോ. എ.ആർ.മേനോൻ എസ്സൻഡീനിലും, ടി.വി.തോമസ് നളന്ദയിലും വി.ആർ.കൃഷ്ണയ്യർ, കെ.പി. ഗോപാലൻ എന്നിവർ കന്റോൺമെന്റിലും സി.അച്യുതമേനോൻ, പി.കെ. ചാത്തൻ, കെ.സി.ജോർജ്ജ് എന്നിവർ പാർക്ക് വ്യൂയിലും കെ.ആർ.ഗൗരി സാനഡുവിലും താമസിച്ചു.

കേരള സംസ്ഥാനം നിലവിൽ വരുന്നതിന് മുമ്പ് 'എ' ഗ്രേഡിൽപ്പെടുന്ന മദിരാശി സംസ്ഥാനത്ത് മന്ത്രിമാർക്ക് 1000 രൂപയും 'ബി' ഗ്രേഡിൽപ്പെടുന്ന തിരു-കൊച്ചിയിൽ 750 രൂപയുമാണ് ശമ്പളം നിശ്ചയിച്ചിരുന്നത്. പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ 750 രൂപ എന്നത് 500 രൂപയാക്കി കുറച്ചിരുന്നു. ഇ.എം.എസ്. മന്ത്രിസഭ അധികാരത്തിൽ വന്നയുടൻ കമ്മ്യൂണിസ്റ്റുകാരായ മന്ത്രിമാർക്ക് 350 രൂപയും സ്വതന്ത്രരായി മത്സരിച്ച് മന്ത്രിമാരായവർക്ക് 500 രൂപയും ശമ്പളം നിശ്ചയിച്ചു. നിയമസഭാ സാമാജികരുടെ ശമ്പളം 120 രൂപയും സിറ്റിങ് ഫീസ് 15 രൂപയുമായിരുന്നു. സെക്രട്ടേറിയറ്റിന് സമീപമുള്ള സാധാരണ ലോഡ്ജുകളിലായിരുന്നു എം.എൽ.എ.മാർ താമസിച്ചത്.

മന്ത്രിമാരുടെ സത്യപ്രതിജ്ഞയ്ക്ക് ശേഷം 22 ദിവസം കഴിഞ്ഞ് 1957 ഏപ്രിൽ 27 നാണ് ഒന്നാം കേരള നിയമസഭ സമ്മേളിച്ചത്. സ്പീക്കർ തെരഞ്ഞെടുപ്പും സഭാംഗങ്ങളുടെ സത്യപ്രതിജ്ഞയും ഗവർണറുടെ നയപ്രഖ്യാപനവുമായിരുന്നു പ്രധാന കാര്യപരിപാടി. പഴയ തിരു-കൊച്ചി നിയമസഭാ ഹാളിലായിരുന്നു ആദ്യ സമ്മേളനം ചേർന്നത്. തിരു-കൊച്ചി സഭയിൽ 116 ഇരിപ്പിടങ്ങളാണുണ്ടായിരുന്നത്. കേരള നിയമസഭയിൽ 127 അംഗങ്ങൾ (126 അംഗങ്ങളും ഒരു നോമിനേറ്റഡ് അംഗവും) ഉണ്ടായിരുന്നതിനാൽ ഇരിപ്പിടങ്ങളുടെ എണ്ണം കൂട്ടി. നിരീക്ഷണ ഗ്യാലറിയിൽ 90 സീറ്റുകളും സന്ദർശക ഗ്യാലറിയിൽ 200 സീറ്റുകളും പത്ര ഗ്യാലറിയിൽ 40 സീറ്റുകളും ഉദ്യോഗസ്ഥ ഗ്യാലറിയിൽ 44 സീറ്റുകളും സജ്ജീകരിച്ചു. സ്പീക്കറുടെ ഇരിപ്പിടത്തിനു മുകളിലെ തിരുവിതാംകൂർ മഹാരാജാവിന്റെ ചിത്രം മാറ്റി ഗാന്ധിജിയുടെയും നെഹ്റുവിന്റെയും ചിത്രങ്ങൾ വച്ചു. റോസമ്മ പുന്നൂസിന്റെ അദ്ധ്യക്ഷതയിലായിരുന്നു സത്യപ്രതിജ്ഞ. കമ്മ്യൂണിസ്റ്റ് പാർട്ടി 65, കോൺഗ്രസ്സ് 43, പി.എസ്.പി. 9, മുസ്ലീം ലീഗ് 8, സ്വതന്ത്രർ 1, നോമിനേറ്റഡ് അംഗം 1 എന്നിങ്ങനെയായിരുന്നു സഭയിലെ കക്ഷിനില.

സ്പീക്കറായി ആർ. ശങ്കരനാരായണൻ തമ്പിയെ എതിരില്ലാതെ തെരഞ്ഞെടുത്തു. ഇ. ഗോപാലകൃഷ്ണ മേനോനാണ് ശങ്കരനാരായണൻ തമ്പിയുടെ പേര് നിർദ്ദേശിച്ചത്. ടി.സി. നാരായണൻ നമ്പ്യാർ നിർദ്ദേശത്തെ അനുകൂലിച്ചു. മുഖ്യമന്ത്രി ഇ.എം.എസ്സും പ്രതിപക്ഷ നേതാവ് പി.റ്റി. ചാക്കോയും ചേർന്ന് സ്പീക്കറെ ഇരിപ്പിടത്തിലേക്ക് ആനയിച്ചു. വൈകിട്ട് ഗവർണർ ബി. രാമകൃഷ്ണറാവുവിന്റെ നയപ്രഖ്യാപനം സഭയിൽ നടന്നു. ഒന്നാം കേരള നിയമസഭയിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗം, 36 വയസ്സുണ്ടായിരുന്ന ടി.എ. മജീദായിരുന്നു. ഡോ.എ.ആർ.മേനോനായിരുന്നു പ്രായം കൂടിയ അംഗം, 71 വയസ്സ്. ഒന്നാം കേരള നിയമസഭയിൽ പ്രതിപക്ഷം നാല് പ്രാവശ്യം മാത്രമായിരുന്നു വാക്കൗട്ട് നടത്തിയത്. 1958 മാർച്ച് 29 നായിരുന്നു ആദ്യ വാക്കൗട്ട്. എന്നാൽ വാക്കൗട്ട് നടത്തി പത്ത് മിനിറ്റിനു ശേഷം പ്രതിപക്ഷം മറ്റ നിയമസഭാ നടപടികളിൽ പങ്കെടുത്തു. ഒരിക്കൽ പോലും ഒന്നാം കേരള നിയമസഭയിൽ പ്രതിപക്ഷം സഭയുടെ നടുത്തളത്തിൽ ഇറങ്ങി സഭാ നടപടികൾ തടസ്സപ്പെടുത്തിയിട്ടില്ല.

തയ്യാറാക്കിയത് : രാഖി കെ.വി.
സെക്ഷൻ ഓഫീസർ

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

# സഭ പാസ്സാക്കിയ വിശ്വാസ പ്രമേയം



1970 മാർച്ച് 23 ന് കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരേയൊരു തവണ വിശ്വാസപ്രമേയം പാസ്സാകുകയുണ്ടായി. മുഖ്യമന്ത്രിയായിരുന്ന സി.അച്യുതമേനോൻ നിയമസഭയിലവതരിപ്പിച്ച വിശ്വാസപ്രമേയം 58 വോട്ടുകൾക്കെതിരെ 66 വോട്ടുകളുടെ പിന്തുണയോടെ സഭ അംഗീകരിച്ചു. അതിലൂടെ നൂറ്റിനാൽപ്പത്തിമൂന്നു ദിവസം മാത്രം പിന്നിട്ട മന്ത്രിസഭ ചരിത്ര ത്തിലെ തന്നെ വലിയ വെല്ലു വിളി അതിജീവിച്ചു. ഒരു സർക്കാരിന്റെ നിയമസാധുത ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യങ്ങളിലും സഭയിൽ മതിയായ ഭൂരിപക്ഷം ഇല്ലാതെ സർക്കാർ അധികാരത്തിൽ വരുമ്പോഴുമാണ് വിശ്വാസപ്രമേയം അവതരിപ്പിച്ച് സഭയുടെ വിശ്വാസവോട്ട് തേടുന്നത്. വിശ്വാസപ്രമേയം സംബന്ധിച്ച് പ്രത്യേകമായി നിയമസഭാചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിലും പൊതുപ്രാധാന്യമുള്ള സംഗതികൾ ചർച്ച ചെയ്യുന്നതിനായി ലഭിക്കുന്ന നോട്ടീസുകൾ പരിഗണിക്കുന്നതുപോലെയാണ് വിശ്വാസപ്രമേയ നോട്ടീസും പരിഗണിക്കുന്നത്. വിശ്വാസപ്രമേയാവതരണത്തിന് സഭയുടെ അനുമതി ആവശ്യപ്പെടേണ്ടതില്ല. 'മന്ത്രിസഭയിൽ ഈ സഭ വിശ്വാസം രേഖപ്പെടുത്തുന്നു' എന്ന ഒറ്റ വരി പ്രമേയമാണ് അവതരിപ്പിക്കുന്നത്. ഗവൺമെന്റ് കാര്യങ്ങൾക്കായി നീക്കിവച്ച ദിവസങ്ങളിൽ മറ്റുള്ള കാര്യങ്ങളെക്കാൾ ഗവൺമെന്റ് കാര്യത്തിന് മുൻഗണനയുള്ളതിനാൽ അവിശ്വാസപ്രമേയത്തിനും വിശ്വാസപ്രമേയത്തിനും ഒരേ സമയം നോട്ടീസ് ലഭിക്കുന്ന പക്ഷം വിശ്വാസപ്രമേയത്തിന് മുൻഗണന നൽകുന്നു. സ്പീക്കർ സഭാനേതാവുമായി ആലോചിച്ചോ കാര്യോപദേശക സമിതിയുടെ ശിപാർശ പ്രകാരമോ വിശ്വാസപ്രമേയത്തിന്റെ ചർച്ചയ്ക്കായി ഒരു ദിവസമോ ഒന്നിലധികം ദിവസങ്ങളോ അനുവദിക്കുന്നു. വിശ്വാസപ്രമേയം അവതരിപ്പിക്കുന്നതും ചർച്ച ഉപസംഹരിക്കുന്നതും മുഖ്യമന്ത്രിയാണ്.

1969 ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ രാജിവച്ചതിനെ തുടർന്നുണ്ടായ അനിശ്ചിതത്വത്തിനിടയിൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി, ഐ.എസ്.പി., ആർ.എസ്.പി., മുസ്ലീം ലീഗ്, കേരള കോൺഗ്രസ്, കേരള കർഷക പാർട്ടി, കർണ്ണാടക സമിതിയിലെ രണ്ട് അംഗങ്ങൾ ഏതാനും സ്വതന്ത്രർ എന്നിവർ ചേർന്ന് സി.അച്യുതമേനോന്റെ നേതൃത്വത്തിൽ മന്ത്രിസഭ രൂപീകരിച്ചു. 1970 മാർച്ച് 17 ന് സി.അച്യുതമേനോന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിലെ ഭരണകക്ഷി അംഗങ്ങളായിട്ടുള്ള മൂന്ന് എം.എൽ.എ.മാരും നോമിനേറ്റഡ് അംഗമായ എസ്.പി. ലൂയിസും പ്രതിപക്ഷത്തേക്ക് മാറുന്നതായി സ്പീക്കർ ഡി.ദാമോദരൻ പോറ്റിയെ അറിയിച്ചതോടെയാണ് വിശ്വാസപ്രമേയത്തിന് കളമൊരുങ്ങിയത്. മാർച്ച് 18 ന് ധനാഭ്യർത്ഥനയുടെ ചർച്ചയ്ക്കായി സഭ ചേർന്നു. ധനാഭ്യർത്ഥന അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും അംഗങ്ങൾ കൂറുമാറിയ സാഹചര്യത്തിൽ മന്ത്രിസഭയിൽ സഭയ്ക്ക് വിശ്വാസമുണ്ടോയെന്ന് അറിയേണ്ടതുണ്ടെന്നും മുഖ്യമന്ത്രി സി.അച്യുതമേനോൻ സഭയെ അറിയിച്ചു.

വിശ്വാസപ്രമേയം എപ്പോഴാണ് ചർച്ച നടത്തേണ്ടത്, എത്ര ദിവസങ്ങളിലായി ചർച്ച ചെയ്യണം എന്നിവ സംബന്ധിച്ച് കാര്യോപദേശക സമിതിക്കും പാർട്ടി നേതാക്കന്മാർക്കും അഭിപ്രായ ഐക്യത്തിൽ എത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ സ്പീക്കർ എല്ലാ കക്ഷികളുടെയും അഭിപ്രായം പരിഗണിച്ചുകൊണ്ട് തീരുമാനം സഭയിൽ അറിയിക്കുകയുണ്ടായി. പൊതുവെ മൂന്നു ദിവസത്തെ ചർച്ച വേണമെന്നുള്ള അഭിപ്രായമുണ്ടായതിനാൽ 20 ാം തീയതിയും 23 ാം തീയതിയും എന്ന അഭിപ്രായവും 19 ാം തീയതിയും 20 ാം തീയതിയും എന്ന അഭിപ്രായവും പരിഗണിച്ച് 1970 മാർച്ച് 20 ാം തീയതി വെള്ളിയാഴ്ച രാവിലെ എട്ടുമണിമുതൽ ഉച്ചയ്ക്ക് പന്ത്രണ്ടര വരെയും 23 ാം തീയതി തിങ്കളാഴ്ച രാവിലെ ഒൻപത് മുതൽ ഒരു മണി വരെയും ഉച്ചയ്ക്കുശേഷം മൂന്നു മണി മുതൽ ആറു മണി വരെയും ചർച്ച നടത്താമെന്ന തീരുമാനം സഭ കൈക്കൊണ്ടു.

1969 ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ രാജിവച്ചപ്പോൾ സംസ്ഥാനം രാഷ്ട്രപതി ഭരണത്തിലേക്ക് പോകുന്നത് ഒഴിവാക്കാനായി തന്റെ നേതൃത്വത്തിൽ രൂപീകരിച്ച മന്ത്രിസഭ അതുവരെ നടത്തിയ ജനോപകാര പ്രവർത്തനങ്ങൾ എണ്ണിപ്പറഞ്ഞ് സി.അച്യുതമേനോൻ വിശ്വാസപ്രമേയം അവതരിപ്പിച്ചു. വോട്ടെടുപ്പിൽ മന്ത്രിസഭയ്ക്കനുകൂലമായി 66 എം.എൽ.എ.മാരും പ്രതികൂലമായി 58 എം.എൽ.എ.മാരും വോട്ട് ചെയ്തു. സംഘടനാ കോൺഗ്രസ്സിലെ നാല് അംഗങ്ങളും നോമിനേറ്റഡ് അംഗമായ എസ്.പി.ലൂയിസും നിഷ്പക്ഷത പാലിച്ചു. വലത് കമ്മ്യൂണിസ്റ്റ് സ്വതന്ത്രനായ കെ.സി.സഖറിയ സഭയിൽ ഹാജരായില്ല. കേരള കർഷക പാർട്ടിയിലെ ഏക അംഗം എം.എം.തോമസ് മന്ത്രിസഭയെ അനുകൂലിച്ചു. പത്തൊൻപത് വലതു കമ്മ്യൂണിസ്റ്റ് എം.എൽ.എ.മാരും പതിനൊന്ന് ഐ.എസ്.പി. അംഗങ്ങളും ആറ് ആർ.എസ്.പി. അംഗങ്ങളും കേരള കോൺഗ്രസ്സിൽ നിന്നുള്ള അഞ്ച് അംഗങ്ങളും മുസ്ലീം ലീഗിന്റെ പതിനാല് അംഗങ്ങളും കർണ്ണാടക സമിതിയുടെ രണ്ട് അംഗങ്ങളും ഇന്ദിരാ ഗ്രൂപ്പ് കോൺഗ്രസ്സിൽ നിന്നുള്ള അഞ്ച് അംഗങ്ങളും കെ.കെ.പി.യിൽ നിന്ന് ഒരംഗവും സ്വതന്ത്ര എം.എൽ.എ.മാരായ പി.പി.വിൽസൺ, മറ്റപ്പള്ളി മജീദ്, ജെ.സി. മെറൈസ് എന്നിവരും പ്രമേയത്തെ അനുകൂലിച്ച് വോട്ട് രേഖപ്പെടുത്തി. മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നുള്ള നാൽപ്പത്തിയൊൻപത് പേരും എസ്.എസ്.പി.യിൽ നിന്ന് നാല് പേരും, കെ.റ്റി.പി.യിൽ നിന്ന് ഒരംഗവും, കമ്മ്യൂണിസ്റ്റ് വിപ്ലവ പാർട്ടിയിലെ രണ്ട് അംഗങ്ങളും, സ്വതന്ത്ര അംഗങ്ങളായ ചന്ദ്രസേനൻ, എം.കെ.ജോർജ്ജ് എന്നിവരും പ്രമേയത്തെ എതിർത്ത് വോട്ട് രേഖപ്പെടുത്തി. നോമിനേറ്റഡ് അംഗം എസ്.പി.ലൂയിസ് ഗവൺമെന്റിനെ എതിർക്കുകയും പ്രമേയത്തോടുള്ള എതിർപ്പ് രേഖപ്പെടുത്തുകയും ചെയ്തെങ്കിലും വോട്ടെടുപ്പിൽ നിഷ്പക്ഷത പാലിച്ചത് ഭരണപക്ഷത്തേയും പ്രതിപക്ഷത്തേയും ഒരുപോലെ അമ്പരപ്പിച്ചു. സി.പി.ഐ.യിൽ നിന്ന് വിട്ട് പ്രതിപക്ഷത്ത് സീറ്റ് ആവശ്യപ്പെട്ടിരുന്ന കെ.സി.സഖറിയ നിയമസഭാ പരിസരത്തുണ്ടായിരുന്നെങ്കിലും വോട്ടിംഗിൽ പങ്കെടുത്തില്ല. താൻ ഹാജരായാൽ പ്രമേയത്തെ അനുകൂലിച്ച് വോട്ട് രേഖപ്പെടുത്തുമെന്ന് അദ്ദേഹം നേരത്തെ പ്രഖ്യാപിച്ചിരുന്നു.

മാർച്ച് 20 ന് ആരംഭിച്ച് പതിനൊന്നര മണിക്കൂർ നീണ്ട വിശ്വാസപ്രമേയ ചർച്ചക്കുശേഷം മാർച്ച് 23 ന് വൈകുന്നേരം 6 മണിക്ക് പ്രമേയം വോട്ടിനിട്ട് പാസ്സാക്കി. ഭരണകക്ഷി അംഗമായ റ്റി.എ.മജീദാണ് പോൾ ആവശ്യപ്പെട്ടത്. പ്രതിപക്ഷത്തേക്ക് മാറിയതായി സ്പീക്കറെ അറിയച്ചവരിൽ എം.എം.തോമസ് പ്രമേയത്തെ അനുകൂലിച്ചു. ജെ.സി. മെറൈസ്, പി.പി. വിൻസൻ, മറ്റപ്പള്ളി മജീദ് എന്നീ സ്വതന്ത്രരും രണ്ട് കർണ്ണാടകസമിതി അംഗങ്ങളും ഭരണകക്ഷിയോടൊപ്പം നിലകൊണ്ടു. ഭരണകക്ഷി ബഞ്ചുകളിൽ നിന്നുയർന്ന ഹർഷാരവത്തിന്റെയും കരഘോഷത്തിന്റെയും പശ്ചാത്തലത്തിൽ കേരള നിയമസഭയിൽ അവതരിപ്പിച്ച് ചരിത്രത്തിലിടം നേടിയ വിശ്വാസപ്രമേയം എന്ന വലിയ അഗ്നിപരീക്ഷ സി.അച്യുതമേനോൻ നേതൃത്വം നൽകിയ മന്ത്രിസഭ തരണം ചെയ്തു. വിശ്വാസപ്രമേയം ജനാധിപത്യ കീഴ്‌വഴക്കങ്ങളുടെ നഗ്നമായ ലംഘനമാണെന്ന് പ്രതിപക്ഷനേതാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് അഭിപ്രായപ്പെട്ടു. ജനാധിപത്യഭരണം നിലവിൽ വന്നതിനുശേഷം, സംസ്ഥാനത്തെ ഒരു മന്ത്രിസഭയുടെ ഭാവിയിൽ ജനങ്ങൾ ഇതുപോലെ ഉത്കണ്ഠ പ്രകടിപ്പിച്ച മറ്റ് സന്ദർഭങ്ങൾ ഉണ്ടായിട്ടില്ലെന്ന് പറയാം.





ആർ.ശങ്കർ



പി.കെ.കുഞ്ഞ്

# കേരള നിയമസഭയിലെ അവിശ്വാസപ്രമേയങ്ങൾ

ഭാരതത്തിന്റെ ഭരണഘടനയിൽ അവിശ്വാസപ്രമേയത്തെക്കുറിച്ചോ വിശ്വാസപ്രമേയത്തെക്കുറിച്ചോ യാതൊന്നും സൂചിപ്പിക്കുന്നില്ല. എന്നാൽ അനുച്ഛേദം 164(2) പ്രകാരം മന്ത്രിസഭയ്ക്ക് നിയമസഭയോട് കൂട്ടുത്തരവാദിത്വം ഉണ്ടായിരിക്കേണ്ടതാണ്. അതായത് മന്ത്രിസഭയ്ക്ക് അധികാരത്തിൽ തുടരാൻ സഭയിലെ ഭൂരിപക്ഷാംഗങ്ങളുടെ പിന്തുണ ആവശ്യമാണ്. അത്തരത്തിൽ സഭയുടെ പിന്തുണയുണ്ടെന്ന് തെളിയിക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഭരണകക്ഷിക്ക് വിശ്വാസപ്രമേയം കൊണ്ടുവന്ന് അതിൽ വിജയിക്കുകയോ അല്ലെങ്കിൽ പ്രതിപക്ഷം നോട്ടീസ് നൽകുന്ന അവിശ്വാസപ്രമേയത്തെ പരാജയപ്പെടുത്തുകയോ ചെയ്ത് അധികാരത്തിൽ തുടരാം. സഭയ്ക്ക് മന്ത്രിസഭയിലുള്ള വിശ്വാസം അളക്കാനുള്ള ഉപാധികളാണ് അവിശ്വാസപ്രമേയവും വിശ്വാസപ്രമേയവും. അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകുന്നത് പ്രതിപക്ഷമാണെങ്കിൽ വിശ്വാസപ്രമേയം അവതരിപ്പിക്കുന്നത് ഭരണപക്ഷമാണ്. ഒരു മന്ത്രിസഭയ്ക്കെതിരെ അവിശ്വാസ പ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ടുള്ള നോട്ടീസ് ആയത് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന തീയതിക്ക് മൂന്ന് പൂർണ്ണ ദിവസങ്ങൾക്ക് മുമ്പ് നിയമസഭാ സെക്രട്ടറിക്ക് നൽകണമെന്നാണ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണങ്ങളും സംബന്ധിച്ച ചട്ടം 63 ൽ വ്യവസ്ഥ ചെയ്യുന്നത്. സാധാരണഗതിയിൽ ചോദ്യോത്തരവേളയ്ക്ക് ശേഷം നോട്ടീസ് നൽകിയ അംഗം സഭയുടെ അനുമതി തേടും. ഇരുപതിൽ കുറയാതെയുള്ള അംഗങ്ങൾ അനുകൂലിച്ചാൽ മാത്രമേ അവിശ്വാസപ്രമേയത്തിന് അവതരണാനുമതി ലഭിക്കുകയുള്ളൂ. 20 പേരുടെ പിന്തുണ ലഭിക്കാത്തതിനാൽ കേരള നിയമസഭയുടെ ചരിത്രത്തിൽ രണ്ട് തവണ അവിശ്വാസപ്രമേയത്തിന് അനുമതി നിഷേധിക്കുകയുണ്ടായി. 1968 ജനുവരിയിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് മന്ത്രിസഭയ്ക്കെതിരെ കെ.എം.ജോർജ് നോട്ടീസ് നൽകിയ അവിശ്വാസപ്രമേയവും 1974 ഒക്ടോബറിൽ സി.അച്യുതമേനോൻ മന്ത്രിസഭയ്ക്കെതിരെ എ.എൻ.ഗോപാല പിള്ള നോട്ടീസ് നൽകിയ പ്രമേയവും ഇരുപത് പേരുടെ പിന്തുണയില്ലാത്തതിനാൽ സ്പീക്കർ അവതരണാനുമതി നിരസിക്കുകയുണ്ടായി. അനുമതി ലഭിച്ചാൽ പത്ത് ദിവസത്തിനുള്ളിൽ പ്രമേയം ചർച്ചയ്ക്കെടുക്കണം. ചർച്ചയ്ക്കുശേഷമാണ് പ്രമേയം വോട്ടിനിടുന്നത്. നോമിനേറ്റഡ് അംഗത്തിനും അവിശ്വാസപ്രമേയ വോട്ടെടുപ്പിൽ പങ്കെടുക്കാം.

കേരള നിയമസഭയുടെ ചരിത്രത്തിൽ നാളിതുവരെ 16 അവിശ്വാസപ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും ആർ.ശങ്കർ മന്ത്രിസഭയ്ക്കെതിരെ പി.കെ.കുഞ്ഞ് അവതരിപ്പിച്ച അവിശ്വാസപ്രമേയം മാത്രമാണ് പാസായത്. 1964 സെപ്റ്റംബർ 7, 8 തീയതികളിൽ ചർച്ച ചെയ്ത പ്രമേയം വോട്ടിനിട്ടപ്പോൾ 50 നെതിരെ 73 വോട്ടുകൾക്ക് പാസായി. കെ.എം. ജോർജിന്റെ നേതൃത്വത്തിലുള്ള 15 കോൺഗ്രസ് അംഗങ്ങൾ പ്രമേയത്തെ അനുകൂലിച്ച് വോട്ട് രേഖപ്പെടുത്തിയതിനാലാണ് പ്രമേയം പാസായത്.

രണ്ടാം കേരള നിയമസഭയിൽ നാല് അവിശ്വാസപ്രമേയങ്ങളാണ് ചർച്ച ചെയ്തത്.1961 ജൂണിൽ സി.ജി.ജനാർദ്ദനൻ സംസ്ഥാന ചരിത്രത്തിലെ ആദ്യ അവിശ്വാസപ്രമേയത്തിന് നോട്ടീസ് നൽകി. എന്നാൽ നോട്ടീസ് ചട്ടപ്രകാരമല്ലാത്തതിനാൽ അനുമതി നിരസിക്കുകയായിരുന്നു. മന്ത്രിസഭയ്ക്കെതിരെ അവിശ്വാസം രേഖപ്പെടുത്തുന്നതിനു പകരം പി.എസ്.പി. മന്ത്രിമാരായ പട്ടം താണുപിള്ള, കെ.ചന്ദ്രശേഖരൻ, ഡി.ദാമോദരൻ പോറ്റി എന്നിവർക്കെതിരെയായിരുന്നു നോട്ടീസ്. തെറ്റ് തിരുത്തി പട്ടം താണുപിള്ള മന്ത്രിസഭയ്ക്കെതിരെ സി.ജി.ജനാർദ്ദനൻ അവിശ്വാസപ്രമേയ നോട്ടീസ് അടുത്ത ദിവസം നൽകുകയും, പ്രമേയം ചർച്ചയ്ക്കെടുത്ത് വോട്ടിനിടുകയും 30 ന് എതിരെ 86 വോട്ടുകൾക്ക് പരാജയപ്പെടുകയും ചെയ്തു.

പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയ്ക്കെതിരെ 1962 ഒക്ടോബർ 10 ന് സി.അച്യുതമേനോൻ കൊണ്ടു വന്ന അവിശ്വാസപ്രമേയം 29 നെതിരെ 78 വോട്ടുകൾക്ക് പരാജയപ്പെട്ടു. 1963 സെപ്റ്റംബർ 11 ന് ആർ.ശങ്കർ മന്ത്രിസഭയ്ക്കെതിരെ സി.അച്യുതമേനോൻ അവിശ്വാസപ്രമേയം അവതരിപ്പിച്ചെങ്കിലും 65 നെതിരെ 45 വോട്ടുകൾക്ക് പ്രമേയം പരാജയപ്പെട്ടു.

**1964 സെപ്റ്റംബർ 3 ന് ആർ.ശങ്കർ മന്ത്രിസഭയ്ക്കെതിരെ പി.കെ.കുഞ്ഞ് അവതരിപ്പിച്ച പ്രമേയമാണ് കേരള നിയമസഭ നാളിതുവരെ പാസാക്കിയ ഒരേയൊരു അവിശ്വാസപ്രമേയം. അന്ന് വോട്ടിങ്ങിൽ 50 നെതിരെ 73 വോട്ടുകളോടെ പ്രമേയം പാസായി.**

നാലാം കേരള നിയമസഭയുടെ കാലയളവിലായിരുന്നു സംസ്ഥാന ചരിത്രത്തിലെ അഞ്ചാമത്തേയും ആറാമത്തേയും ഏഴാമത്തേയും അവിശ്വാസപ്രമേയങ്ങൾ. സി.അച്യുതമേനോൻ മന്ത്രിസഭയ്ക്കെതിരെ 1971 ഏപ്രിൽ 6 ന് സി.ബി.സി.വാര്യർ അവതരിപ്പിച്ച പ്രമേയം 48 നെതിരെ 69 വോട്ടുകൾക്ക് തള്ളി. അതേ വർഷം തന്നെ സി.അച്യുതമേനോൻ മന്ത്രിസഭയ്ക്കെതിരെ നവംബർ 26 ന് ജോൺ മാഞ്ഞൂരാൻ അവതരിപ്പിച്ച പ്രമേയം 56 നെതിരെ 72 വോട്ടുകൾക്ക് പരാജയപ്പെടുകയും ചെയ്തു. 1972 സെപ്റ്റംബർ 25 ന് ഇതേ മന്ത്രിസഭയ്ക്കെതിരെ ഇ.ബാലാനന്ദൻ അവതരിപ്പിച്ച പ്രമേയം 58 ന് എതിരെ 70 വോട്ടുകൾക്ക് തള്ളി.

ആറാം കേരള നിയമസഭയിൽ കെ.കരുണാകരൻ മന്ത്രിസഭയ്ക്കെതിരെ 1982 ഫെബ്രുവരി 3 ന് എ.സി. ഷൺമുഖദാസ് അവതരിപ്പിച്ച കേരള ചരിത്രത്തിലെ എട്ടാമത്തെ അവിശ്വാസപ്രമേയം പ്രത്യേകതകൾ നിറഞ്ഞതായിരുന്നു. കെ.കരുണാകരൻ മന്ത്രിസഭയ്ക്കെതിരെ അവതരിപ്പിച്ച പ്രമേയം വോട്ടിനിട്ടപ്പോൾ 70 വോട്ടുകൾ നേടി രണ്ട് പക്ഷവും തുല്യത പാലിച്ചു. തുടർന്ന് സ്പീക്കർ എ.സി.ജോസ് ഭരണഘടനാപരമായി തനിക്ക് ലഭിച്ചിട്ടുള്ള അധികാരം ഉപയോഗിച്ച് പ്രമേയത്തിനെതിരെ കാസ്റ്റിങ് വോട്ട് രേഖപ്പെടുത്തുകയും പ്രമേയം 70 നെതിരെ 71 വോട്ടുകളോടെ തള്ളുകയും ചെയ്തു. കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും ഉദ്വേഗഭരിതമായ സംഭവമായിരുന്നു അത്.

ഏഴാം കേരള നിയമസഭയുടെ കാലത്ത് കെ.കരുണാകരൻ മന്ത്രിസഭയ്ക്കെതിരെ 1983, 1985, 1986 എന്നീ വർഷങ്ങളിൽ തുടർച്ചയായി അവിശ്വാസപ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടു. 1983 ഡിസംബർ 19 ന് ബേബി ജോൺ അവതരിപ്പിച്ച പ്രമേയം 63 നെതിരെ 72 വോട്ടുകൾക്ക് പരാജയപ്പെടുകയും 1985 ഏപ്രിൽ 8 ന് എം.വി.രാഘവൻ കൊണ്ടുവന്ന പ്രമേയം 64 നെതിരെ 74 വോട്ടുകൾക്കും 1986 ജൂലൈ 21 ന് പ്രതിപക്ഷ നേതാവ് ഇ.കെ.നായനാർ നോട്ടീസ് നൽകിയ അവിശ്വാസപ്രമേയം 59 നെതിരെ 80 വോട്ടുകൾക്കും പരാജയപ്പെട്ടു.

എട്ടാം കേരള നിയമസഭയിൽ രണ്ട് അവിശ്വാസപ്രമേയങ്ങളാണ് ചർച്ച ചെയ്തത് 1987 നവംബർ 23 ന് ഇ.കെ. നായനാർ മന്ത്രിസഭയ്ക്കെതിരെ വി.എം.സുധീരൻ നോട്ടീസ് നൽകിയ അവിശ്വാസപ്രമേയമായിരുന്നു കേരള നിയമസഭ അഭിമുഖീകരിച്ച പന്ത്രണ്ടാമത് അവിശ്വാസപ്രമേയം. അത് 57 നെതിരെ 79 വോട്ടുകൾക്ക് തള്ളി. ഇ.കെ.നായനാർ മന്ത്രിസഭയ്ക്കെതിരെ 1989 ജനുവരി 4 ന് കെ.ശങ്കരനാരായണൻ കൊണ്ടുവന്ന അവിശ്വാസപ്രമേയം 57 നെതിരെ 79 വോട്ടുകൾക്ക് പരാജയപ്പെട്ടു.

ഒൻപതാം കേരള നിയമസഭയുടെ കാലത്ത് കെ.കരുണാകരൻ മന്ത്രിസഭയ്ക്കെതിരെ 1995 ഫെബ്രുവരി 3 ന് വി.എസ്.അച്യുതാനന്ദൻ കൊണ്ടുവന്ന അവിശ്വാസപ്രമേയം 50 നെതിരെ 87 വോട്ടുകൾക്ക് പരാജയപ്പെട്ടു.

പത്തു വർഷത്തിനുശേഷം 2005 ജൂലൈ 12 ന് ഉമ്മൻ ചാണ്ടി മന്ത്രിസഭയ്ക്കെതിരെ കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയ അവിശ്വാസപ്രമേയം 46 നെതിരെ 82 വോട്ടുകൾക്ക് സഭ തള്ളി.


പതിനഞ്ച് വർഷത്തിനുശേഷം പതിനാലാം കേരള നിയമസഭയുടെ കാലത്ത് പിണറായി വിജയൻ സർക്കാരിനെതിരെ 2020 ആഗസ്റ്റ് 24 ന് അവതരിപ്പിക്കപ്പെട്ട പ്രമേയം കേരള നിയമസഭയിലെ പതിനാറാമത്തെ അവിശ്വാസപ്രമേയമാണ്. പ്രമേയം 40 നെതിരെ 87 വോട്ടുകൾക്ക് പരാജയപ്പെട്ടു.

ഏറ്റവും കൂടുതൽ അവിശ്വാസപ്രമേയങ്ങളെ നേരിട്ട മുഖ്യമന്ത്രി കെ.കരുണാകരനാണ്. 1982, 1983, 1985, 1986, 1995 എന്നീ വർഷങ്ങളിലായി അഞ്ച് അവിശ്വാസപ്രമേയങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സർക്കാർ അതിജീവിച്ചു. ഏറ്റവും കൂടുതൽ അവിശ്വാസപ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടത് രണ്ടാം കേരള നിയമസഭയിലാണ്. പട്ടം താണു പിള്ള, ആർ .ശങ്കർ എന്നിവരുടെ മന്ത്രിസഭയ്ക്കെതിരെ മൊത്തം നാല് അവിശ്വാസപ്രമേയങ്ങളിന്മേൽ ചർച്ച നടത്തുകയുണ്ടായി.

## തിരുവിതാംകൂറിലെ ആദ്യ അവിശ്വാസ പ്രമേയം

ശ്രീമൂലം പ്രജാസഭ ഡെപ്യൂട്ടി പ്രസിഡന്റായിരുന്ന ടി.എം.വർഗീസിനെതിരെയായിരുന്നു തിരുവിതാംകൂറിലെ ആദ്യ അവിശ്വാസ പ്രമേയം

1935 ൽ നിവർത്തന പ്രക്ഷോഭത്തെ തുടർന്ന് അറസ്റ്റിലായ സ്വാതന്ത്ര്യസമരസേനാനി സി.കേശവൻ 1937 ൽ ജയിൽ മോചിതനായതിനെത്തുടർന്ന് അദ്ദേഹത്തിന് വൻ സ്വീകരണമൊരുക്കിയിരുന്നു. സ്വീകരണ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചത് സംയുക്ത രാഷ്ട്രീയ കക്ഷിയുടെ നേതാവ് ടി.എം. വർഗീസായിരുന്നു. അന്ന് ടി.എം. വർഗീസ് മുഴുവൻ തിരുവിതാംകൂർ ജനതയുടെയും പേരിലായിരുന്നു സി.കേശവന് സ്വാഗതം ആശംസിച്ചത്. അതിൽ ക്ഷുഭിതനായ ദിവാൻ സർ സി.പി., ഡെപ്യൂട്ടി പ്രസിഡന്റ് സ്ഥാനത്ത് നിന്ന് ടി.എം. വർഗീസിനെ പുറത്താക്കാൻ അവിശ്വാസ പ്രമേയം കൊണ്ടുവരാൻ തീരുമാനിക്കുകയായിരുന്നു. 1937 നവംബർ 26 ന് അവിശ്വാസപ്രമേയ ചർച്ചയ്ക്കൊടുവിൽ 70 അംഗങ്ങളുണ്ടായിരുന്ന ശ്രീമൂലം പ്രജാസഭയിലെ 42 അംഗങ്ങളും വർഗീസിനെ എതിർക്കുകയും ഉപാധ്യക്ഷ സ്ഥാനത്ത് നിന്ന് അദ്ദേഹം പുറത്താവുകയും ചെയ്തു. ഇതേത്തുടർന്നാണ് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകരിച്ചത്. 1938 ഫെബ്രുവരി 23 ന് സി.വി. കുഞ്ഞുരാമൻ അദ്ധ്യക്ഷനും, പട്ടം താണുപിള്ള പ്രസിഡന്റും പി.എസ്.നടരാജപിള്ള സെക്രട്ടറിയുമായി സ്റ്റേറ്റ് കോൺഗ്രസ്സ് രൂപീകൃതമായി.




# സഭാ ചട്ടങ്ങൾ കാലത്തിനൊപ്പം

പാർലമെന്ററി ജനാധിപത്യ വ്യവസ്ഥിതിയിൽ നിയമനിർമ്മാണസഭകളിലെ നടപടിക്രമങ്ങൾ സുഗമമായി ചട്ടപ്രകാരം നടക്കുമ്പോഴാണ് ജനാധിപത്യപ്രക്രിയ അർത്ഥവത്താകുന്നത്. സഭയുടെ നടത്തിപ്പിനും സഭയിൽ നടക്കുന്ന സ്വതന്ത്ര ചർച്ചകൾ, തുറന്ന സംവാദങ്ങൾ, സുതാര്യമായ വിമർശനങ്ങൾ, സാർത്ഥകമായ അവതരണങ്ങൾ തുടങ്ങിയവയ്ക്കെല്ലാം കൃത്യമായ ചട്ടങ്ങളുടെയും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന റൂളിംഗുകളുടെയും രേഖപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങളുടെയും അനുവർത്തിച്ചുപോരുന്ന കീഴ്‌വഴക്കങ്ങളുടെയും പാർലമെന്ററി മര്യാദകളുടെയും ഒരു ചട്ടക്കൂട് അനിവാര്യമാണ്. നിയമനിർമ്മാണ സഭകളുടെ ചലനാത്മകതയ്ക്ക് ലിഖിതചട്ടങ്ങൾ തയ്യാറാക്കി പാലിക്കുന്ന സമ്പ്രദായം നൂറ്റാണ്ടുകൾക്കു മുൻപുതന്നെ നിലനിന്നിരുന്നു. പാർലമെന്റിന്റെയും സംസ്ഥാന നിയമനിർമ്മാണസഭകളുടെയും നടപടിക്രമവും കാര്യങ്ങളുടെ നടത്തിപ്പും ക്രമപ്പെടുത്തുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാമെന്ന് ഭരണഘടന അനുച്ഛേദം 118, 208 എന്നിവ വ്യവസ്ഥ ചെയ്യുന്നു. മാറുന്ന സാഹചര്യങ്ങൾക്കും ശാസ്ത്രസാങ്കേതിക വിദ്യകളുടെ വളർച്ചയ്ക്കും അനുസൃതമായാണ് സഭയുടെ നടപടിക്രമങ്ങളും സഭയും സാമാജികരും അനുഭവിച്ചുവരുന്ന അവകാശാധികാരങ്ങളും ഉരുത്തിരിഞ്ഞു വന്നിട്ടുള്ളത്. സഭാദ്ധ്യക്ഷന്മാരുടെ ദേശീയസമ്മേളനങ്ങളിൽ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച് ഉയർന്നു വരുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളും സഭാചട്ടങ്ങളുടെ ഭാഗമാക്കാറുണ്ട്. ഇന്ത്യയിലെ നാട്ടുരാജ്യങ്ങൾക്കിടയിൽ ആദ്യമായി നിയമനിർമ്മാണസഭകൾ രൂപീകരിച്ചത് തിരുവിതാംകൂറിലും മൈസൂറിലുമായിരുന്നു. അക്കാരണത്താൽത്തന്നെ സഭയുടെ നടത്തിപ്പും കീഴ്‌വഴക്കങ്ങളും സംബന്ധിച്ച് റെഗുലേഷനുകളും ചട്ടങ്ങളും രൂപീകരിക്കുന്നതിന് കേരളനിയമസഭയ്ക്ക് പാരമ്പര്യവും അനുഭവസമ്പത്തും കൈമുതലായുണ്ട്.

കേരള നിയമസഭ രൂപീകൃതമാകുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന നിയമനിർമ്മാണസഭകളും വ്യക്തമായ ചട്ടങ്ങളുടെയും റെഗുലേഷനുകളുടെയും അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചിരുന്നത്. 1888 മാർച്ച് 30 ന് 'തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ റെഗുലേഷൻ' പാസ്സാക്കിയതോടെയാണ് കേരളത്തിലെ ആദ്യ നിയമനിർമ്മാണ സഭയായ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകൃതമായത്. തുടർന്ന് നിയമനിർമ്മാണ സഭകളിലുണ്ടായ പരിഷ്കാരങ്ങൾക്കനുസൃതമായി റെഗുലേഷൻ ഭേദഗതി വരുത്തി. 1919 ലെ റെഗുലേഷൻ പ്രകാരം പതിനൊന്ന് അനൗദ്യോഗികാംഗങ്ങളിൽ എട്ടു പേരെ തെരഞ്ഞെടുക്കുന്നതിനുള്ള വ്യവസ്ഥ രൂപീകരിക്കുകയും അംഗങ്ങൾക്ക് ബജറ്റിന്മേൽ ചർച്ച ചെയ്യുന്നതിനും നിബന്ധനകൾക്ക് വിധേയമായി സഭയിൽ ചോദ്യം ചോദിക്കുന്നതിനുമുള്ള അവകാശം ലഭിക്കുകയും ചെയ്തു. 1921 ലെ റെഗുലേഷൻ പ്രകാരം കൗൺസിലിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുകയും കൂടുതൽ അധികാരങ്ങൾ നൽകുകയും ചെയ്തപ്പോൾ ചട്ടങ്ങൾ പരിഷ്കരിച്ച് സ്റ്റാൻഡിംഗ് ഓർഡറുകൾ പുറപ്പെടുവിച്ചു.

ശ്രീമൂലം പോപ്പുലർ അസംബ്ലി തെരഞ്ഞെടുപ്പ്, അംഗങ്ങളുടെ യോഗ്യത, നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് 1922 ഫെബ്രുവരി 24 ന് ചട്ടം പുറപ്പെടുവിച്ചു. അംഗങ്ങൾക്ക് കൗൺസിലിൽ സംസാരിക്കുന്നതിന് അവകാശം ലഭിച്ചത് 1930 ജനുവരി 12 ന് ലെജിസ്ലേറ്റീവ് കൗൺസിൽ റെഗുലേഷൻ പരിഷ്കരിച്ചതോടെയാണ്. 1932 ഒക്ടോബർ 28 ലെ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ദ്വിമണ്ഡല സംവിധാനം നിലവിൽ വന്നു. ഇരുസഭകളിലും അംഗങ്ങൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും ധനാഭ്യർത്ഥനകളിൽ കുറവു വരുത്തുന്നതിനും എതിരഭിപ്രായം രേഖപ്പെടുത്തുന്നതിനും ഡെപ്യൂട്ടി പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതിനുമുള്ള വ്യവസ്ഥകളും നിലവിൽ വന്നു. 1933 ൽ ആഡിറ്റ്, അപ്രോപ്രിയേഷൻ അക്കൗണ്ടുകൾ പരിശോധിക്കുന്നതിനായി ചട്ടം 79(1) പ്രകാരം പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി രൂപീകരിച്ചു. 1932 ലെ നിയമസഭാ പരിഷ്കാരങ്ങൾ 1947 ൽ ഉത്തരവാദിത്തഭരണം ഏർപ്പെടുത്തുന്നതുവരെ തുടർന്നു. 1948 മാർച്ച് 24 ന് 'തിരുവിതാംകൂർ ഇന്ററിം കോൺസ്റ്റിറ്റ്യൂഷൻ ആക്ട്' പ്രകാരം നിയമസഭയോട് ഉത്തരവാദിത്തമുള്ള ജനകീയ മന്ത്രിസഭ നിലവിൽ വന്നു. 1948 ൽ പെറ്റീഷൻ കമ്മിറ്റി രൂപീകരിച്ചത് സഭാ ചട്ടങ്ങളിൽ ഉൾപ്പെടുത്തി.

കൊച്ചിയിലും സമാനമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയിരുന്നു. 1923 ലെ കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ ആക്ട് പ്രകാരം 1925 ഏപ്രിലിൽ ലെജിസ്ലേറ്റീവ് കൗൺസിൽ പ്രവർത്തനം തുടങ്ങി. 1926 ജൂലൈ 28 ന് സ്റ്റാൻഡിംഗ് ഫിനാൻഷ്യൽ കമ്മിറ്റിയുടെ രൂപീകരണം, 1938 ലെ കൊച്ചിൻ ഗവൺമെന്റ് ആക്ട് പ്രകാരം ഏർപ്പെടുത്തിയ ദ്വിഭരണം,1946 ലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി രൂപീകരണം, 1947 ലെ ഹൗസ് കമ്മിറ്റിയുടെ സംഘാടനം, എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ചട്ടങ്ങൾ പരിഷ്കരിച്ചു.

1949 ൽ തിരുവിതാംകൂറിലെയും കൊച്ചിയിലെയും മഹാരാജാക്കന്മാർ ഒപ്പുവച്ച 'കവനന്റ്' പ്രകാരം 1949 ജൂലൈ 1 ന് തിരു-കൊച്ചി സംസ്ഥാനം രൂപംകൊണ്ടു. ആ ദിവസം തിരുവിതാംകൂറിലെയും കൊച്ചിയിലെയും നിയമസഭകളിൽ അംഗങ്ങളായിരുന്നവർ തിരു-കൊച്ചി നിയമസഭാംഗങ്ങളായി. അസംബ്ലിയുടെ കൃത്യനിർവ്വഹണത്തിന് തിരു-കൊച്ചി നിയമസഭാ നടപടിക്രമങ്ങളും സ്റ്റാൻഡിംഗ് ഓർഡറുകളും നിലവിൽ വന്നു. അന്ന് നിലവിലുണ്ടായിരുന്ന ധനകാര്യ സമിതികൾക്കുപകരം 1949 ൽ എസ്റ്റിമേറ്റ് കമ്മിറ്റി രൂപീകരിച്ചപ്പോൾ ചട്ടം ഭേദഗതി ചെയ്തു. 1954 ആഗസ്റ്റ് 31 ന് നിലവിലുണ്ടായിരുന്ന ചട്ടങ്ങൾ, 'തിരു-കൊച്ചി നിയമസഭാ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ' എന്ന് പുനഃനാമകരണം ചെയ്തു.

സംസ്ഥാന രൂപീകരണത്തെ തുടർന്ന് ഒന്നാം കേരള നിയമസഭ 1957 ഏപ്രിൽ 1 ന് നിലവിൽ വന്നു. 1956 ലെ സംസ്ഥാന പുനസംഘടന ആക്ടിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അന്ന് നിലനിന്നിരുന്ന തിരു-കൊച്ചി നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ കേരള നിയമസഭയിലും ബാധകമാക്കി. നടപടിക്രമങ്ങൾ പരിഷ്കരിക്കുന്നതിനായി രൂപീകരിച്ച ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് 1959 ഏപ്രിലിൽ സഭയിൽ സമർപ്പിച്ചു. 1959 ജൂലൈ 31 ന് ഒന്നാം കേരള നിയമസഭ പിരിച്ചുവിട്ടതോടെ ഭേദഗതികൾ പാസ്സാക്കുവാൻ കഴിയാതെ വന്നു. രണ്ടാം കേരള നിയമസഭയിലെ റൂൾസ് കമ്മിറ്റി ഭേദഗതി വരുത്തിയ ചട്ടം 1960 സെപ്റ്റംബർ 19 ന് സഭ അംഗീകരിച്ചു. ശനി, ഞായർ, പൊതു ഒഴിവുദിനങ്ങളിൽ സഭ ചേരാൻ പാടില്ല, അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി വെള്ളിയാഴ്ചയല്ലാതെ മറ്റൊരുദിവസം സഭാ നേതാവും പ്രതിപക്ഷ നേതാവുമായി കൂടിയാലോചിച്ച് സ്പീക്കർക്ക് തീരുമാനിക്കാം എന്നിങ്ങനെയുള്ള ഭേദഗതികളാണ് രണ്ടാം കേരള നിയമസഭയുടെ കാലത്ത് ചട്ടത്തിൽ ഉൾപ്പെടുത്തിയത്.

മൂന്നാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതി 1968 ആഗസ്റ്റ് 26 ന് സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സമിതി രൂപീകരിച്ചതും നാലാം കേരള നിയമസഭയുടെ കാലയളവിൽ 1972 സെപ്റ്റംബർ 8 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള സമിതി രൂപീകരിച്ചതും സഭാ ചട്ടങ്ങളിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചു.

നാലാം കേരള നിയമസഭയിലെ ചട്ടങ്ങൾ സംബന്ധിച്ച സമിതി, പാർലമെന്റിലെയും സംസ്ഥാന നിയമനിർമ്മാണസഭകളിലെയും ചട്ടങ്ങൾ ഏകീകരിക്കണമെന്ന് സ്പീക്കർമാരുടെ ദേശീയസമ്മേളനത്തിൽ ഉയർന്നുവന്ന അഭിപ്രായംകൂടി കണക്കിലെടുത്തതിന്റെ അടിസ്ഥാനത്തിൽ 1976 ൽ ചട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തി. ഡെപ്യൂട്ടി സ്പീക്കർ, സഭാ നേതാവ്, പ്രതിപക്ഷ നേതാവ് എന്നീ പദങ്ങളുടെ നിർവ്വചനം, സഭാസമ്മേളന സമയം വെള്ളിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് ശേഷം 1.30 വരെയും വെള്ളിയാഴ്ച ദിവസം രാവിലെ 8.30 മുതൽ ഉച്ചയ്ക്കു ശേഷം 12.30 വരെയുമാക്കി നിശ്ചയിച്ചത് ഈ ഭേദഗതിയിലായിരുന്നു. ചോദ്യങ്ങൾക്കുള്ള നോട്ടീസ് നൽകേണ്ട സമയം 10 ദിവസത്തിൽ നിന്നും 12 ദിവസമായി ഉയർത്തുകയും മന്ത്രിമാർ ഉത്തരങ്ങൾ തയ്യാറാക്കി നൽകുന്നതിനുള്ള സമയം അഞ്ചിൽ നിന്ന് 8 ദിവസമായി ഉയർത്തുകയും സഭയിൽ വാക്കാൽ മറുപടി പറയേണ്ട ചോദ്യങ്ങൾ പരമാവധി 30 എണ്ണമായി നിജപ്പെടുത്തുകയും ചെയ്തു. തിങ്കൾ, ബുധൻ എന്നീ ദിവസങ്ങളിൽ 12.30 മുതൽ 1.00 മണി വരെ അനുവദിച്ചിരുന്ന അരമണിക്കൂർ ചർച്ച ആഴ്ചയിൽ മൂന്നു ദിവസമാക്കിയതും ധനകാര്യ സമിതികളുടെ കാലാവധി രണ്ടുവർഷമാക്കിയതും പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമസമിതിയുടെയും ധനകാര്യ സമിതികളുടെയും അംഗസംഖ്യ 11 ആയും അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി ഒഴികെയുള്ള മറ്റ് സമിതികളുടെ അംഗസംഖ്യ 9 ആയും ഉയർത്തിയതും ഇക്കാലത്തായിരുന്നു. കാര്യോപദേശകസമിതിയുടെ ശിപാർശ പ്രകാരമുള്ള ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് 1976 ഫെബ്രുവരി 17 ന് സഭയിൽ സമർപ്പിച്ചു. ഭേദഗതി നടപ്പിൽ വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം 1976 ജൂൺ 18 ന് പ്രാബല്യത്തിൽ വന്നു.

(ശേഷം പേജ്... 18)


കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ മന്ദിരം


വി.ജെ.ടി ഹാൾ (അയ്യങ്കാളി ഹാൾ)

(...തുടർച്ച പേജ് 17)

അഞ്ചാം കേരള നിയമസഭയിൽ സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം സംബന്ധിച്ച വിഷയം പഠിക്കുന്നതിനായി 1979 മാർച്ച് 14 ന് ഇ.ചന്ദ്രശേഖരൻ നായർ അദ്ധ്യക്ഷനായി പതിനാലംഗ അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റിയുടെ ശിപാർശകൾ സഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയും സഭയും അംഗീകരിച്ചതിനെ തുടർന്ന് അവ കൂടി ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്തു. 1980 ഡിസംബറിൽ റൂൾസ് കമ്മിറ്റി സഭയിൽ സമർപ്പിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രദ്ധക്ഷണിക്കൽ ഒരു ദിവസം ഒന്ന് എന്നത് രണ്ടെണ്ണം അവതരിപ്പിക്കാമെന്നായി.

ആറാം കേരള നിയമസഭയുടെ റൂൾസ് കമ്മിറ്റിയുടെ ആദ്യ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഒരു യോഗത്തിൽ അടിയന്തരപൊതുപ്രാധാന്യമുള്ള സംഗതികളിലേയ്ക്ക് ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നതിന് രണ്ടു സംഗതികൾ ഉന്നയിക്കാമെന്ന വ്യവസ്ഥ ചട്ടം 62 ൽ ഉൾപ്പെടുത്തി. നിയമനിർമ്മാണ സഭകളുടെ ആക്ട് മൂലം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരം ലഭിച്ചിട്ടുള്ള സംഗതിയിൽ അടിയന്തരസ്വഭാവമുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് മുൻപ് സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വയ്ക്കണമെന്നില്ലായെന്നും അപ്രകാരം പുറപ്പെടുവിക്കുന്ന ചട്ടം പിന്നീട് സാധൂകരണത്തിനായി സമിതിക്ക് സമർപ്പിക്കേണ്ടതാണെന്നും ചട്ടം 238 ന്റെ ക്ലിപ്തനിബന്ധനയായി കൂട്ടിച്ചേർത്തു.

ഏഴാം കേരള നിയമസഭയുടെ കാലയളവിൽ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിക്ക് കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ട് 136, 220, 221, 258 എന്നീ ചട്ടങ്ങൾ പരിഷ്കരിച്ചു.

ഒൻപതാം കേരള നിയമസഭയിലെ റൂൾസ് കമ്മിറ്റിയുടെ 1992 ജൂലൈ 16 ന് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശ പ്രകാരം രൂപീകൃതമായ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതി, പരിസ്ഥിതി സമിതി എന്നിവയുടെ ഘടനയും ചുമതലകളും സംബന്ധിച്ച വിവരങ്ങൾ സഭാചട്ടങ്ങളിൽ കൂട്ടിച്ചേർത്തത് 1992 ജൂലൈ 25 ന് പ്രാബല്യത്തിൽ വന്നു. 1993 ജനുവരി 27 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നാക്കസമുദായങ്ങളുടെ ക്ഷേമത്തിനു വേണ്ടിയുള്ള സമിതിയുടെ രൂപീകരണം ഉൾപ്പെടുത്തിയ ഭേദഗതി 1993 ഫെബ്രുവരി 4 ാം തീയതി നിലവിൽ വന്നു. 1995 മാർച്ച് 31 ന് സഭയിൽ സമർപ്പിച്ച റിപ്പോർട്ടിലെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതികൾ എന്ന പേരിൽ സമിതി വേണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ സമിതി രൂപീകരിച്ചതിന്റെ ഫലമായി ബന്ധപ്പെട്ട ചട്ടങ്ങൾ 1995 ഏപ്രിൽ 21 ന് ഭേദഗതി ചെയ്ത് പ്രാബല്യത്തിലാക്കി.

പത്താം കേരള നിയമസഭയുടെ റൂൾസ് കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങളുടെ എണ്ണത്തിൽ നിയന്ത്രണം കൊണ്ടുവന്നു. ഒരംഗത്തിന് ഒരു ദിവസം 5 ചോദ്യങ്ങൾ അനുവദിക്കാവുന്നതാണെന്നും അതിൽ വാക്കാൽ മറുപടി പറയേണ്ട രണ്ട് എണ്ണം പട്ടികയിൽ ഉൾപ്പെട്ടാൽ രേഖാമൂലം മറുപടി ലഭിക്കേണ്ടവ മൂന്നെണ്ണവും വാക്കാൽ മറുപടി പറയേണ്ട ചോദ്യങ്ങൾ ഇല്ലാത്ത പക്ഷം പരമാവധി 5 എണ്ണവും ഉൾപ്പെടുത്താമെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ വരുത്തിയ മാറ്റങ്ങൾ 1997 ഏപ്രിൽ 17 ന് പ്രാബല്യത്തിൽ വന്നു. റൂൾസ് കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ടിൽ ധനകാര്യ സമിതികളുടെ കാലാവധി 30 മാസമായി ഉയർത്തണമെന്നും പ്രിവിലേജ് കമ്മിറ്റിയിൽ എഥിക്സ് സംബന്ധിച്ച വിഷയവും ഉൾപ്പെടുത്തണമെന്നും വികലാംഗരുടെയും മാനസികമായി വെല്ലുവിളി നേരിടുന്നവരുടെയും വിഷയം കൂടി സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പരിധിയിൽ കൊണ്ടുവരണമെന്നുമുള്ള ശിപാർശ സഭ അംഗീകരിച്ചതോടെ തത്സംബന്ധമായ ഭേദഗതി വരുത്തിയ ചട്ടം 1999 ആഗസ്റ്റ് 3 ന് നിലവിൽ വന്നു.

പതിനൊന്നാം കേരള നിയമസഭയിലെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ 2003 ജനുവരി 28 ന് സഭയുടെ മേശപ്പുറത്തു വയ്ക്കുകയും അതിനനുസൃതമായി രൂപീകരിക്കപ്പെട്ട ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി എന്നിവ സംബന്ധിച്ച ചട്ടങ്ങളും ഉൾപ്പെടുത്തി പരിഷ്കരിച്ച പതിപ്പ് 2003 ഫെബ്രുവരി 18 ന് നിലവിൽ വരികയും ചെയ്തു.

പന്ത്രണ്ടാം കേരള നിയമസഭയിലെ ചട്ടങ്ങൾ സംബന്ധിച്ച സമിതി 2008 നവംബർ 25 ന് സഭയിൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കണക്കുകൾ സംബന്ധിക്കുന്ന സി.ആന്റ് എ.ജി.യുടെ റിപ്പോർട്ട് പരിശോധിക്കേണ്ട ചുമതല ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് നൽകണമെന്ന് നിർദ്ദേശിച്ചു. സഭ അത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തത്സംബന്ധമായ ഭേദഗതി ചട്ടങ്ങളിൽ വരുത്തി. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന സമിതി പരിശോധനയ്ക്ക് വിധേയമാക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള നാലാം പട്ടികയും പരിഷ്കരിച്ചു. ഈ ഭേദഗതികൾ 2008 ഡിസംബർ 4 ന് പ്രാബല്യത്തിൽ വന്നു. റൂൾസ് കമ്മിറ്റി



നിയമസഭാ ചേംബർ

2010 മാർച്ച് 31 ന് സമർപ്പിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് ധനകാര്യസമിതിയുടെ പദവി നൽകുകയും അംഗസംഖ്യ പതിനൊന്ന് ആയി നിശ്ചയിക്കുകയും ചെയ്തു.

ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് മന്ത്രിമാരും



സെക്രട്ടേറിയറ്റ് മന്ദിരം

സാമാജികരും അംഗങ്ങളായി രൂപീകരിച്ച അഡ്ഹോക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിനെ ആസ്പദമാക്കി 2010 ൽ ചട്ടങ്ങൾ വീണ്ടും പരിഷ്കരിച്ചു. സഭാസമ്മേളനത്തിന് സമൻസ് അയയ്ക്കുന്നത് 15 ദിവസം മുൻപായിരിക്കണമെന്നും പുതിയ ബില്ലുകൾ മലയാളത്തിൽ മാത്രം അവതരിപ്പിക്കണമെന്നും ചട്ടം ഭേദഗതി ചെയ്തു. ചോദ്യോത്തര നടപടിക്രമത്തിലും സമഗ്രമായ മാറ്റങ്ങൾ ഈ ശിപാർശയിലൂടെ വരുത്തി. ചോദ്യങ്ങൾക്കുള്ള നോട്ടീസ് നൽകുന്നതിനുള്ള കാലാവധി 12 ദിവസങ്ങൾക്ക് മുമ്പ് എന്നത് 10 ദിവസങ്ങൾക്കു മുമ്പ് എന്ന് മാറ്റിയതും നോട്ടീസ് നൽകേണ്ട സമയപരിധി ഉച്ചയ്ക്കുശേഷം 3 മണിക്കു മുമ്പ് എന്നത് ഉച്ചയ്ക്കു 12 മണിക്കു മുമ്പായി എന്ന് വ്യത്യാസപ്പെടുത്തിയതും ഒരംഗത്തിന് ഒരു ദിവസം പരമാവധി നോട്ടീസ് നൽകാവുന്ന ചോദ്യങ്ങളുടെ എണ്ണം അഞ്ചിൽ നിന്ന് ഏഴായി ഉയർത്തിയതും ഉപചോദ്യം ചോദിക്കുന്നതിനുള്ള നവീകരിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയതും ചോദ്യങ്ങൾക്കുള്ള മറുപടി തലേദിവസം 5 മണിക്കു മുമ്പായി നൽകണമെന്നും മറുപടി യഥാസമയം ലഭ്യമാക്കിയില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന വ്യവസ്ഥകളും സബ്ജക്ട് കമ്മിറ്റികളുടെ എണ്ണം പത്തിൽ നിന്ന് പതിനാലായി വർദ്ധിപ്പിച്ചതിന്റെ വ്യവസ്ഥകളും ചട്ടത്തിൽ ഉൾപ്പെടുത്തിയത് ഇക്കാലത്താണ്. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും ക്ഷേമം, പ്രവാസി ക്ഷേമം, യുവജനക്ഷേമവും യുവജനകാര്യവും മുതിർന്ന പൗരന്മാരുടെ ക്ഷേമം എന്നീ വിഷയങ്ങൾ സംബന്ധിച്ച് നാലു സമിതികൾ രൂപീകരിക്കുകയും അത് സംബന്ധിച്ച വിശദാംശങ്ങളും വ്യവസ്ഥകളും സഭാചട്ടങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു.

സഭയ്ക്കുള്ളിലും സഭാസമിതി യോഗങ്ങളിലും സമിതി സന്ദർശനവേളകളിലും പാലിക്കേണ്ട പെരുമാറ്റ രീതികളും നിബന്ധനകളും ക്രോഡീകരിച്ച് അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടം 2010 ൽ പ്രാബല്യത്തിൽ കൊണ്ടുവന്നു. ഇത് സഭാ ചട്ടങ്ങളിൽ അനുബന്ധം II ആയി ഉൾപ്പെടുത്തി. പരിഷ്കരിച്ച ചട്ടങ്ങൾ 2010 ഏപ്രിൽ 8 ന് നിലവിൽ വന്നു.

പതിനാലാം കേരള നിയമസഭയുടെ റൂൾസ് കമ്മിറ്റി ചട്ടങ്ങളിൽ ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയ രണ്ടാമത് റിപ്പോർട്ട് 2018 ഏപ്രിൽ 3 ന് സഭയിൽ സമർപ്പിച്ചു. നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്താനും പുതിയ ചട്ടങ്ങൾ കൂട്ടിച്ചേർക്കുന്നതിനും ശിപാർശ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ വരുത്തിയ മാറ്റങ്ങൾ 2018 ജൂൺ 24 ലെ ബുള്ളറ്റിൻ ആയി പ്രസിദ്ധീകരിച്ചു. സഭാ സമ്മേളനത്തിനുള്ള സമൻസ് ടെലിഗ്രാം മുഖേന അറിയിക്കേണ്ടതാകുന്നുവെന്ന ചട്ടം 3 ലെ വ്യവസ്ഥ ഹ്രസ്വസന്ദേശ സേവനം (എസ്.എം.എസ്) മുഖേനയോ മറ്റേതെങ്കിലും ഇലക്ട്രോണിക് മാധ്യമം മുഖേനയോ അറിയിക്കേണ്ടതാകുന്നു എന്ന് ഭേദഗതി വരുത്തി. സഭ യോഗം ചേരുന്ന സമയം വെള്ളിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 9.00 മണിമുതൽ ഉച്ചയ്ക്ക് 2.00 മണിവരെയും വെള്ളിയാഴ്ച ദിവസങ്ങളിൽ രാവിലെ 9.00 മണിമുതൽ ഉച്ചയ്ക്ക് 12.30 വരെയും ആയി മാറ്റുന്ന രീതിയിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയുമുണ്ടായി. വെള്ളിയാഴ്ച കൂടുന്ന യോഗത്തിന്റെ ഒടുവിലത്തെ രണ്ടര മണിക്കൂർ അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി നീക്കിവച്ചിരുന്നത് രണ്ടു മണിക്കൂറായി ചുരുക്കിക്കൊണ്ടുള്ള ഭേദഗതി ചട്ടങ്ങളിൽ ഉൾപ്പെടുത്തി. ചോദ്യങ്ങൾ സംബന്ധിച്ച നോട്ടീസ് ഓൺലൈൻ ആയി നൽകാമെന്നും വ്യവസ്ഥ ചെയ്തു. ചട്ടം 40 ൽ ഓരോ ദിവസവും വാക്കാൽ മറുപടി പറയുന്നതിനുള്ള ചോദ്യപ്പട്ടികയിൽ ഓരോ അംഗത്തിന്റെയും പേരിലുള്ള ചോദ്യങ്ങൾ അദ്ദേഹത്തിന്റെ പേരിൽ അനുവദിച്ചിട്ടുള്ള ചോദ്യങ്ങളുടെ എണ്ണം അനുസരിച്ച് രണ്ടു തവണ അച്ചടിക്കേണ്ടതാകുന്നു എന്നത് മൂന്നു തവണയിൽ കൂടാതെ അച്ചടിക്കേണ്ടതാകുന്നു എന്ന് ഭേദഗതി ചെയ്തു. അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കുന്ന സമയം ഉച്ചകഴിഞ്ഞ് 12.30 എന്നത് 1.00 മണി എന്നാക്കി മാറ്റി. അടിയന്തര പ്രമേയത്തിന്റെ ചർച്ച അവസാനിപ്പിച്ച് വോട്ടിനിടുന്ന സമയം ഉച്ച കഴിഞ്ഞ് 2.30 എന്നത് 3.00 മണിക്കോ ചർച്ച തുടങ്ങി രണ്ടു മണിക്കൂറിൽ കുറയാതെയുള്ള മറ്റു സമയത്തോ എന്ന് മാറ്റം വരുത്തി. സഭയിൽ ബിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നിടത്ത് ബില്ലിന്റെ മലയാളം പരിഭാഷ പ്രസിദ്ധീകരിക്കുകയും ബിൽ അവതരിപ്പിക്കുന്ന തീയതിക്കു മുൻപ് പകർപ്പുകൾ അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തു. റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനുള്ള സമയപരിധി സംബന്ധിച്ച് പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തി. ചട്ടം 172 ൽ അംഗങ്ങളുടെ ഹാജർ ഇലക്ട്രോണിക് ആയും രേഖപ്പെടുത്താമെന്ന വ്യവസ്ഥ കൂടി ചേർത്തു. ചട്ടം 236 ലെ (5)-ാം ഉപചട്ടത്തിൽ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ കാലതാമസമുണ്ടായതിന്റെ കാരണങ്ങൾ പ്രസ്താവിച്ചിരിക്കുന്നത് തൃപ്തികരമാണോയെന്ന് കമ്മിറ്റി പരിശോധിക്കേണ്ടതാണ് എന്ന വ്യവസ്ഥ ചേർത്തു. ഏതെങ്കിലും ഒരു സർക്കാർ വകുപ്പ് ബജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം മേശപ്പുറത്ത് വയ്ക്കുന്നതിന് പരാജയപ്പെട്ടാൽ ആയത് കാലതാമസത്തിനിടയാക്കിയ കാരണങ്ങൾ സഹിതം മേശപ്പുറത്ത് വയ്ക്കണമെന്നും കാരണങ്ങൾ പ്രസ്താവിച്ചിരിക്കുന്നത് തൃപ്തികരമാണോയെന്ന് സബ്ജക്ട് കമ്മിറ്റി പരിശോധിക്കണമെന്നുമുള്ള വ്യവസ്ഥ 236 (6) ൽ ചേർത്തു.

സ്ത്രീകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ വിഷയപരിധിയിൽ ട്രാൻസ്ജെന്ററുകളെക്കൂടി ഉൾപ്പെടുത്തിയതും ഈ ഭേദഗതിയിലാണ്. കമ്മിറ്റിയുടെ കർത്തവ്യങ്ങളിലും തദനുസരണമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിച്ചു. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങളിലും അധികവ്യവസ്ഥകൾ കൂട്ടിച്ചേർത്തു. സഭയിൽ വെള്ളിയാഴ്ച ദിവസങ്ങളിൽ അനുവദിച്ചു വരുന്ന സബ്മിഷനുകളുടെ എണ്ണം 8 ൽ നിന്ന് 4 ആയി കുറച്ചു. സബ്ജക്ട് കമ്മിറ്റികളെ സംബന്ധിച്ച അഞ്ചാം പട്ടികയിൽ മാറ്റം വരുത്തുകയും സ്പീക്കർ പുതുതായി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു. പുതുക്കിയ ചട്ടങ്ങൾ 2018 ജൂൺ 26 ന് പ്രാബല്യത്തിൽ വന്നു.

കേരളനിയമസഭയുടെ പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കുന്നതുമായി ബന്ധപ്പെട്ട ഇ-നിയമസഭ പദ്ധതി നടപ്പിലാക്കുമ്പോൾ, അതിനനുസൃതമായി ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികളും സഭയിൽ സമർപ്പിക്കുന്നതിനായി സർക്കാർ വകുപ്പുകൾ ലഭ്യമാക്കുന്ന ചട്ടങ്ങൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയ്ക്ക് സമയപരിധി നിശ്ചയിക്കുന്നതിനും നാലാം പട്ടികയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിനുമായി, ബന്ധപ്പെട്ട സമിതികളിൽ നിന്ന് ലഭിച്ച ഭേദഗതികൾ അടങ്ങിയ ചട്ടങ്ങൾ സംബന്ധിച്ച സമിതി (2019-20) യുടെ മൂന്നാമത് റിപ്പോർട്ട് 2021 ജനുവരി 14 ന് സഭയിൽ സമർപ്പിക്കുകയും പരിഷ്കരിച്ച ചട്ടങ്ങൾ 2021 ഫെബ്രുവരി 9 ന് പ്രാബല്യത്തിൽ വരികയും ചെയ്തു. അതനുസരിച്ച്, ചട്ടം 2 ന്റെ ഒന്നാം ഉപചട്ടത്തിൽ ഓൺലൈൻ എന്ന പദം നിർവ്വചിക്കപ്പെട്ടു. നോട്ടീസുകളെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗങ്ങളിൽ രേഖാമൂലം നോട്ടീസ് നൽകാവുന്നതാണ് എന്നത് ഓൺലൈൻ ആയി നൽകാമെന്നും വ്യവസ്ഥ ചെയ്തു. വാക്കാൽ മറുപടി പറയുന്നതിനുള്ള ചോദ്യങ്ങളുടെ പട്ടികയിലെ ചോദ്യങ്ങൾ അംഗത്തിന് അനുവദിച്ചിട്ടുള്ള ചോദ്യങ്ങളുടെ എണ്ണമനുസരിച്ച് അച്ചടിക്കേണ്ടതാകുന്ന എന്ന ചട്ടം 40 ലെ വ്യവസ്ഥയിലും സഭായോഗം റദ്ദാക്കുമ്പോഴോ ബിസിനസ് മാറ്റിവയ്ക്കുമ്പോഴോ ആ ദിവസ

(ശേഷം പേജ്... 19)

(...തുടർച്ച പേജ് 18)

ത്തേയുള്ള എല്ലാ ചോദ്യങ്ങളും അടുത്ത ദിവസത്തെ ചോദ്യങ്ങളായി കരുതുന്നതും ഔദ്യോഗിക റിപ്പോർട്ടിൽ അച്ചടിക്കുന്നതുമാകുന്നു എന്ന ചട്ടം 46 ലെ വ്യവസ്ഥയിലെ 'അച്ചടിക്കുന്നതുമാകുന്നു' എന്ന പദം ഒഴിവാക്കി 'ഉൾപ്പെടുത്തേണ്ടതുമാകുന്നു' എന്ന് ഭേദഗതി ചെയ്തു. അടിയന്തര ചോദ്യങ്ങൾ സംബന്ധിച്ച ചട്ടങ്ങളിൽ അവയ്ക്കുള്ള നോട്ടീസിൽ ഒന്നിൽ കൂടുതൽ അംഗങ്ങൾ ഒപ്പിട്ടിട്ടുള്ളപക്ഷം അത് ആദ്യം ഒപ്പിട്ട ആൾ മാത്രം നൽകിയതായി കരുതപ്പെടേണ്ടതാണ് എന്ന വ്യവസ്ഥ ഒഴിവാക്കി ഒന്നിൽ കൂടുതൽ അംഗങ്ങൾ ചേർന്ന് ഒറ്റ നോട്ടീസ് നൽകുവാൻ പാടുള്ളതല്ല എന്ന ക്ലിപ്തനിബന്ധന ചട്ടം 48(1) ൽ ഉൾപ്പെടുത്തി.

സമിതിയോഗങ്ങളുടെ ക്വാറം സംബന്ധിച്ച ചട്ടം (1) ൽ വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുക്കുന്ന അംഗങ്ങളെയും ഉൾപ്പെടുത്താം എന്ന വ്യവസ്ഥ കൂട്ടിച്ചേർത്തു. കേരള നിയമസഭയുടെ വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഉപയോഗിച്ച് നടത്തുന്ന കമ്മിറ്റിയുടെ യോഗസ്ഥലം നിയമസഭാ സെക്രട്ടേറിയറ്റ് കെട്ടിടത്തിന്റെ പരിസരം എന്ന് കരുതപ്പെടേണ്ടതാണെന്ന ക്ലിപ്ത നിബന്ധന ചട്ടം 192 ൽ ഉൾപ്പെടുത്തി. തെളിവെടുക്കുന്നതിനായി സാക്ഷിയെ വിളിച്ചു വരുത്തുന്നത് സംബന്ധിച്ച ചട്ടം 194(1) ൽ ഒഴിവാക്കാനാകാത്ത പ്രത്യേക സാഹചര്യങ്ങളിൽ കമ്മിറ്റി അനുവദിക്കുന്നപക്ഷം സാക്ഷികൾക്ക് വീഡിയോ കോൺഫറൻസ് വഴി യോഗത്തിൽ പങ്കെടുക്കാവുന്നതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തി.

കമ്പിസന്ദേശം നിലവിലില്ലാത്ത സാഹചര്യത്തിൽ അത് ഒഴിവാക്കി ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻ മുഖേനയുള്ള പരാതികളും കമ്മിറ്റിക്ക് പരിഗണിക്കാവുന്നതാണെന്ന് ചട്ടം 224(4)ലെ വ്യവസ്ഥ ഭേദഗതി ചെയ്തു. സഭയ്ക്കുള്ളിലെ വോട്ടെടുപ്പ് സംബന്ധിച്ച ചട്ടം 301 ൽ ബയോമെട്രിക് എന്ന വാക്കു കൂടി ഉൾപ്പെടുത്തി. നാലാം പട്ടികയിൽ ഇനം 104 മുതൽ 118 വരെയുള്ള സ്ഥാപനങ്ങളുടെ പേര് കൂട്ടിച്ചേർക്കുകയുണ്ടായി.

കേരള നിയമസഭയിൽ ചട്ടങ്ങൾ ഭേദഗതിചെയ്യുന്നതിനോ കൂട്ടിച്ചേർക്കുന്നതിനോ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങൾ സംബന്ധിച്ച സമിതിയെ സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്നു. 11 അംഗങ്ങളുള്ള സമിതിയുടെ എക്സ് ഒഫീഷ്യോ ചെയർമാൻ സ്പീക്കർ ആണ്.

തയ്യാറാക്കിയത് :
ഷീല ടൈറ്റസ്, അണ്ടർ സെക്രട്ടറി



# കേരള സംസ്ഥാനവും രാഷ്ട്രപതിഭരണവും



ചിത്തിര തിരുനാൾ ബാലരാമവർമ്മ



ഗവർണർ ബി രാമകൃഷ്ണ റാവു, മുഖ്യമന്ത്രി ഇ.എം.എസ് എന്നിവർ രാഷ്ട്രപതി എസ്. രാധാകൃഷ്ണനൊപ്പം

ഇന്ത്യൻ ജനാധിപത്യപ്രക്രിയയുടെ പരീക്ഷണശാലയായി കേരള നിയമസഭ വിശേഷിപ്പിക്കപ്പെടുന്നു. 1957 ൽ തെരഞ്ഞെടുപ്പിലൂടെ ഒരു ഇന്ത്യൻ സംസ്ഥാനത്ത് കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരമേറ്റ വാർത്ത ലോകശ്രദ്ധ നേടി. പിന്നീട് കേരളത്തിന്റെ സർവോന്മുഖമായ മാറ്റത്തിന് തിരിതെളിച്ച നിയമനിർമ്മാണങ്ങൾക്ക് ഒന്നാം കേരള നിയമസഭ സാക്ഷ്യം വഹിച്ചു. എന്നാൽ നിലനിന്നുവന്ന വ്യവസ്ഥിതിയിൽ നിയമനിർമ്മാണത്തിലൂടെ ഉരുത്തിരിഞ്ഞ മാറ്റങ്ങൾ ഉൾക്കൊള്ളാൻ ഒരു വിഭാഗത്തിനുണ്ടായ വിമുഖത, ഇന്ത്യൻ പാർലമെന്ററി ചരിത്രത്തിൽ ഭരണഘടനയുടെ 356 ാം വകുപ്പ് ഏർപ്പെടുത്തുന്ന ആദ്യ സംസ്ഥാനം എന്ന ഖ്യാതി കൂടി കേരളത്തിന് സമ്മാനിച്ചു.

കേരള സംസ്ഥാനം രൂപം കൊള്ളുന്നതിനു മുൻപ് തന്നെ തുടങ്ങുന്നതാണ് ഇവിടുത്തെ രാഷ്ട്രപതിഭരണത്തിന്റെ ചരിത്രം. 1956 ൽ തിരു-കൊച്ചിയിൽ ഭരണകക്ഷിയായ കോൺഗ്രസ്സിൽ നിന്ന് അഞ്ചംഗങ്ങൾ രാജിവച്ചതിനെത്തുടർന്നുണ്ടായ രാഷ്ട്രീയ അനിശ്ചിതത്വവും അതിനെത്തുടർന്ന് സ്ഥിരതയുള്ള ഒരു സർക്കാർ രൂപീകരിക്കുന്നതിൽ രാഷ്ട്രീയ പാർട്ടികൾ പരാജയപ്പെടുകയും ചെയ്ത സാഹചര്യത്തിൽ രാജപ്രമുഖ് ചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ നിർദ്ദേശാനുസരണം ആക്ടിങ് ഗവർണ്ണർ പി.എസ്.റാവു തിരു-കൊച്ചി സംസ്ഥാനത്തിൽ രാഷ്ട്രപതി ഭരണത്തിന് ശിപാർശ ചെയ്യുകയുണ്ടായി. 1956 മാർച്ച് 3 ന് തിരു-കൊച്ചിയിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി. ഇതു കൂടി ഉൾപ്പെടുത്തിയാൽ കേരള ചരിത്രത്തിൽ ഇതുവരെ ഒൻപത് രാഷ്ട്രപതിഭരണത്തിനുള്ള വിജ്ഞാപനങ്ങളാണ് ഉണ്ടായിട്ടുള്ളത്. 1956 നവംബർ 1 ന് ഐക്യ കേരളം നിലവിൽ വന്നതോടെ തിരു-കൊച്ചി സംസ്ഥാനത്തുണ്ടായിരുന്ന രാഷ്ട്രപതിഭരണം കേരള സംസ്ഥാനത്തിന് ബാധകമാക്കിക്കൊണ്ട് വിളംബരം പുനഃപുറപ്പെടുവിച്ചു. ഡോ.ബി.രാമകൃഷ്ണ റാവു ആയിരുന്നു ഗവർണ്ണർ. 1957 ഏപ്രിൽ 5 ന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ഒന്നാം കേരള നിയമസഭ നിലവിൽ വന്നതോടെ രാഷ്ട്രപതി ഭരണം അവസാനിച്ചു.

ഏറെ പുരോഗമനാത്മകമായ നിരവധി നിയമനിർമ്മാണങ്ങൾക്കാണ് ഒന്നാം കേരള നിയമസഭ തുടക്കം കുറിച്ചത്.1957 ഡിസംബർ 21 ന് തിരുവിതാംകൂർ-കൊച്ചി, മലബാർ പ്രദേശങ്ങളിലെ ഭൂനിയമങ്ങൾ ഏകീകരിച്ചുകൊണ്ട് കൃഷി വകുപ്പു മന്ത്രി കെ.ആർ. ഗൗരി കർഷകബന്ധബിൽ നിയമസഭയിൽ അവതരിപ്പിച്ചു. സഭയിലും പുറത്തും ശക്തമായ എതിർപ്പുകൾ ബില്ലിന് നേരിടേണ്ടിവന്നു. പലയിടത്തും ജന്മിമാരും കർഷകത്തൊഴിലാളികളും ഏറ്റുമുട്ടി. പലർക്കും ജീവൻ നഷ്ടപ്പെട്ടു. പക്ഷേ കേരളത്തിന്റെ സാംസ്കാരിക വിപ്ലവത്തിന് തുടക്കം കുറിച്ച ആ ബിൽ 1959 ജൂൺ 10 ന് കേരള നിയമസഭ പാസാക്കി. ഇക്കാലത്തുതന്നെയാണ് ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച വിദ്യാഭ്യാസ ബില്ലും കേരള നിയമസഭ പാസാക്കുന്നത്. വിദ്യാഭ്യാസ ബില്ലിലെ ചില വ്യവസ്ഥകൾ വ്യാപക പ്രതിഷേധത്തിന് വഴി തെളിച്ചു. ഒട്ടേറെ നിയമയുദ്ധങ്ങൾക്ക് ശേഷം ബില്ലിലെ ന്യൂനപക്ഷാവകാശങ്ങൾക്ക് വിരുദ്ധമായ ഭാഗം നീക്കിക്കൊണ്ടുള്ള ഭേദഗതിയോടെ 1958 ഡിസംബറിൽ സഭ നിയമം പാസാക്കി. ഈ ബില്ലിനെതിരെ നടന്ന സമരം സർക്കാരിന്റെ പതനത്തിലേക്ക് നയിച്ച വിമോചന സമരത്തിന്റെ ആദ്യ പടിയായി കണക്കാക്കാം. ഇക്കാലയളവിൽ കടത്തുകൂലി വർദ്ധനയ്ക്കെതിരെ നടന്ന ഒരണ സമരവും ആന്ധ്രാ അരി കുംഭകോണത്തിനെതിരെ നടന്ന സമരവും കോൺഗ്രസിനും പ്രതിപക്ഷത്തിനും ഊർജ്ജം പകർന്നു. സർക്കാർ നയങ്ങളും പാസാക്കിയ നിയമങ്ങളും പ്രതിപക്ഷകക്ഷികളെയും മതമേലദ്ധ്യക്ഷൻമാരെയും ഭൂവുടമകളെയും തമ്മിൽ അടുപ്പിച്ചു. അവർ പ്രത്യക്ഷ സമരത്തിന് ആഹ്വാനം ചെയ്തു. 1959 ജൂൺ 12 ലെ കേരള ഹർത്താലോടെയാണ് വിമോചന സമരം ആരംഭിക്കുന്നത്. ജൂൺ 13 ന് അങ്കമാലിയിൽ ഒരു പൊതുയോഗശേഷം ജാഥ നടത്തിയ ജനക്കൂട്ടം പോലീസ് സ്റ്റേഷനിലേക്ക് കല്ലെറിഞ്ഞതിനെത്തുടർന്നുണ്ടായ വെടിവെപ്പിൽ ഏഴുപേരാണ് മരിച്ചത്. ജൂൺ 15 ന് തിരുവനന്തപുരം വെട്ടുകാട് കടപ്പുറത്ത് പോലീസും മത്സ്യത്തൊഴിലാളികളും ഏറ്റുമുട്ടി. തുടർന്നുണ്ടായ വെടിവെപ്പിൽ വെട്ടുകാട് മൂന്നുപേരും തൊട്ടടുത്ത പുല്ലുവിളയിൽ രണ്ടുപേരും കൊല്ലപ്പെട്ടു. ആദ്യം സമരത്തിൽ നിന്നും വിട്ടു നിന്ന ആർ.എസ്.പി. കൂടി ഈ ഘട്ടത്തിൽ സമരത്തിൽ സജീവമായി. മൂന്നാറിലും ചന്ദനത്തോപ്പിലും തൊഴിലാളി സമരങ്ങൾ അടിച്ചമർത്താൻ പോലീസ് ശ്രമിച്ചതും തുടർന്നുണ്ടായ വെടിവെപ്പും മരണങ്ങളും സ്ഥിതി കൂടുതൽ വഷളാക്കി. പള്ളികളിൽ സർക്കാരിനെതിരെ ഇടയലേഖനങ്ങൾ വായിച്ചു. ജൂലൈ 3 ന് തിരുവനന്തപുരം ചെറിയ തുറയിൽ നടന്ന വെടിവെപ്പിൽ ഫ്ളോറി എന്ന ഗർഭിണി മരിച്ചത് പ്രതിഷേധാഗ്നി ആളിക്കത്തിച്ചു. കെ.പി.സി.സി. അദ്ധ്യക്ഷനായിരുന്ന ആർ. ശങ്കറിന്റെ നേതൃത്വത്തിൽ ഒരു സംഘം ജൂലൈ 10 ന് രാഷ്ട്രപതിയെക്കണ്ട് സർക്കാരിനെതിരെയുള്ള കുറ്റപത്രം സമർപ്പിച്ചു. വിമോചനസമരത്തിന്റെ അമരക്കാരനായിരുന്ന മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ അങ്കമാലിയിൽ നിന്നും 'ജീവശിഖാജാഥ' സംഘടിപ്പിക്കുകയും ജൂലൈ 15 ന് സർക്കാരിനെതിരായ നിവേദനം ഗവർണർക്ക് നൽകുകയും ചെയ്തു. ഇതോടെ വിഷയത്തിൽ കേന്ദ്ര സർക്കാർ ഇടപെട്ടു. കേന്ദ്ര നിർദ്ദേശപ്രകാരം ഗവർണർ ബി.രാമകൃഷ്ണറാവു രാഷ്ട്രപതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ കേരളത്തിൽ ക്രമസമാധാനനില തകർന്നിരിക്കുകയാണെന്ന് അറിയിച്ചു. കെ.പി.കേശവമേനോനും കെ.കേളപ്പനും ഈ അനിശ്ചിതാവസ്ഥയ്ക്കെതിരെ സംയുക്ത പ്രസ്താവന നടത്തി.

പ്രധാനമന്ത്രിയെക്കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്താൻ മുഖ്യമന്ത്രി ഇ.എം.എസ്.നമ്പൂതിരിപ്പാട് നിയമമന്ത്രി വി.ആർ.കൃഷ്ണയ്യരെ ചുമതലപ്പെടുത്തി. വി.ആർ. കൃഷ്ണയ്യരുടെ ക്ഷണപ്രകാരം പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും കോൺഗ്രസ് പ്രസിഡന്റ് ഇന്ദിരാ ഗാന്ധിയും കേരളത്തിലെത്തി. അവർ മുന്നോട്ടു വച്ച ആവശ്യങ്ങൾ മന്ത്രിസഭ അംഗീകരിച്ചെങ്കിലും 1959 ജൂലൈ 31 ന്, ഗവർണറുടെ റിപ്പോർട്ട് പരിശോധിച്ച രാഷ്ട്രപതി സർക്കാർ പിരിച്ചുവിട്ട് രാഷ്ട്രപതിഭരണം പ്രഖ്യാപിച്ചു. അങ്ങനെ രാഷ്ട്രപതിയിൽ നിന്നും ഭരണമേറ്റെടുത്ത ഒന്നാം കേരളനിയമസഭ രാഷ്ട്രപതിഭരണത്തിൽ അവസാനിച്ചു. 1960 ഫെബ്രുവരി 22 ന്, ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിലിടം പിടിച്ച 'സഖ്യകക്ഷി സർക്കാർ' ഇടക്കാല തെരഞ്ഞെടുപ്പിനെത്തുടർന്ന് അധികാരത്തിൽ വന്നതോടെ രാഷ്ട്രപതിഭരണം റദ്ദാക്കി.

പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള രണ്ടാം കേരള നിയമസഭയ്ക്ക് തുടക്കം മുതൽ തന്നെ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നു. സഖ്യമുന്നണിക്കകത്തെ പ്രശ്നങ്ങളും ഭരണത്തിന് നേതൃത്വം നൽകിയ കോൺഗ്രസിനുള്ളിലെ ആഭ്യന്തരപ്രശ്നങ്ങളും കുടിയൊഴിപ്പിക്കൽ പ്രശ്നങ്ങളും ഒന്നാം കേരള നിയമസഭ പാസാക്കിയ നിയമങ്ങൾക്കെതിരെയുള്ള സമ്മർദ്ദവും സർക്കാരിനെ അലട്ടി. കോൺഗ്രസ് നേതാക്കളും മുഖ്യമന്ത്രി പട്ടം താണുപിള്ളയും തമ്മിലുള്ള അസ്വാരസ്യങ്ങൾ ഒഴിവാക്കാൻ കേന്ദ്രനേതൃത്വം ഇടപെട്ടു. കേന്ദ്രനേതൃത്വ

(ശേഷം പേജ്... 20)

(...തുടർച്ച പേജ് 19)

ത്തിന്റെ ഇടപെടലിന്റെ ഫലമായി ആർ. ശങ്കറിനെ മുഖ്യമന്ത്രിയാക്കി താൽക്കാലിക പ്രശ്ന പരിഹാരം നടത്തി. 1963 ഡിസംബറിൽ ആഭ്യന്തര മന്ത്രിയായിരുന്ന പി.ടി.ചാക്കോക്കെതിരെ കോൺഗ്രസ്സിൽ നിന്നുണ്ടായ പടയൊരുക്കം പ്രതിപക്ഷം കൂടി ഏറ്റുപിടിക്കുകയുണ്ടായി. രാജി വച്ച പി.ടി. ചാക്കോ 1964 ആഗസ്റ്റ് 1 ന് അന്തരിച്ചു. കോൺഗ്രസ് വിമത പക്ഷവും കമ്മ്യൂണിസ്റ്റ് നേതാക്കളും തമ്മിൽ ചർച്ച നടത്തുകയും സെപ്റ്റംബർ 8 ന് പി.കെ.കുഞ്ഞും സി. അച്യുതമേനോനും മന്ത്രിസഭയ്ക്കെതിരെ അവിശ്വാസപ്രമേയ നോട്ടീസ് നൽകുകയും ചെയ്തു. പ്രമേയം അവതരിപ്പിക്കാൻ അനുവാദം ലഭിച്ചത് പി.കെ.കുഞ്ഞിനായിരുന്നു. അദ്ദേഹം അവതരിപ്പിച്ച പ്രമേയം പാസായി. മറ്റ് കക്ഷികളൊന്നും മന്ത്രിസഭ രൂപീകരിക്കുന്നതിന് അവകാശവാദം ഉന്നയിക്കാതിരുന്ന സാഹചര്യത്തിൽ 1964 സെപ്റ്റംബർ 10 ന് കേരളം വീണ്ടും രാഷ്ട്രപതി ഭരണത്തിലായി. വി.വി. ഗിരിയായിരുന്നു ആ സമയം കേരള ഗവർണ്ണർ. സംസ്ഥാനം ഏറ്റവും കൂടുതൽ കാലം (10.9.64 മുതൽ 6.3.67 വരെ) രാഷ്ട്രപതി ഭരണത്തിലായിരുന്നതും ഈ സമയത്താണ്. 1965 ജനുവരി 12 ന് രാഷ്ട്രപതി ഭരണം നീട്ടിക്കൊണ്ട് വിജ്ഞാപനം വന്നു.

1965 മാർച്ച് 4 ന് നടന്ന ഇടക്കാല തെരഞ്ഞെടുപ്പ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിനു ശേഷം സി.പി.എം, സി.പി.ഐ. വിഭാഗങ്ങൾ പരസ്പരം ഏറ്റുമുട്ടുന്നതിനു കൂടി വേദിയായി. ആർ.ശങ്കർ മന്ത്രിസഭയുടെ പതനശേഷം വിമത കോൺഗ്രസ് അംഗങ്ങളുടെ നേതൃത്വത്തിൽ കേരള കോൺഗ്രസ് രൂപീകൃതമാകുകയും കോൺഗ്രസ് - കേരള കോൺഗ്രസ് പോരാട്ടം നടക്കുകയും ചെയ്തു. തെരഞ്ഞെടുപ്പ് സമയത്ത് രാജ്യരക്ഷാ നിയമമനുസരിച്ച് തടങ്കലിലായിരുന്ന സി.പി.എം. അംഗങ്ങളിൽ 39


ജീവശിഖാ ജാഥ

പേർ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും 29 പേർ വിജയിക്കുകയും ചെയ്തു. കോൺഗ്രസിന് 36 സീറ്റ് ലഭിച്ചപ്പോൾ കേരള കോൺഗ്രസിന് 24 സീറ്റ് ലഭിച്ചു. സി.പി.ഐ.ക്കൊപ്പം മത്സരിച്ച എസ്.എസ്.പിക്ക് 13 സീറ്റ് ലഭിച്ചപ്പോൾ സി.പി.ഐ ക്ക് 3 സീറ്റുകൾ കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. മുസ്ലീം ലീഗിന് 6 സീറ്റും സ്വതന്ത്രന് ഒരു സീറ്റും ലഭിച്ച തെരഞ്ഞെടുപ്പിൽ കൂട്ടുകക്ഷി മന്ത്രിസഭയ്ക്ക് ഒരു സാധ്യതയും ഇല്ലാതെ വന്നതോടെ 1965 മാർച്ച് 23 ന് രാഷ്ട്രപതിഭരണം നീട്ടിക്കൊണ്ട് പുതിയ വിജ്ഞാപനം വന്നു. വി.വി. ഗിരിയായിരുന്നു ഗവർണ്ണർ. 1967 ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പിനു ശേഷം ഇ.എം. എസിന്റെ നേതൃത്വത്തിൽ സപ്തകക്ഷി മന്ത്രിസഭ രൂപീകരിച്ചതിനെത്തുടർന്ന് 1967 മാർച്ച് 6 ന് രാഷ്ട്രപതി ഭരണം അവസാനിപ്പിച്ചു കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു.

സപ്തകക്ഷി മുന്നണി അധികാരമേറ്റ് മൂന്നു മാസത്തിനകം തന്നെ മദ്യനിരോധനം നീക്കുന്നതിനുള്ള നടപടി കൈക്കൊണ്ടത് മുസ്ലീം ലീഗിന്റെ പ്രതിക്ഷേധത്തിന് വഴിവച്ചു. സി.പി.എം.ന്റെ നിലപാടുകൾക്കെതിരെയും മന്ത്രിമാരുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ ഉന്നയിക്കാനും മന്ത്രിസഭയിലെ ഘടകകക്ഷികൾ തന്നെ മുന്നോട്ടുവന്നു. മന്ത്രിമാർക്കെതിരെ തുടരെ അഴിമതിയാരോപണങ്ങൾ ഉണ്ടായപ്പോൾ ഇ.എം. എസ്. മന്ത്രിസഭ രാജിവയ്ക്കുകയും ഗവർണ്ണറുടെ നിർദ്ദേശപ്രകാരം കാവൽ മന്ത്രിസഭയായി തുടരുകയും ചെയ്തു. തുടർന്ന് നവംബർ 1 ന് സി.അച്യുതമേനോന്റെ നേതൃത്വത്തിൽ മന്ത്രിസഭ രൂപീകരിച്ചു. ഭരണത്തിലേറി എട്ടു മാസത്തിനു ശേഷം പുതിയ തെരഞ്ഞെടുപ്പിന് ശിപാർശ ചെയ്തുകൊണ്ട് നിയമസഭ പിരിച്ചുവിടാൻ മുഖ്യമന്ത്രി ഗവർണ്ണറായ വി.വിശ്വനാഥനോട് ആവശ്യപ്പെട്ടു. തുടർന്ന് 1970 ജൂൺ 26 ന് നിയമസഭ പിരിച്ചുവിട്ടു. 1970 ആഗസ്റ്റ് 1 ന് മന്ത്രിസഭ രാജിവച്ചു. 1970 ആഗസ്റ്റ് 4 ന് രാഷ്ട്രപതി ഭരണമേർപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം വന്നു. 1970 ഒക്ടോബർ 4 ന് സി.അച്യുതമേനോന്റെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ അധികാരമേറ്റതോടെ രാഷ്ട്രപതിഭരണം റദ്ദാക്കി.

1977 മാർച്ച് അഞ്ചിനു നടന്ന അഞ്ചാം കേരള


വി.വിശ്വനാഥൻ


വി.വി.ഗിരി


ജോതി വെങ്കിടചെല്ലം

നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് നേതൃത്വം നൽകിയ ഐക്യമുന്നണി അധികാരത്തിലെത്തി. ഐക്യ മുന്നണിയിൽ സി.പി.ഐ. യും അംഗമായിരുന്നു. മുഖ്യമന്ത്രി കെ. കരുണാകരൻ 31 ദിവസത്തിനു ശേഷം രാജിവയ്ക്കുകയും എ.കെ. ആന്റണി മുഖ്യമന്ത്രിയായി സ്ഥാനമേൽക്കുകയും ചെയ്തു. തുടർന്ന് ഒന്നര വർഷത്തിനു ശേഷം കോൺഗ്രസ് പാർലമെന്ററി ബോർഡ് നിലപാടിൽ പ്രതിഷേധിച്ച് എ.കെ. ആന്റണി രാജിവയ്ക്കുകയും പി.കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയാകുകയും ചെയ്തു. ദേശീയ തലത്തിലുണ്ടായ സംഭവ വികാസങ്ങളെത്തുടർന്ന് ഇടതുപാർട്ടികൾ തമ്മിൽ അടുക്കുന്നത് ഈ കാലഘട്ടത്തിലാണ്. കേരള ഭൂപരിഷ്കരണ ബിൽ (ഇഷ്ടദാന ബിൽ) സംബന്ധിച്ച തർക്കത്തിൽ സി.പി.ഐ., ആർ.എസ്. പി., സി.പി.എം. എന്നിവ ഒരുമിച്ചുനിൽക്കുകയും ഐക്യ ജനാധിപത്യ മുന്നണിയുടെ ഭാഗമായി നിന്ന പി.കെ.വി. മന്ത്രിസഭ രാജിവയ്ക്കുകയും ചെയ്തു. പകരം സി.എച്ച്. മുഹമ്മദ് കോയയുടെ നേതൃത്വത്തിൽ 1979 ഒക്ടോബർ 12 ന് മന്ത്രിസഭ രൂപീകരിച്ചെങ്കിലും രണ്ട് മാസത്തിനുള്ളിൽ തന്നെ സർക്കാരിനുള്ള പിന്തുണ കെ.എം. മാണിയും എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് (യു) വും പിൻവലിച്ചതോടെ മന്ത്രിസഭ പിരിച്ചുവിടാനുള്ള സി.എച്ച്. മുഹമ്മദ്കോയയുടെ നിർദ്ദേശം ഗവർണർ ജോതി വെങ്കിടചെല്ലം അംഗീകരിക്കുകയും 1979 ഡിസംബർ 5 ന് രാഷ്ട്രപതിഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് ആറാം കേരള നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി 1980 ജനുവരി 25 ന് അധികാരമേറ്റെടുത്തതോടെ രാഷ്ട്രപതി ഭരണം പിൻവലിച്ചു.

അസാധാരണമായ സമരങ്ങൾക്ക് കേരള നിയമസഭ സാക്ഷിയായിരുന്ന കാലഘട്ടമായിരുന്നു ആറാം കേരള നിയമസഭ. ഇ.കെ.നായനാർ നേതൃത്വം നൽകിയിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിൽ അംഗങ്ങളായിരുന്ന കേരള കോൺഗ്രസും (മാണി ഗ്രൂപ്പ്) കേരള കോൺഗ്രസ്സ്(യു) വും പിന്തുണ പിൻവലിച്ചതോടെ ഭൂരിപക്ഷം നഷ്ടപ്പെട്ട മന്ത്രിസഭ 1981 ഒക്ടോബർ 20 ന് രാജിവച്ചു. 1981 ഒക്ടോബർ 21 ന് രാഷ്ട്രപതി ഭരണമേർപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ മന്ത്രിസഭ പിരിച്ചു വിടാതെ 'suspended animation' ൽ നിർത്തുന്ന നടപടിയായിരുന്നു അന്ന് കൈക്കൊണ്ടത്. അതിനാൽ തന്നെ പുതുതായി ഉരുത്തിരിഞ്ഞ രാഷ്ട്രീയ സഖ്യത്തിന്റെ ചുവടുപിടിച്ച് 1981 ഡിസംബർ 28 ന് തെരഞ്ഞെടുപ്പ് കൂടാതെ കെ. കരുണാകരന്റെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ അധികാരമേറ്റു. അതോടെ രാഷ്ട്രപതിഭരണം റദ്ദാക്കിക്കൊണ്ടുള്ള വിജ്ഞാപനവും വന്നു.

കെ.കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന ആറാം കേരള നിയമസഭയിലെ ഭരണപക്ഷ അംഗബലവും പ്രതിപക്ഷ അംഗബലവും എഴുപത് വീതമായിരുന്നു. തുടരെത്തുടരെ മന്ത്രിസഭക്കെതിരെ അവിശ്വാസ പ്രമേയം അവതരിപ്പിക്കപ്പെട്ടു. സ്പീക്കറായിരുന്ന എ.സി. ജോസിന്റെ കാസ്റ്റിംഗ് വോട്ട് മന്ത്രിസഭയെ താങ്ങി നിർത്തിയത് ചരിത്രമാണ്. പക്ഷേ കേരള കോൺഗ്രസ് എം. അംഗമായിരുന്ന ലോനപ്പൻ നമ്പാടൻ പാർട്ടി വിടുകയും ഭരണമുന്നണിക്കുള്ള പിന്തുണ പിൻവലിക്കുകയും ചെയ്തതോടെ ഭൂരിപക്ഷം നഷ്ടപ്പെട്ട സർക്കാർ 1982 മാർച്ച് 17 ന് രാജിവച്ചു. തുടർന്ന് രാഷ്ട്രപതി ഭരണം നിലവിൽ വന്നു. ജോതി വെങ്കിടചെല്ലമായിരുന്നു അവസാന രണ്ട് രാഷ്ട്രപതി ഭരണ സമയത്തെയും ഗവർണ്ണർ. 1982 മെയ് 24 ന് ഏഴാം കേരള നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച് കെ. കരുണാകരൻ മുഖ്യമന്ത്രിയായി ചുമതലയേറ്റതോടെ ഇതുവരെയുള്ള കേരള ചരിത്രത്തിലെ അവസാന രാഷ്ട്രപതി ഭരണത്തിന് തിരശീല വീണു.

## രാഷ്ട്രപതി ഭരണം

ഫെഡറൽ സംവിധാനമനുസരിച്ച് ഇന്ത്യൻ യൂണിയന്റെ ഭരണഘടനാത്തലവൻ രാഷ്ട്രപതിയാണ്. ഭരണഘടനാനുസൃത ഭരണമാണ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നടക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ട ബാദ്ധ്യത രാഷ്ട്രപതിക്കുണ്ട്. ഏതെങ്കിലും സംസ്ഥാനം ഭരണഘടനാ ബാദ്ധ്യത നിലനിർത്തിക്കൊണ്ട് ഭരണം നടത്തുന്നതിൽ പരാജയപ്പെട്ടാൽ രാഷ്ട്രപതിക്ക് ഭരണത്തിൽ ഇടപെടാനുള്ള അവസരം ഭരണഘടനയുടെ 356 ാം വകുപ്പ് പ്രദാനം ചെയ്യുന്നു. സംസ്ഥാന ഗവർണറുടെ റിപ്പോർട്ടനുസരിച്ചോ സംസ്ഥാന സാഹചര്യം സ്വയം മനസിലാക്കിയോ ആണ് അനുച്ഛേദം 356 പ്രയോഗിക്കുക. ഇത്തരം അവസരങ്ങളിൽ ആ സംസ്ഥാനത്തെ സർക്കാരിന്റെയോ ഗവർണറുടെയോ ചുമതലകൾ പൂർണമായോ ഭാഗികമായോ രാഷ്ട്രപതിക്ക് ഒരു വിളംബരം വഴി സ്വയം ഏറ്റെടുക്കാവുന്നതാണ്. നിയമസഭ പിരിച്ചുവിടാനോ സസ്പെൻഡ് ചെയ്തു വയ്ക്കുന്നതിനോ ഉള്ള അധികാരം ഭരണഘടന രാഷ്ട്രപതിക്ക് നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാന ഹൈക്കോടതികളുടെ നിയന്ത്രണം ഇതിൽ ഉൾപ്പെടുന്നില്ല. സംസ്ഥാന നിയമസഭയുടെ അധികാരങ്ങൾ പാർലമെന്റിൽ നിക്ഷിപ്തമാക്കാവുന്നതുമാണ്. കൂടാതെ സംസ്ഥാന ഭരണവുമായി ബന്ധപ്പെട്ട ഭരണഘടനാ വ്യവസ്ഥകൾ ഈ കാലത്ത് പൂർണമായോ ഭാഗികമായോ നിർത്തിവയ്ക്കാവുന്നതാണ്. വളരെ സങ്കീർണമായ ഒരു പ്രക്രിയയാണ് ഇതുമായി ബന്ധപ്പെട്ട് ഭരണഘടനാ വിശാരദൻമാർ തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാന ഭരണം ഏറ്റെടുത്തുകൊണ്ടുള്ള ഭരണഘടനയുടെ 356 ാം വകുപ്പ് പ്രകാരമുള്ള വിളംബരം പാർലമെന്റിന്റെ ഇരു സഭകളിലും വയ്ക്കേണ്ടതും പ്രമേയം മുഖേന ഇരു സഭകളും അംഗീകരിക്കേണ്ടതുമുണ്ട്. ഇപ്രകാരം അംഗീകരിക്കാത്ത പക്ഷം ആ വിളംബരത്തിന് പ്രാബല്യം നഷ്ടമാകുന്നതാണ്. രാഷ്ട്രപതിയുടെ വിളംബരം പുറപ്പെടുവിച്ച് രണ്ടു മാസത്തിനകം തന്നെ പാർലമെന്റ് ഇതംഗീകരിക്കുന്ന പ്രമേയം പാസാക്കേണ്ടതുണ്ട്. ലോക്സഭ പിരിച്ചു വിട്ടിട്ടുള്ള, നിശ്ചിത കാലയളവിനുള്ളിൽ വിളംബരം അംഗീകരിച്ചുകൊണ്ടുള്ള പ്രമേയം പാസ്സാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഇപ്രകാരം വിളംബരം പുറപ്പെടുവിച്ചിട്ടുള്ളതെങ്കിൽ ആ പ്രമേയം രാജ്യസഭ ആദ്യം പാസാക്കുകയും പുനഃസംഘടനക്ക് ശേഷം ലോക്സഭ ആദ്യമായി ചേരുന്ന ദിവസം മുതൽ മുപ്പത് ദിവസത്തിനകം വിളംബരം അംഗീകരിക്കുന്ന പ്രമേയം പാസാക്കുകയും വേണം. ഇങ്ങനെ ഇരുസഭകളും പ്രമേയത്തിലൂടെ രാഷ്ട്രപതിയുടെ വിളംബരം അംഗീകരിച്ചാലും വിളംബരം പുറപ്പെടുവിച്ച് ആറുമാസത്തിനകം രാഷ്ട്രപതി ഭരണം തുടരുന്നതിനുള്ള പ്രമേയം ഇരുസഭകളും അംഗീകരിക്കാത്ത പക്ഷം ആറുമാസം പൂർത്തിയാകുന്ന മുറയ്ക്ക് വിളംബരത്തിന്റെ പ്രാബല്യം നഷ്ടമാകും. ഇപ്രകാരം ഓരോ ആറ് മാസം കൂടുമ്പോഴും വിളംബരം നീട്ടാനുള്ള പ്രമേയം അംഗീകരിക്കുന്നതിന് ഇരു സഭകൾക്കും അവകാശം ഉണ്ടെങ്കിലും പരമാവധി മൂന്നു വർഷം മാത്രമേ ഇത് പ്രയോഗിക്കാനാകൂ. ഓരോ ആറു മാസത്തേക്കും വിളംബരം നീട്ടിക്കൊണ്ടിരിക്കുന്ന ഈ മൂന്നു വർഷക്കാലയളവിൽ എപ്പോഴെങ്കിലും ലോക്സഭ പിരിച്ചുവിടപ്പെട്ടാൽ മുൻപ് സൂചിപ്പിച്ചതു പോലെ ലോക്സഭ പുനസംഘടനയ്ക്കു ശേഷം ആദ്യം ചേരുന്ന ദിവസം മുതൽ മുപ്പത് ദിവസത്തിനകം വിളംബരം നീട്ടുന്ന പ്രമേയം അംഗീകരിച്ചിരിക്കണം. രാജ്യത്ത് പൂർണമായോ ഭാഗികമായോ അടിയന്തരാവസ്ഥ നിലനിൽക്കുകയോ അല്ലെങ്കിൽ ആ സമയത്ത് തെരഞ്ഞെടുപ്പ് നടത്താൻ കഴിയാത്ത സാഹചര്യമാണെന്ന് ബന്ധപ്പെട്ട സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് കമ്മീഷൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്താൽ മാത്രമേ ഒരു വർഷത്തിൽ കൂടുതൽ രാഷ്ട്രപതി ഭരണം നീട്ടുന്ന പ്രമേയത്തിന് സാധുതയുള്ളൂ. നാൽപത്തിനാലാം ഭരണഘടനാഭേദഗതി പ്രകാരം രാഷ്ട്രപതി ഭരണം ജ്യൂഡീഷ്യൽ റിവ്യൂവിന് വിധേയമാണ്.

**തയ്യാറാക്കിയത് : മഞ്ജു യു.,**
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

“Printed and Published by S.V.Unnikrishnan Nair, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Orange Printers(Pvt.) Limited, Gandhari Amman Kovil Road, Thiruvananthapuram and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O. Thiruvananthapuram 695033, Editor P.Sreeramakrishnan”.